


# ഓണോപഹാരം
# Onopaharam 2013

സിംഗപ്പൂർ മലയാളി അസോസിയേഷൻ

SINGAPORE MALAYALEE ASSOCIATION

**Singapore Malayalee Association**
**Annual Publication**

# Malabar Gold & Diamonds

wishes you Happy Onam

Coming to your city this October

Malabar Gold & Diamonds, Arya Samaj Building
Opp. Mustafa Center, 114, Syed Alwi Road,
Singapore 207682






Email: care.malabargoldanddiamonds.com
www.malabargoldanddiamonds.com

MALABAR
GOLD & DIAMONDS

CELEBRATE THE BEAUTY OF LIFE

OVER 95 BRANCHES SPREAD ACROSS UAE, OMAN, SAUDI ARABIA, BAHRAIN, KUWAIT, QATAR & INDIA

**Singapore Malayalee Association**



**Editorial Team**
Krishnakumar M
Krishnaveni J
N Jayakumar BBM
(Vice President, SMA)
Padma Kumar
Padma Nayar
Ullas Kumar C S
Dinesh Kumar
Geethakrishnan
Muralidharan V V
Prem P S
Pia Jayakumar
Rajesh Kumar R K
(Ex-Officio)
Dileep
Chandana Dileep
Anil Kumar

**Advisor**
Koshy PK
President SMA

The views and opinions expressed or implied in ONOPAHARAM 2013 are those of the authors or contributors and do not necessarily reflect those of the Singapore Malayalee Association, its trustees, committee members or general membership.



**Singapore Malayalee Association**
44, Race Course Road
Singapore 281558
Tel: 6293 9195
Fax: 6392 8009
Web: www.malayalee.org.sg



Cover page painting by
Dileep


Onam has a very popular myth associated with it, that of the rule of the great and just king, Mahabali, him being banished to the nether worlds through rather nefarious means by the Powers that be and his annual return to visit his once dear subjects.

Human psyche has a special place for myths, legends, folklore and fables. Myths grant continuity and stability to a culture. They foster a shared set of perspectives, values, history -- and literature, in the stories themselves. Myths present guidelines for living. More interestingly, myths justify a culture's activities. Through their authoritativeness and the respected characters within them, myths establish a culture's customs, rituals, laws, social structures, power hierarchies, etc. Myths also explain the unexplainable and offer role models. Most importantly, myths give meaning to life. In our difficulties, the pain is more bearable because we believe that the trials have meaning.

This is especially true in a modern life, will its very real lack of connectedness with one's own roots, while being connected all the time through the modern networking tools like Facebook, twitter and what not. Myths have added significance for the migrants, who are transplanted from their roots to a remote and alien soil. Our Singapore Onam celebrations take its significance from this perspective too, amongst others. This is also true for Malayalees worldwide and perhaps show its veritude by the huge popularity of such celebrations in Singapore in almost all corners of Singapore, in spite of the fact Malayalees are a small minority here, taht too lasting 2-3 months. SMA's celebrations take different dimensions with the Onam Nite and Onam Village events. The former is a mega professional event, this year with the greatest living Malayalam playback legend, Yesudas, being amongst us, to mesmerize us with his golden voice.

Onopaharam provides an opportunity for the Malayalees of Singapore, as well some of our friends from overseas to vent their literary and artistic self expression. This year we wanted to investigate, "what it means to be a Malayalee in Singapore" and made a small beginning. We will pursue this topic further in future issues. We are gratified with the contributions that show that out culture and traditions are live and well. In Singapore, Onopaharam is much interested in promoting, our language, our art and culture and our traditions. We sincerely hope that more of our own second and later generations imbibe the Malayalee culture and values. Learning the language and expressing in it, is surely one of the finest ways.

മലയാളി മനസ്സിന്റെ വർണോൽസവമാണ് ഓണം. അത്തപ്പൂക്കളത്തിന്റേയും, വള്ളം കളിയുടേയും, ഗതകാല സ്മരണകളുടേയും, പ്രത്യേകിച്ചും പ്രവാസികൾക്ക് ഗൃഹാതുരതയുടേയും സമയം. സ്വപ്ന സാക്ഷാത്കാരവും, സൌഹൃദത്തിന്റേയും, ശാന്തിയുടേയും, സന്തോഷത്തിന്റേയും പൂക്കളങ്ങൾ എല്ലാവരുടേയും മനസ്സിൽ വിരിയട്ടെ എന്ന ഹൃദയംഗമമായ ആശംസകളോടെ,

കൃഷ്ണ കുമാർ
എഡിറ്റർ


Cadbury
DAIRY MILK
Extra
JOY
Delicious
Whole Nuts
Cadbury
10% Extra JOY
Cadbury
DAIRY MILK
FRUIT & NUT
10% Extra JOY
Cadbury
DAIRY MILK
HAZELNUT

# TABLE OF CONTENTS


REGULARS
1 Editorial
5 Message by Guest of Honour, Mr S R Nathan, Former President of Singapore
7 Message by Mr PK Koshy, President, Singapore Malayalee Association
9 Message by Mr Gopinath Pillai BBM, BBM(L), Advisor, SMA
11 Message by Mr MM Dollah, Advisor, SMA
12-13 Management Committee, SMA
13-16 SMA Committees
86-7 Malayalee Achievers of Singapore: 2012- 13
84-5 Onam Greetings
98 Farewell
104 Acknowledgements

FEATURES - ENGLISH
30 "A Bi-Centenary Information-Maalika on Swathi Thirunal" by Dr Achuthsankar S Nair
50 "Taxi" by G P Sasidharan
53 "A FAMILY'S LIFE LONG SOJOURN" by Dr Mukundan Nair
58 "The Anomalous Immigrant" by Hari Kumar
59 "The Permanent Resident" by Hari Kumar
62 "The Human Hand " by Dr V P Nair
68 "Art Of Success" by An interview by Sujith
78 "A Lament!" by Dr Chitra Krishnakumar
82 "The Terror-stricken FEAR..." by Neha Nair
99 "MALAYALAM OUR MOTHER TONGUE!" by Jayadev Unnithan

FEATURES - MALAYALAM
17 "Maveli Mannanu varavelppu" by Biju Prahlad Vadakkeppat
18 "Ekantha Theerangal" by MK Bhasi
19 "Utsava sandhya" by Cheruthuruthy Unnikrishnan
20 "Mounathinte Sangeetham" by Soorya Krishnamoorthy
22 "Onappolima" by PK
24 "Svachanda Mrthyu" by Ashtamoorthy
26 "Neeyariyuvaan" by Sudhir Kattachira
27 "chooshanam" by D Sudheeran
28 "Onam@2013" by Rita
37 "Daivathintre Naatile Devanganamaar" by V R Prakash
49 "Kavita Ezhuthunu" by Vadakkeppat Bhaskara Gupta
54 "Pootham" by Babu Ezhumaavil
60 "Yo Yo Yam Yam" by Ramakrishnan nair
64 "Svaami Ente Darsana Sayoojyam" by Geethakrishnan R
71 "Ini Madanganam, Onam Vilikkunnu" by Venmani Bimalraj
73 "Idavappathiyum Kaath" by M K V Rajesh
74 "Njaan Anadhan" by Mini Mohanan
75 "Vismayam" by Anima E M
76 "Pazhaya Thaalukal" by Pia Kumar
80 "The Story of INA Hero Vakkom Khaader" by Muhammed Rafi Thanoor
96 "Onnu Thirinju Nokkumpol" by Rajesh Kumar

GRAPHICS
46 From the brush of Kalyani Anil
93 "Vrindavanam" by Anil Kumar
95 From the brush of Aswathy

IN PICTURES
41 Visitors
41 Iftar Celebrations
42-3 Onam Nite 2013
70 -71 Onam Village 2011
45 Sports Tournament - Cricket
45 Sports Tournament - Badminton
47 Sports Tournament - Football

100 - 103 SMA REPORTS
Cultural Committee
Sports Committee
Ladies Wing
Youth Wing
From General Secretary's Desk




*Singapore Malayalee Association warmly salutes Singapore's former president Mr S R Nathan for being conferred the nation's highest award -- The Order of Temasek, First Class.*

# Message by Guest of Honour



It is festivals like "Onam" that our Malayees celebrate each year, that reminds our respective multi-racial and multi-religious communities of their origins, their heritage, character and identity. Being away from the country of their ancestors, many among our young, pre-occupied as they were with striving to make a success of their lives may not be conscious of their rich heritage. For this reason I applaud the Malayalee community in Singapore for annually commemorating this festival, reflecting the richness of their heritage. It enables their young to have an understanding of who and what they are; giving them insights into their roots and in the course providing them emotional and cultural experiences.

I am told the rich cultural heritage of Kerala comes out in its best form and spirit during the ten day long festival. People of Kerala are known to make elaborate preparations to celebrate it in the best possible manner. It is understandable why the celebration here cannot be as elaborate. In Singapore the Singapore Malayalee Association (SMA) has been celebrating this event every year throughout its long history of over 95 years and with equal enthusiasm. Onam Nite is the signature event of SMA. As it turns 100 years, I hope SMA will focus towards a more purposeful role as an integrating force of all Malayalees of Singapore and also help to integrate with the mainstream of Singaporean life and culture. SMA, through its cultural and educational activities should continue to strive in its efforts to be the icon of Malayalee heritage of Singapore. Through such varied celebrations it will help their young to learn more about their roots and culture and help enrich the cultural diversity and multi-cultural identity of Singapore.

I wish the Malayalees of Singapore a very happy and joyous Onam. I also wish the Singapore Malayalee Association all success in its endeavors for the preservation and development of Malayalee culture and through it add to the rich tapestry of our various and vibrant cultures of all Singaporeans.



S R NATHAN
Sixth President of the Republic of Singapore
23 August 2013

# Congratulations to SMA for bringing the world renowned musician Padmashri Dr K J Yesudas and troupe for the OnamNite 2013



**Dr. Dinesh Nair**
**Consultant Cardiologist**
MBBCh BAO (Rep of Ireland),
FAMS (Cardiology, Singapore),
FACC (USA), FCCP (USA), FSCAI (USA)
MRCP (UK), FRCP (Edin), FESC (Europe)



**Dr. V. P Nair**
**Consultant Cardiologist**
MBBS, MRCP (Ireland), MRCP (UK),
FAMS (Cardiology, Singapore), FCCP(USA),
FRCP (Edin), FRCGP (UK), FRCPI,
FRCP (London), FACC (USA), FESC, PBM

## Our Services

- Specialist Consultation
- Cardiac & Medical Assessment
- Complete Heart Screening
- 12-Lead Electrocardiogram (ECG)
- Heart Rhythm Assessment
- Echocardiography (Ultrasound of Heart)
- Ambulatory ECG Monitoring (Holter)
- Ambulatory Blood Pressure Monitoring (ABP)
- Renal Artery Stenting
- Carotid & Abdominal Ultrasound
- Coronary Angiogram (through wrist or groin)
- Balloon Angioplasty & Stenting (through wrist or groin)
- Coronary Calcium Score & CT Coronary Angiogram
- Myocardial Perfusion Stress Echo & PET Scan
- Treadmill Stress Test (TM / ETT)
- Comprehensive Range of Blood / Urine Investigation
- Renal Denervation to treat hypertension
- ABI to treat Peripheral Vascular Disease

## Our Clinics

**Nair Cardiac & Medical Centre**
3 Mount Elizabeth, #16-08 Mount Elizabeth Medical Centre, Singapore 228510
For appointments please call +65 6235 9226 / 8 or
email us: lordsiva@starhub.net.sg or dr.vpnair@gmail.com

**Heart Matters Medical Centre Pte Ltd**
3 Mount Elizabeth, #16-08 Mount Elizabeth Medical Centre, Singapore 228510
For appointments please call +65 6836 1880 or
email us: info@heartmatters.com.sg

**Branch Office**
Nair Cardiac Medical Specialist Centre, #07-35 Mount Elizabeth Medical Specialist Centre, 38 Irrawady Road, , Singapore 329563

## Our Websites:

www.cardiology-nairclinic.com
www.heartmatters.com.sg

# Message – President,
## Singapore Malayalee Association

ONASHAMSAHAL ! ONAM GREETINGS TO ALL MALAYALEES !



NAMASKARAM, Singapore Malayalee Association has been in existence since 1917 and has been celebrating ONAM with annual ONAM NITE SHOWS and Onam Lunch with sports, games and cultural events.

These two major events will be held this year as follows:
Onam Nite Show will be held on Friday. 23rd Aug 2013 at the Esplanade Concert Hall, in collaboration with Esplanade Theatres, by the Bay.

This year's "Gana Mela" will be led by the most celebrated playback singer, Padmabushan Dr K J Yesudas. He will be accompanied by other great singers, Vijay Yesudas, Gayathri Asokan and Sitara.

An expected crowd of about 1,700 participants from the Indian community will be attending the evening's musical festival comprising Malayalam,Tamil and Hindi songs.
Our annual Onam lunch, sports, games and cultural events will be held on Sunday, 7 Oct 2013 at the Naval Base Secondary School, Yishun Ring Road, Singapore 768689 from 9.00am to 5.00pm. The event which annually attracts about 1500 participants is open to all and the traditional vegetarian lunch will be served on banana leaf.

SMA has launched a Strategic Review Committee under the leadership of some of our leading Malayalees in Singapore to take the Association into its next stage of development towards the forth coming century. This high-level committee is currently working at various sub committee levels and is planning to deliver its findings at our next AGM. We wish all members of the committee our best wishes and look forward to its findings.

in)

Our current programme of welfare for the needy in the community is progressing well, thanks to the support and benevolence of our well wishers. To make contributions convenient we have introduced a Giro system through DBS and POSB. We look forward to your generosity to make our welfare schemes benefit the less fortunate in our community.

For the first time SMA Youth wing organized an Art exhibition which was well received by the Community. Badminton and soccer tournaments are in the final stage and will be completed at the Onam sports. Archery competition, volleyball tournament and cricket are also in the pipeline. With the arrival of the month of Ramdan an Iftar celebration was arranged and was attended by Muslim and non Muslim members of the Association.

In May this year Mr Abdurab, Minister for Education, Kerala visited SMA for a dialogue session.
SMA would like to welcome youth and lady members of the community to join us and contribute to the progress of the Association.

On behalf of SMA I would like to express my gratitude for the cooperation and support rendered by the community over the past years. We look forward to your continued support and active participationIn all our activities. Hearty Greetings and Best Wishes to the Malayalee community on the occasion of ONAM 2013.

Nanni, Namaskaram !

P K KOSHY
President, Singapore Malayalee Association.

# VARIETY is the SPICE of LIFE !






HOUSE BRAND

With over 50 different varieties of ground spices, Rice Varieties, flours, Ready to Eat Meals, Snacks, Bottled Spices, Special Blends, Instant Mixes, HOUSE BRAND has been spicing up the life of Singaporeans over the last 55 years!

ENHANCING FOOD EXPERIENCE 55 YEARS AND MORE SINCE 1958

K N P TRADING PRIVATE LIMITED
In association with Surya Trading Enterprises (s) Pte Ltd
50 Senoko Drive, Singapore 758232 Tel: 62573712 Fax: 6753 6916
website: www.knp-housebrand.com email: spices@knp-housebrand.com

# Message - Advisor,
## Singapore Malayalee Association



The annual visit of Mahabali is an occasion for celebration among all Malayalees. I sometimes wonder why this is celeberated only by Malayalees since Vamanan's story is known to all Hindus. There must be a reason. It is perhaps a way Mahabali tells us that we should celebrate it differently from the way festivals are celebrated by other communities. Some 15 years ago, Singapore Malayalees did something different. All Malayalee organisations joined together to hold a grand dinner where the then Deputy Prime Minister who is now the Prime Minister was the guest of honour. At this dinner we announced that we were setting up an IT cooperative to make available refurbished second hand computers to all low income Indian families. We felt that the children from such families were disadvantaged when they went to school as they were unfamiliar with the usage of computers. The Deputy Prime Minister enthusiastically supported the proposal and the IT Cooperative was born. Soon the idea caught on with the Malay and Chinese communities and they started collecting old computers and distributing them to their low income familes. Soon we ran out of old computers. Fortunately the government stepped in and found a way to get computers, new ones, for low income families. Our objective had been achieved. The Coop was left with some cash after meeting all expenses and the balance money is now with the registrar of Cooperatives who will eventually hand this money to Narayana Mission which was the decision of the members of the Cooperative which has been wound up.

I think it is time for the Malayalee community to launch another project which will benefit the community and the country. We have many young people who have successful careers. They should take the lead in this. If our festivals are only for holding shows with singers, actors and dancers being brought to Singapore from India then I think we have not understood the significance of Mahabali's visit. As a community that has a tradition of altruism we need to do some heart search on this.

I wish all Malayalees a Happy Onam.

GOPINATH PILLAI BBM, BBM(L)
Advisor, Singapore Malayalee Association


"TODAY'S BEST CHOICE" IN NATURAL HEALTH PRODUCTS
STCM 2009 SUCCESSFUL ENTREPRENEUR
Singapore TODAY Commemorative Magazine
HALAL FOODS INTERNATIONAL TM
PURCHASE ANY HALAL FOODS PRODUCT AND STAND A CHANCE TO WIN A EUROPE TOUR PACKAGE.
L/DRAW DATE: 27/9/2013
THE NETHERLANDS
Amsterdam
Brussels
BELGIUM
Cologne
GERMANY
Paris
FRANCE
Heidelberg
Black Forest
Colmar
Lucerne
Zurich
SWITZERLAND
HALAL FOODS ROYAL JELLY
BACFO HAIRBAC
HALAL FOODS TONGKAT ALI EXTRACT
HALAL FOODS VITAMAX
Multivitamins & Minerals
HONEY
HALAL FOODS BOOSTER
DIETARY SUPPLEMENT
HALAL FOODS ADVANCE OMEGA 3 1000mg
DIABAC
B-SLIM
HALAL FOODS INTERNATIONAL
FOR FREE HOME DELIVERY CALL:
6286 9722 JB: 07-221-0333
5 UPPER ALJUNIED LINK #06-05/06 QUARTZ IND BLDG SPORE 367903
BRANCH: 14 KERBAU ROAD SINGAPORE 219153
JB: WISMA NUFRI NO.12C-01 JLN YAHYA AL-DATAR, J.B. 80300
WEBSITE: halalfoods.com.sg

# Message – Advisor,
## Singapore Malayalee Association



Come 2017, Singapore Malayalee Association (SMA) will be celebrating its centenary. This is not an ordinary feat for a social organisation like SMA. Being the first registered Malayalee organisation outside India and the first registered Indian organisation in Singapore, SMA had been playing a pivotal role in the promotion of the Malayalee language, culture and the arts right from its formative years to the present.

It is dismaying to note that in recent years SMA appears to be contented with the annual cultural show (Onam Nite) and Onam Sports. Though these are noble objectives, SMA should not restrain itself to just these two activities.

The present generation of Malayalees are beginning to forget their roots and identity, let alone their affiliation with SMA.

We are a community of professionals with expertise and experience in all fields, and yet many of our youths are reluctant to join SMA. This is a serious issue which should be addressed with immediate priority.

In 1993, there was a group of locally born and bred young Malayalee professionals, under the leadership of Mr Viswa Sadasivan, formed a committee and took over the helm of SMA. They came out with an impressive blueprint for the Association. Unfortunately before they could implement this programme, they were forced out of office by some 'vocal' senior members of the community. Almost all members of Viswa's team are still around and many of them are willing to come forward to serve the community through SMA. They should be given a 'second' chance to serve the Association.

Let us not spare our concerted effort to bring these youths to our fold and take over leadership. The future of SMA depends very much on this leadership renewal.

Wish all members of the community a ***Happy and Prosperous Onam.***

M M Dollah

Adviser, SMA

# Management Committee 2011-2013



Gopinath Pillai
BBM, BBM(L)
**Advisor**



M M Dollah
**Advisor**



P K Koshy
**President**



Jayakumar N BBM
**Vice President**



Rajesh Kumar
**Hon. Gen. Secretary**



Rajesh Kumar
**Hon. Asst. Gen. Secretary**



P S Prem
**Hon. Treasurer**



Padma Nair
**Hon. Asst. Treasurer**



Dinesh Kumar
**Cultural Secretary**



Suja Thampy
**Organising Secretary**



Suresh Kumar K B
**Sports Secretary**



Kamala Nair
**Welfare Secretary**



Badaruddin
**Member, MC**



Ajayakumar K N
**Member, MC**



Sivaraman Nair
**Member, MC**



Savant Raj
**Member, MC**
**Chairman, Youth Wing**



Ullas Kumar
**Member, MC**



James Mathew
**Member, MC**

## Legal Advisor



Chandramohan Nair PBM

## Internal Auditors



K Ravindran



MC Mathai

## Trustees



Dr V P Nair PBM



KO George



H Abdul Samad



Viswa Sadasivan NMP

## Cultural Committee 2013



Dinesh Kumar (Chairman)



Rajesh Kumar



Ullas Kumar CS



Padma Nayar



Savant Raj



Dileep



Santhosh Kumar KV



Rajesh Chandran



Rajesh



Syam Kumar Prabhakaran



Sreekanth APV



Abhilash Kumar CS



Anil Vattalai



Mujeeb Rahiman Mundayil



Nithin Salgunan

# Publications Committee



**Sitting (L to R):** Krishnaveni J, Krishna Kumar M (editor), N Jayakumar BBM (Vice President, SMA), Koshy PK (President SMA & Advisor, Onopaharam), Padma Kumar, Padma Nayar

**Standing (L to R):** Ullas Kumar C S , Dinesh Kumar, Geethakrishnan, Muralidharan V V, Prem P S

**Not in the photo:** Pia Jayakumar, Rajesh Kumar R K (Ex-Officio), Dileep, Chandana Dileep, Anil Kumar

# Organizing Committee



**Sitting (L to R):** Rajinikumari, Kavitha Girish, Sujatha Menon, Mr P K Koshy, Mrs Padma Nayar, Nima Manas, Sunitha Nair

**Not in the photo:** Dr.Deepti Nair, Jayanthi Jyothish, Ullas kumar, Rajesh Pillai, Prem

# Ladies Wing



**Sitting (L to R):** Saradha Nair, Merlin Anthony, Krishnaveni Jenardhanan, Daisy Koshy, P.K.Koshy( SMA Presiden)t, Rajamma Pillai(Ladies wing Chairperson) Subhadra Nair, Padma Nayar, Goma Kurup.

**Standing (L to R):** Rajani Padmakumr, Vidyarani Karunakaran, S.Sheebha, Philomina Martin, Sujatha Menon, Indu Nair, Dr Deepthy Nair, Kavitha Girish, Dr Preeja Sreedhar, Sunitha Nair,.Nima Manas

**Not in the Photo:** Janamma Unnithan, Selin Lloyd, Kamala Nair, Vilasini Devan, Radha Nair, Kavitha Harish, Latha Nandakumar, Latha Balakrishnan, Indulekha Dev, Uma Ullas, Shiji Rajesh, Cigy Manesh, Annie Geethakrishnan, Sindhu Natesan

# Welfare Committe



Kamala Nair
(Chair Person)



P K Koshy



Badarudeen



Ullas kumar



James



Jayakumar N BBM



Rajesh



Dinesh



Indu Jaydev



Shivaram



Subhadra Nair



Daisy Koshy



* Not in Picture: Kavitha




# Sports Committee



Suresh Kumar B

Johnwin Jonrose

Pradeep C

Rajesh

Abhilash

Rajesh R K

Dinesh Kumar

Prem P S

Muralidharan



# Strategic Review Committee

Standing (L to R): Ullas Kumar CS, Jayakuamr N BBM, Padma Nayar, Chandra Mohan Nair PBM, Viswa Sadasivan (Chairman), PK Koshy, Bimal Ram, Dr Deepthi Nair, Susan Abraham

# മാവേലി മന്നന് വരവേല്പ്

ബിജു പ്രഹ്ലാദ് വടക്കെപ്പാട്



മഹാബലിയെന്നൊരു ചക്രവർത്തി
പാരിനെ സ്വർഗ്ഗ സമാനമാക്കി
പ്രജകളാ നന്മയിൽ മന്നനെ വാഴ്ത്തി
ഭക്ത്യാദര പൂർവ്വമോടെ

കള്ളമില്ലാതെ ചതിയില്ലാതെ
കള്ളത്തരങ്ങളില്ലാതെ
മാനവർ മദമാത്സര്യമില്ലാതെ
ആമോദത്തോടെ വസിക്കും കാലം

മുപ്പാരിൽ കീർത്തിമാനായി മഹാബലി
ആശങ്ക പൂണ്ടു ദേവഗണം
ഭൂമിയും സ്വർഗ്ഗവും തത്തുല്യം
എന്നാൽ സ്വർഗ്ഗത്തിനെന്തു പ്രസക്തി

പാലാഴിയിൽ മേവും ശ്രീഹരി തന്നുടെ
പാദ പത്മങ്ങൾ വണങ്ങിനിന്നു
വാമനരൂപം കൈക്കൊണ്ടു മഹാവിഷ്ണു
മൂന്നടി മണ്ണു യാചിച്ചണഞ്ഞു



ദീനദയാലുവാം മന്നൻ മഹാബലി
ബ്രാഹ്മണ ബാലനു ദാനമേകി
സ്വർഗ്ഗവും ഭൂമിയും പാതാളവും
രണ്ടടികൊണ്ടങ്ങളന്നു വിഷ്ണു

മൂന്നാമടിക്കായ് പാദമുയർത്തി
നമ്ര ശിരസ്കനായി ചക്രവർത്തി
വാതാലയേശൻ കാരുണ്യവാരിധി
സംപ്രീതനായി ഭക്തനേകി വരം

മാവേലി മന്നൻ മലയാളക്കര
തന്നിൽ അണയും ദിനം തിരുവോണ ദിനം

സമ്പൽ സമൃദ്ധിതൻ സ്മരണയുണർത്തും
തൃക്കാക്കരപ്പൻതൻ എഴുന്നള്ളത്ത്
തിരുമുൽ കാഴ്ചക്കായ് ഒരുങ്ങി ഭൂമി
മന്നന് മലനാടിൻ വരവേൽപ്പ്



# ഏകാന്ത തീരങ്ങൾ

## എം കെ ഭാസി

ഒരു പൂവിറുക്കുവാൻ
നിന്റെ പൂവനത്തിൽ നി-
ന്നൊരു പൂവിറുക്കുവാൻ
രാജമല്ലികൾ പൂത്തു
ചായുന്ന നേരം നിന്റെ
ജാലകപ്പുറത്തിന്നു
ഞാൻ വന്നു നിന്നു, പക്ഷേ
നീ തിരിച്ചറിഞ്ഞില്ല.

ഇന്നലെ നിശാഗന്ധി
പ്പൂവുകൾ വിരിഞ്ഞപ്പോൾ
പിന്നെയും വിടരാത്ത
മോഹങ്ങൾ പോലേ നിൽക്കും
മൊട്ടുകൾ കൊരുത്തതു
നിന്റെ വാർമുടിക്കെട്ടി-
ലെന്റെ കൈ വിരൽത്തുമ്പാ-
ലണിയിക്കുവാനായി
വന്നു നിന്നല്ലോ വഴി-
വക്കിൽ ഞാൻ, തുറക്കാത്ത
നിന്റെ വാതിലിൽ മുട്ടി
വിളിക്കാനറിയാതെ.

ഓർമ്മകൾ തളർന്ന് വീ-
ണുറങ്ങും നിലാവിങ്കൽ
ഓളങ്ങൾ തഴുകുന്ന
വെൺമണൽ പരപ്പിന്മേൽ
നാളെയെൻ പദമുദ്ര
കണ്ടു നീ വിഷാദാർദ്ര-
യാവുകിലവിടൊരു
പൂവിതൾ അർചിച്ചാലും.

ഏഴിലം പാലപ്പൂക്കൾ
വാടി വീഴുമീ നീല-
ക്കാവിലിന്നൊരു മാത്ര
കൂടി നിൽക്കുന്നു, പിന്നെ
ഏഴു വൻ കടലുകൾ
താണ്ടി, യജ്ഞാതങ്ങളാം
ഏകാന്ത തീരങ്ങളെ
ത്തേടി ഞാനിറങ്ങുന്നു.

# ഉത്സവസന്ധ്യ

## ചെറുതുരുത്തി ഉണ്ണികൃഷ്ണൻ

കുംഭമാസനിലാവു പോലെൻ മനസ്സ
കലങ്ങിത്തെളിയുന്നീ സന്ധ്യയിൽ
ലോകൈകനാഥേ ഭുവനേശ്വരിദേവി
കൈകൂപ്പുന്നു ഞാൻ പ്രകൃതി അമ്മേ!

ചന്ദ്രരോഹിണിമാർ സംഗമിക്കും വേള-
വാനിലരുന്ധതി ജ്വലിച്ച പോൽ!
സന്ധ്യാദീപം നിൻ മുൻ കൺചിമ്മിത്തുറന്നെൻ-
മനസ്സിൽ തമസ്സകറ്റീടേണം..

ചെണ്ട ചേങ്ങല മദ്ദളധ്വനികളൊ-
ക്കെയൊത്തു തകർക്കുമീ സന്ധ്യയിൽ
പഞ്ചവാദ്യവും ആനപൂരവും ആലിൻ
ചോട്ടിൽ നിന്നമ്മയെ തൊഴുന്നു!

എന്റെ പൂർവ്വികർ പാക്കനാർ പാടി നിന്റെ
ചരിത്രങ്ങൾ ഐതിഹ്യമാലകൾ
കോമരത്തിൻ ചിലമ്പൊലി കേട്ടിട്ടാകെ
കോൾമയിർ കൊണ്ടു ഞാനെൻ ഭ്രമികേ

പൂതനും തിറ കാളവേലകളൊക്കെ-
ക്കണ്ടു നിർവൃതിയാലെ നില്പൂ ഞാൻ
തൊഴുകൈകളോടെ വിനീതനാമിവൻ
നിന്നരികിൽ നമ്രശിരസ്കനായ്

കതിനപൂത്തിരി മേളമോട്ടുത്സവം
തരിതികൃതകൊട്ടും സന്ധ്യയിൽ!
കാവുകേറുവാനായിട്ടാനപൂരങ്ങൾ
കാവു ചുറ്റി വന്നു വണങ്ങുന്നു.

ചെങ്കതിരോൻ പടിഞ്ഞാറസ്തമിച്ചതും
തിങ്കൾ വാനിൽ വിളക്കുമായ്‌വന്നു
നക്ഷത്രത്തോഴികളോടൊത്തുവണങ്ങി
ഉത്സവം കണ്ടു രസിക്കുന്നിതാ!

ഈ മനോഹരവേളയിലെൻ നീർമിഴി
ഈറനണിഞ്ഞു ആനന്ദാശ്രുവാൽ
ഇത്തരുണം ഞാനാത്മനിർവൃതിയുടെ
ഇത്തിരിനാളമായ് ഈ സന്ധ്യയിൽ

ചെറുതുരുത്തി ഉണ്ണികൃഷ്ണൻ ചെന്നൈയിലെ അറിയപ്പെടുന്ന കവി. ചെന്നൈ കവി സംഗമത്തിന്റെ ജനറൽ സെക്രട്ടറി, മദിരാശി കേരളസമാജം നന്ദമ്പാക്കം ശാഖയുടെ ജോയിന്റ് സെക്രട്ടറി, കൂടാതെ ഒട്ടനവധി മലയാളി സംഘടനകളിൽ സജീവമായി പ്രവർത്തിച്ചുവരുന്നു. സാമൂഹ്യസാംസ്കാരിക മണ്ഡലങ്ങളിലും ജീവകാരുണ്യപ്രവർത്തനങ്ങളിലും തല്പരൻ. മലപ്പുറത്തെ "നവകം" മാസികയുടെ ലേഖനത്തിന് ഒന്നാംസമ്മാനം നേടി. മഹാലിംഗപുരം അയ്യപ്പൻ, ഗുരുവായൂരപ്പൻ ക്ഷേത്രത്തിന്റെ "പുഷ്പാഭിഷേകം" മാസികയിൽ കവിതക്കുള്ള പ്രത്യേകപാരിതോഷികം ഈയ്യിടെ ലഭിക്കുകയുണ്ടായി. ചെന്നൈയിലേയും, കേരളം, മുംബായ്, ഔറംഗാബാദ്, ഭിലായ് എന്നിവിടങ്ങളിൽ നിന്നുള്ള ആനുകാലികങ്ങളിലും നായർട്ടുഡേ, കുലപതി എന്നീ പ്രസിദ്ധീകരണങ്ങളിലും സ്ഥിരമായി എഴുതുന്നു. ചെന്നൈയിൽ സ്ഥിരതാമസം. മൂത്ത മകൾ സിന്ധുവും ഭർത്താവും, രണ്ടു കുഞ്ഞുങ്ങളും സിംഗപ്പൂരിലുണ്ട്.

# മൗനത്തിന്റെ സംഗീതം

## സൂര്യ കൃഷ്ണമൂർത്തി

ഒ എൻ വി സാർ എന്നൊടു പറഞ്ഞ ഒരു അനുഭവ കഥ എന്റെ മനസ്സിനെ പലപ്പോഴും അലട്ടിയിരുന്നു.

ഒരേ സമയം സന്തോഷിപ്പിക്കുകയും അതേ സമയം ദുഖിപ്പിക്കുകയും ചെയ്യുന്ന ഒരു കഥ.

ഈ സംഭവത്തെ കുറിച്ച് അദ്ദേഹം "തെക്കു നിന്നുള്ള ഒരു വണ്ടി" എന്ന കവിതയിൽ പ്രതിപാദിക്കുന്നുണ്ട്.

കാത്തിരിപ്പിന്റെ സൌന്ദര്യവും മഹത്ത്വവും മനസ്സിലാക്കിത്തന്ന കഥയായിരുന്നു അത്.

ഈ കഥ കേട്ടപ്പോഴാണ്, എന്റെ കൺമുന്നിലെ ഏറെ കാത്തിരിപ്പുകളുടെ കാര്യം ഞാൻ ഓർത്തത്.

എല്ലാ അർത്ഥത്തിലും ഇത്തരം കാത്തിരിപ്പുകൾ തന്നെയല്ലേ നമ്മെ മുന്നോട്ട് നയിക്കുന്നത്?

ബൈബിൾ വാക്യം പോലെ, "അവൻ വരും എന്നെങ്കിലും"..

എന്നോ വരാനിരിക്കുന്ന എന്തിനോ വേണ്ടിയുള്ള അനന്തമായ കാത്തിരിപ്പ്. അതുകൊണ്ടു തന്നെയാവണം കാത്തിരിപ്പ് എന്റെ കലാ സൃഷ്ടികളിലെല്ലാം പ്രിയപ്പെട്ട വിഷയമായി മാറുന്നത്.

ഓ എൻ വി സാർ പറഞ്ഞ ഈ അനുഭവ കഥയെ ആധാരമാക്കി ഞാൻ ഒരു സ്ക്രിപ്റ്റ് എഴുതി അവതരിപ്പിച്ചു. അദ്ദേഹത്തെ ആ സ്ക്രിപ്റ്റും, അവതരണവും ഏറെ സന്തോഷിപ്പിച്ചിരുന്നു.

സ്ഥലം ലെനിൻ ഗ്രാദ്. ആ നഗരത്തിൽ വെച്ചു നടക്കുന്ന ഒരു കവി സമ്മേളനം. നമ്മുടെ രാജ്യത്തെ പ്രതിനിധീകരിച്ചുപോയ സംഘത്തിൽ ഓ എൻ വി സാറും ഉണ്ടായിരുന്നു.

സമ്മേളനം ഏഴു ദിവസം നീണ്ടുനിൽക്കുന്ന ഒന്നായിരുന്നു. ശനിയും ഞായറും ഒഴിവു ദിവസങ്ങൾ.

ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും വരുന്ന കവികൾക്ക് വിനോദയാത്രയ്ക്കും സൈറ്റ് സീയിങ്ങിനും ഷോപ്പിങ്ങിനുമായി മാറ്റി വെയ്ക്കുന്ന ദിവസങ്ങൾ.

മറ്റു കവികൾ അവിടുത്തെ ഉദ്യാനങ്ങളിലും, ഷോപ്പിങ്ങ് മാളുകളിലും ചുറ്റി നടന്നപ്പോൾ ഓ എൻ വി സാർ ആവശ്യപ്പെട്ടത് മറ്റൊന്നായിരുന്നു. ആ രാജ്യത്തെ ഏറ്റവും പാവപ്പെട്ടവർ താമസിക്കുന്ന ഒരു കുഗ്രാമത്തിൽ അവരോടൊപ്പം താമസിക്കണം.

ആഗ്രഹം സംഘാടകരെ അറിയിച്ചു.

അവരതു ഏർപ്പാടാക്കുകയും ചെയ്തു.

പരിഷ്കാരം ആക്രമിച്ചിട്ടില്ലാത്ത ഒരു കുഗ്രാമം. അർദ്ധ പട്ടിണിക്കാരായ ഗ്രാമീണർ.

മിക്കവരും കൃഷിക്കാർ.

അദ്ദേഹം അവിടെയൊക്കെ നടന്നു കണ്ടു.

ആ കുഗ്രാമത്തിൽ ഒരു റെയിൽവേ സ്റ്റേഷനുണ്ട്. ഒരു നൂറുകൊല്ലമെങ്കിലും പഴക്കമുണ്ടാവണം. ഒടിഞ്ഞു പൊളിഞ്ഞു വീഴാറായ സ്റ്റേഷൻ.

ആഴ്ച്ചയിൽ രണ്ടു ദിവസം മാത്രമേ അവിടെ ട്രെയിൻ വരാറുള്ളൂ. ഒരു പാസഞ്ചർ ട്രെയിൻ. പത്തു മിനിട്ട് നിൽക്കും. പിന്നെ അടുത്ത സ്റ്റേഷനിലേക്ക് പായും.

റെഡ് ആരോ എന്നാണ് ട്രെയിനിന്റെ പേര്.

റെഡ് ആരോ വരുന്ന ദിവസങ്ങളിലെല്ലാം ഒരു പടു വൃദ്ധൻ റെയിൽവേ സ്റ്റേഷനിൽ എത്തും. തൊണ്ണൂറ്റിയഞ്ചു വയസ്സെങ്കിലും പ്രായം തോന്നിക്കുന്ന ഒരാൾ. നടക്കാൻ നന്നേ പ്രയാസം. എന്നിരുന്നാലും മോടിയിൽ ത്തന്നെ വേഷം ധരിച്ചിട്ടുണ്ടാകും. വരുന്ന ദിവസങ്ങളിലെല്ലാം കൈയിൽ ടൂലിപ് പുഷ്പങ്ങളുണ്ടാകും.

ട്രെയിൻ വന്നു നിന്നാലുടൻ ഏറ്റവും പുറകിലെ കമ്പാർട്‌മെന്റിൽ തലയിട്ടു നോക്കും. താൻ പ്രതീക്ഷിച്ച ആൾ വന്നിട്ടുണ്ടോ എന്നു കണ്ണുകൾ കൊണ്ടു പരതും. ആ കമ്പാർട്‌മെന്റിൽ ഇല്ല എന്നറിയുമ്പോൾ അടുത്ത കമ്പാർട്‌മെന്റിലെക്ക്. അങ്ങനെ എഞ്ചിന്റെ അടുത്ത കമ്പാർട്‌മെന്റ് വരെ ഇതാവർത്തിക്കും. താൻ പ്രതീക്ഷിച്ച ആൾ വന്നിട്ടില്ല എന്നറിയുമ്പോൾ കയിലെ ടൂലിപ് പുഷ്പങ്ങൾ അവിടെ ഒരു കോൺക്രീറ്റ് ബഞ്ചിൽ നിക്ഷേപിച്ചിട്ട് അദ്ദേഹം പോകും.

വീണ്ടും ട്രെയിൻ വരുന്ന ദിവസം അദ്ദേഹം വരും. കൈയിൽ ടൂലിപ് പുഷ്പവുമുണ്ടാകും. നന്നായി വേഷം ധരിച്ചിട്ടുണ്ടാകും. പ്രത്യാശയോടുള്ള വരവും നിരാശയോടുള്ള പോക്കും. എത്രയോ വർഷങ്ങളായി തുടരുന്നു.

ആ പ്രദേശത്തുള്ളവർക്കെല്ലാം അറിയാം, അദ്ദേഹം കാത്തിരിക്കുന്നത് തന്റെ മകനു വേണ്ടിയാണെന്നും സൈനികനായിരുന്ന അദ്ദേഹത്തിന്റെ ഒരേയൊരു മകൻ രണ്ടാം ലോക മഹായുദ്ധത്തിൽ മരിച്ചു പോയി എന്നും.

എന്നിട്ടും എല്ലാവരും മൌനം പാലിക്കുകയാണ്. അവർക്കറിയാം സത്യം മനസ്സിലാക്കുന്ന ദിവസം ആ വൃദ്ധൻ അന്ത്യ ശ്വാസം വലിക്കുമെന്ന്.

ആ വൃദ്ധനായ അച്ഛന്റെ മനസ്സിൽ പ്രത്യാശയുടെ വിത്തു പാകിക്കൊണ്ട് ഒരു ഗ്രാമം മുഴുവൻ മൌനം പാലിക്കുകയാണ്. ആ മൌനമാണ് യഥാർത്ഥ സംഗീതമെന്ന് ഞാൻ വിശ്വസിക്കുന്നു.

t



# ഓണപ്പൊലിമ

## പികെ

(40 വർഷം മുൻപത്തെ വീട്ടിലെ ഒരു ഓണക്കാലത്തെ
വീണ്ടും ഓർത്തെടുക്കാൻ ശ്രമിക്കുകയാണിവിടെ...
ഇവിടെ കാണുന്ന മധ്യകേരളത്തിലെ പല ഓണക്കാല
ചിട്ടകളും ഇന്നെവിടെയും ഉണ്ടെന്നു തോന്നുന്നില്ല .).
കൂട്ടത്തിൽ പറഞ്ഞ പൂക്കളും.)

ഇതാ മറ്റൊരോണം കൂടി.
മുറ്റത്തെ പൂക്കളമില്ലാതെ.. കവുങ്ങിന് പൂക്കുലയും
തുംബപൂക്കുടവും ഇട്ട അസുര രാജാവായ മാവേലിയെ
വരവേല്ക്കാതെ..
കുടുസ്സായ രണ്ടുമുറി ഫ്ലാറ്റിൽ.
ഭൂതകാലത്തിലെ ഓണാഘോഷത്തിന്റെ പൊലിമ
മനസ്സിൽ.......

ചെത്തിപൂക്കളെ സ്വപ്നം കണ്ട്..
കദളിപൂക്കളെ കൊണ്ട് സമൃദ്ധമായ പൂക്കളങ്ങളെ
ഓർത്ത്-- ഇനിയും കദളി കാടുകൾ കേരളത്തിലുണ്ടോ
അതോ വംശനാശം വന്നോ--

അത്തത്തിനു അത്തപൂവിട്ടു.
ചോതിക്കു ചുവന്ന പൂവ്,- ചെത്തിയും ചുവന്ന
ചെമ്പരത്തിയും--
മുളകു ചെമ്പരത്തി- അങ്ങനെ ഒന്നുണ്ടായിരുന്നില്ലേ
പണ്ട്?

വിശാഖത്തിനു വെളുത്ത പൂവ്.. തൃക്കേട്ടക്ക് വടക്കോട്ട്
വാല്... കൊച്ചാമയുടെ നിർദേശം. ..
മൂലത്തിന്നു മൂലതിരിച്ചു...
അച്ചാമ പറയും.. മോനെ.. പൂവിട്ടു കഴിഞ്ഞെങ്കിൽ
ഒരു കുട കുത്തിക്കോ.. ഈർക്കിലിയിൽ ചെമ്പരത്തി
കുത്തിയതാണ് കുട...

ഉണ്ണി.. പച്ചക്കായ വാങ്ങണ്ടേ.. ഉപ്പേരി വറക്കാം
പൂരാടല്ലേ ഇന്ന്.. എത്ര വട്ടം വെക്കും..എട്ടോ അതോ
ഒമ്പതോ?
ഊഹ്ഹ്.. ഇത്രേം തുമ്പ പൂവോ?
ആറാമത്തെ വട്ടം മുക്കുറ്റിയോ?

ആ ചിന്നപ്പനും, തങ്കച്ചനും എന്തെങ്കിലും കൊടുത്തോ?
അവരല്ലേ ഇത്രേം പൂവ് പറിക്കാൻ വന്നെ.. അതും ഇത്ര
കാലത്തെ..

ഗൌരിക്കുട്ടിയെ വിളിക്ക്.. ഇത് ഒന്ന് ആ ഉരലിലിട്ടു
പൊടിക്കാൻ.. ചുക്ക് ആണേ.. ശർക്കരപിരട്ടി
ഉണ്ടാക്കണ്ടേ? ..
ഉത്രാടതിന്നു "കോമയുടെ" മാതേരോ അതോ മണ്ണുള്ള
കുറത്തിയുടെ കളി മണ്ണ് കൊണ്ടുള്ള തൃക്കാക്കരഅപ്പനോ
??

നമ്മുടെ തട്ടിൻപുറത്ത് ഉള്ള മരം കൊണ്ടു
"തൃക്കാക്കരഅപ്പന" ല്ലാം ഒന്ന് എടുത്തു
ആ കുളത്തിലേക്ക് കൊണ്ടുപോയി ഒന്ന്
കഴുകി വൃത്തിയാക്കി വച്ചോ.. കൈവിളക്കും,
ചന്ദനമുട്ടിയുമെല്ലാം...

അരി പൊടിച്ചോ അണിയിക്കാൻ ??
ആ.. കുറുപ്പും വന്നല്ലോ.. വില്ലും അമ്പുമായി..
ബാലകൃഷ്ണ.. ആ കുളത്തീന്ന് ഇത്തിരി മണ്ണ് വേണല്ലോ
"പൂത്തറ" കെട്ടാൻ .. നല്ല വെളുത്ത മണ്ണ് എടുത്തോളൂ..

ഓഹ്ഹ്.. കുട്ടികള് "പൂത്തറ" കെട്ടി കഴിഞ്ഞോ ഇത്ര
വേഗം?
ആരാ ഈ തുമ്പക്കുടം അരിഞ്ഞേ? ഒന്നുടെ
ചെറുതാക്കയിരുന്നില്ലേ...

പൊന്നു.......... പൂവൊക്കെ പറിച്ചോ?
എൽസി.. ആ മിറ്റം ഒന്ന് നല്ലോണം അടിച്ചിട്ടോ.. ഒരു കുടം വെള്ളം
ഒഴിക്കായിരുനില്ലേ ആ പൂത്തറെടെ മോളിൽ.....
അപ്പൊ എല്ലാം ആയില്ലേ.. രതം.. ഓണക്കോടി വച്ചില്ലേ ..
"നിന്റെ മോൾക്ക് ഒരു പാവാടേം, ബ്ലൗസും കൂടിയുണ്ട്.."

അത്താഴം കഴിഞ്ഞോ?? എന്നാൽ തൃക്കാക്കരയപ്പനെ "അണിയിച്ചിട്ട്" വേഗം പോയി കിടന്നോളൂ. രാവിലെ നേരത്തെ എഴുനേൽകണ്ടേ ??
നേരം വെളുത്ത്... " ദേ.. കിഴക്കുനിന്നും പൂവിളി കേക്കാനുണ്ട്"
രതം " ദേ ആ റാന്തല് കത്തിച്ചു ഒന്ന് കൂടെചെല്ല്.. കുളത്തിലേക്ക്.... ......
അവനെ ഒറ്റയ്ക്ക് വിടണ്ട...പര പരാ വെളുക്കണ സമയല്ലേ ഇഴജന്തുക്കൾ
കാണും...

തള്ള പശുവിനെ നോക്കി ചിരിച്ചു.. നീ എന്തിനാ ഇപ്പൊ എണീക്കണേ.
തുടിച്ചു കുളിച്, ഭസ്മം തൊട്ട്, കോടിയുടുത്ത്, ചന്ദനം അരച്ച്, കിണ്ടി നിറയെ വെള്ളം..
"പൂവട" ഉണ്ടാക്കിയോ.. അമ്മെ..
അട, ശർക്കര, എത്തപഴം, നാക്കിലയിൽ ..
"ഗോപി മുമ്പില് നടന്നോള്.. വെളക്കും എടുത്തു.. "
കിഴക്കേ പടിക്കേന്നു ആനയിച്ചു കൊണ്ട് വരാം....
തുമ്പക്കുടം കൂട്ടതല്ലുള്ള ഒരു കെട്ട് എടുത്തോളൂ ..

അച്ഛാ .. വെള്ളം വരി തെറ്റാതെ ഒഴിക്കു..
ഇനി തുളസിയിലയിൽ ചന്ദനം മുക്കി .. ആദ്യം നടുവിൽ.. പിന്നെ വിളക്കത്ത്..
തേങ്ങാപൂള് "അർധ്ചന്ദ്രനെ " പോലെ മുറിച്ചു " ശിവൻ" ആയി സങ്കല്പിച്ച "അമ്മിപിള്ള" യുടെ തലയിൽ.. "ചന്ദ്രക്കല "

അങ്ങിനെയല്ല .. കൈ പിണച്ചു വെച്ച് വേണം തേങ്ങയിൽ നിന്ന് വെള്ളം തെറ്റിക്കാൻ..
പൂക്കില അണിയിക്കാൻ മറക്കല്ലേ ..
പൂവ് കൂട്ടതൽ എടുത്തോളൂ.. ഇനി അകത്തേക്ക് ആനയിച്ചി രുത്താം..

അവിയലും , എലൂശ്ശേരിയും നറുക്കി കഴിഞ്ഞു..
ചേന ചെറുതായിട്ട് അരിഞ്ഞോ വറക്കാൻ?
നീ ആ പപ്പടം കാച്ചി ക്കൊള്ളു.. പഴം വെന്തില്ലേ ..
രാവിലെ എന്തെങ്കിലും കഴിക്കാം ....
അമ്മെ.. നാലായിട്ടരിഞ്ഞ ഉപ്പേരി ഇല്ലേ? ..
ഇനി കുട്ടികൾ ഒക്കെ പോയി കളിചോളൂ..
വലിയമ്മേ , ഇവര എന്നെ കുട്ടിയും കോലും കളിയ്ക്കാൻ കൂട്ടണില്ല..

എല മുറിച്ചോ... എന്നാൽ നന്നായി കഴുകി തുടക്കു..
ആ പാൽ പായസം നല്ല അമ്പലപുഴ പായസത്തിന്റെ സ്വാദു...
ആ കാളിയേം കൂടി വിളിച്ചു ഒരെല ചോറ് കൊടുക്കണേ ..
ശിവരാമ പിള്ള വന്നിട്ടുണ്ട് പടിഞ്ഞാറ് വശത്ത്....
കൊശത്തിക്ക് ഒരു തേങ്ങ, ഒരു കഷ്ണം ചേന, കുറച്ചു അരി, കുറച്ചു പച്ചക്കറി .. സമൃദ്ധമായ സദ്യ..

ഗൃഹാതുരത്വമുനർത്തുന്ന ഒരോർമയായി ആ ഓണ നാളുകളിന്നും..

നഷ്ടങ്ങളുടെ കഥ പറഞ്ഞുകൊണ്ട്..... സമൃദ്ധിയുടെ കാലത്തെ ഓർമപ്പെടുത്തി .......

# സ്വച്ഛന്ദമൃത്യു

## അഷ്ടമൂർത്തി

സുരേഷിന്റെ അമ്മ തൊടിയിൽ ഒന്നു വീണു. പശുവിനെ കെട്ടി മടങ്ങുമ്പോൾ കയറ് കാലിൽപ്പിണഞ്ഞാണ് വീണത്.

പ്രത്യക്ഷത്തിൽ ഒരു തകരാറും കണ്ടില്ല. കയ്യോ കാലോ ഒടിഞ്ഞില്ല. പുറത്തിനും മുഖത്തിനും ഒന്നും പറ്റിയില്ല. പക്ഷേ അതോടെ സുരേഷിന്റെ അമ്മ കിടപ്പിലായി.

തൊണ്ണൂറ്റിമൂന്നു വയസ്സുള്ള ആൾ കിടപ്പിലായി എന്നു കേട്ടാൽ ആരും അത്ഭുതപ്പെടേണ്ട കാര്യമില്ല. പക്ഷേ സുരേഷിന്റെ അമ്മ കിടപ്പിലായി എന്നത് നാട്ടിലൊരു വാർത്തയായി. കാരണം അവർക്ക് ഇതുവരെ എന്തെങ്കിലും അസുഖമുള്ളതായി ആരും കേട്ടിട്ടില്ല.

കിടപ്പിലായി എന്നു മാത്രമല്ല. അതോടെ അവരുടെ പ്രകൃതം മാറി. ആരോടും മിണ്ടാതായി. ഒന്നും കഴിക്കാതായി. അവ്യക്തമായി നാമം ജപിച്ചുകൊണ്ട് കണ്ണടച്ചു കിടപ്പായി. പിന്നെപ്പിന്നെ നാമജപവും നിന്നുപോയി.

അമ്മയുടെ പ്രകൃതമാറ്റം മക്കളെ സങ്കടത്തിലാക്കി. സുരേഷിന്റെ അനിയത്തി മാലിനി ഏട്ടന്മാരെ വിളിച്ചു വരുത്തി. നാലു പേരും വിദേശത്തുനിന്ന് പറന്നെത്തി. സുരേഷാണ് ഒടുവിൽ എത്തിച്ചേർന്നത്.

സുരേഷ് എത്തിയെന്നറിഞ്ഞാണ് ഞാൻ അവിടേയ്ക്കു ചെന്നത്. നാല് ആൺമക്കളും അമ്മയ്ക്കു ചുറ്റുമുണ്ട്. മാലിനി അവിടെ എല്ലായിടത്തുമുണ്ട്. അവർ അല്ലെങ്കിലും അമ്മയുടെ ഒപ്പമാണല്ലോ കഴിഞ്ഞ കുറേ വർഷങ്ങളായി. അമ്മയുടെ എല്ലാ ഇഷ്ടാനിഷ്ടങ്ങളും അഭീഷ്ടങ്ങളും മാലിനിയ്ക്കു കാണാപ്പാഠമാണ്. എന്തെല്ലാം പറഞ്ഞിട്ടും അമ്മ ഭക്ഷണം കഴിയ്ക്കാൻ കൂട്ടാക്കിയില്ല. വല്ലപ്പോഴും അര ഗ്ലാസ്സ് കഞ്ഞിവെള്ളം കുടിച്ചാലായി. അതിനു തന്നെ നല്ലവണ്ണം പരിശ്രമിയ്ക്കേണ്ടി വന്നു മാലിനിയ്ക്ക്.

ഞാൻ ചെന്നത് അമ്മ വീണിട്ട് ഏഴാം ദിവസമായിരുന്നു. അന്ന് അടുത്തു തന്നെയുള്ള ലേഡീ ഡോക്ടറെ വിളിച്ചുകൊണ്ടുവന്നു കാണിച്ചു. സംശയം ചോദിച്ചു: അമ്മയെ ആശുപത്രിയിൽ കൊണ്ടുപോണോ? നിങ്ങൾ തീരുമാനിച്ചാൽ മതി എന്നായിരുന്നു ഡോക്ടറുടെ മറുപടി. എന്റെ അമ്മയാണെങ്കിൽ ഞാൻ ആശുപത്രിയിൽ കൊണ്ടുപോവില്ല എന്ന ഡോക്ടറുടെ നിലപാടും അവർ മക്കളെ അറിയിച്ചു.

രാത്രി മക്കൾ അഞ്ചു പേരും കൂടിയാലോചിച്ചു. ഇതുവരെ അമ്മയെ ഒരാശുപത്രിയിലും കൊണ്ടുപോയിട്ടില്ല. കൊണ്ടുപോവേണ്ടി വന്നിട്ടില്ല എന്നതാണ് കാര്യം. ഇനി, ഈ തൊണ്ണൂറ്റിമൂന്നാം വയസ്സിൽ അതു വേണോ? മാത്രമല്ല, അമ്മയ്ക്ക് അങ്ങനെ പറയത്തക്കവണ്ണം ഒരസുഖവുമില്ല. ചോരയും മൂത്രവും പരിശോധിച്ചപ്പോൾ ഒരു തകരാറുമില്ല. രക്തസമ്മർദ്ദം നോർമ്മൽ. ഹൃദയത്തിനും കുഴപ്പമൊന്നുമുള്ളതായി തോന്നുന്നില്ല.

കുറേ നേരം കൂടിയാലോചിച്ച് തീരുമാനത്തിലെത്തി. അമ്മയെ ഒരാശുപത്രിയിലേയ്ക്കും കൊണ്ടുപോവണ്ട. ഇവിടെത്തന്നെ കിടന്നോട്ടെ. അവസാനനാളുകളിൽ നമുക്ക് ഊഴമിട്ട് ശുശ്രൂഷിയ്ക്കാം. കുറേ കാലത്തിനു ശേഷം മക്കൾക്ക് ഒന്നിച്ചു താമസിയ്ക്കാൻ ഒരവസരമായതും അവർക്കു സന്തോഷം പകർന്നു. മാലിനിയ്ക്കും ഭർത്താവിനുമായിരുന്നു കൂടുതൽ സന്തോഷം. "ഏട്ടന്മാർ കൂടെയുള്ളപ്പോൾ ഞങ്ങൾക്കെന്തു സമാധാനമാണെന്നോ," മാലിനി എന്നോടു പറഞ്ഞു.

കണ്ണു ചിമ്മാതെ നോക്കിനിൽക്കാൻ തോന്നിപ്പിയ്ക്കുന്നത്ര ഒരുമയാണ് മക്കൾ തമ്മിൽ. സുരേഷുമായുള്ള അടുപ്പം വെച്ച് ഞാനും അവിടെ ഒരു ദിവസം താമസിച്ചു. തൊടിയിൽ നടന്നും മാഞ്ചുവട്ടിൽ ഇരുന്നും കുളത്തിൽ കുളിച്ചും പകൽ പോയതറിഞ്ഞില്ല. രാത്രി ഏറെ വൈകും വരെ ഞങ്ങൾ അമ്മയുടെ മുറിയിലിരുന്ന് സംസാരിച്ചു. പ്രത്യേകിച്ച് ആവശ്യങ്ങളില്ലാതെ, പരാതികളില്ലാതെ അമ്മ മയങ്ങിക്കിടന്നു. വസ്ത്രങ്ങൾ നനയുമ്പോഴൊക്കെ മാലിനി അലക്കിയ മുണ്ടും വേഷ്ടിയും എടുത്തുകൊണ്ടുവന്നു. വിരിപ്പും പുതപ്പും മാറ്റി. ഇടയ്ക്കിടെ വെള്ളത്തിൽ തിരി മുക്കി അമ്മയുടെ ചുണ്ട് നനച്ചുകൊണ്ടിരുന്നു.

അമ്മയേക്കുറിച്ചുള്ള ഓർമ്മകൾ പങ്കുവെയ്ക്കുകയായിരുന്നു മക്കൾ. എത്ര നല്ല അമ്മയാണ് നമ്മളുടേത് എന്ന് അവർ സന്തോഷിച്ചു. ഇതുവരെ

നമ്മളെ ഒന്നു ശാസിച്ചിട്ടില്ല. ചീത്ത വാക്കുകൾ പറഞ്ഞിട്ടില്ല. എപ്പോഴും ചിരിയോടെയല്ലാതെ കണ്ടിട്ടില്ല. കടുത്ത ദാരിദ്ര്യത്തിലും ബുദ്ധിമുട്ടുകൾ നമ്മളെ അറിയിച്ചിട്ടില്ല. നല്ല അമ്മ മക്കളുടെ ഭാഗ്യമാണ്.

നല്ല ഭാര്യ ഭർത്താവിന്റേയും ഭാഗ്യമാണ്. അച്ഛൻ മുൻശുണ്ഠിക്കാരനായിരുന്നു. പിടിവാശിക്കാരനായിരുന്നു. എല്ലാം അമ്മയുടെ ചിരിയിൽ അലിഞ്ഞുപോയിരുന്നു. അമ്മ പറയുന്നതിനപ്പുറം അച്ഛന് അഭിപ്രായമൊന്നുമുണ്ടായിരുന്നില്ല. അമ്പത്തിരണ്ടു കൊല്ലം നീണ്ടുനിന്ന അസുലഭദാമ്പത്യമായിരുന്നു അവരുടേത്.

അമ്മയുടെ ജീവിതത്തിന് അലോസരമൊന്നും ഉണ്ടാക്കിക്കൂടാ. മക്കളുടെ അടുത്തു കിടന്നുതന്നെ അമ്മ മരിച്ചോട്ടെ. ജീവിതം അതിന്റെ സ്വാഭാവികമായ ഗതി തിരഞ്ഞെടുത്തോട്ടെ. അവസാനകാലത്ത് നമുക്ക് അമ്മയുടെ കൂടെയിരിയ്ക്കാം.

രാവിലെ സുരേഷിന്റെ അമ്മാമൻ വന്നു. അമ്മയുടെ ഏറ്റവും ഇളയ അനുജൻ. എഴുപത്തിനാലാം വയസ്സിൽ കാര്യമായ ആരോഗ്യപ്രശ്നങ്ങളൊന്നും ഇല്ല അദ്ദേഹത്തിന്. ഏടത്തിയെ വിളിച്ചു നോക്കി. ഏടത്തി തിരിച്ചറിഞ്ഞില്ല എന്ന കുണ്ഠിതമായി. മരുമക്കളെ അഞ്ചു പേരേയും അടുത്തു വിളിച്ചിരുത്തി. നിങ്ങളെന്താണ് കണ്ടിരിയ്ക്കുന്നത്? അമ്മയെ ആശുപത്രിയിൽ കൊണ്ടുപോവണ്ടേ?

മരുമക്കൾ അവരുടെ തീരുമാനം അറിയിച്ചു. അമ്മാമനും എതിരഭിപ്രായമൊന്നും ഉണ്ടായിരുന്നില്ല. പക്ഷേ ചെറിയൊരു മുന്നറിയിപ്പു കൊടുത്തു. നാട്ടിൽ അത്ര നല്ല അഭിപ്രായമല്ല ഞാൻ കേട്ടത്. നിങ്ങൾ അമ്മയെ ആശുപത്രിയിൽ കൊണ്ടുപോവണ്ട എന്നു തീരുമാനിച്ചത് നാട്ടുകാർക്ക് പിടിച്ചിട്ടില്ല. അവർ നേരിട്ടു പറയുന്നില്ലെന്നേയുള്ളു. "ഞാനിങ്ങോട്ടു വരുമ്പോൾ അതു പറയാൻ വേണ്ടി മാത്രം മൂന്നു പേർ എന്റെ അടുത്തു വന്നു," അമ്മാമൻ പറഞ്ഞു. "നിങ്ങൾ അമ്മയെ വേണ്ടതു പോലെ നോക്കുന്നില്ല എന്നാണ് അവർ പറഞ്ഞത്."

സുരേഷ് പെട്ടെന്നു ചൂടായി. "ഞങ്ങളുടെ അമ്മയെ എങ്ങനെ നോക്കണമെന്ന് ഞങ്ങൾ തീരുമാനിച്ചോളാം," അമ്മാമനോടായി അയാളുടെ ദേഷ്യപ്രകടനം. താൻ പറഞ്ഞെന്നേയുള്ളൂ, നിങ്ങൾ തന്നെ തീരുമാനിച്ചാൽ മതി എന്നു പറഞ്ഞ് അമ്മാമൻ മടങ്ങി.

അങ്ങനെ തള്ളിക്കളയേണ്ടതല്ല ആ നിർദ്ദേശം എന്ന് മാലിനിയുടെ ഭർത്താവ് വിജയൻ പറഞ്ഞു. സ്കൂളിൽ പലരും ചോദിയ്ക്കുന്നുണ്ട് ഇതേ ചോദ്യം. മാത്രമല്ല ഇവിടെ അമ്മയെ കാണാൻ വരുന്നവർ പലരും ചോദിയ്ക്കാതെ ചോദിയ്ക്കുന്ന ചോദ്യവും അതു തന്നെയാണ്.
ചിലർ നേരിട്ടു തന്നെ
ചോദിയ്ക്കുന്നുണ്ട് എന്താ
ആശുപത്രിയിൽ കൊണ്ടുപോവുന്നില്ലേ
എന്ന്. നമ്മുടെ അയൽക്കാരും അതു വലിയൊരു
കുറ്റമായി കരുതുന്നതു പോലെയുണ്ട്.

രണ്ടു ദിവസം കഴിഞ്ഞ് സുരേഷിനു ഫോണ് ചെയ്തപ്പോഴാണ് അറിഞ്ഞത് വിവരം. അമ്മയെ തൃശ്ശൂരെ ആശുപത്രിയിൽ പ്രവേശിപ്പിച്ചിരിയ്ക്കുന്നു. മക്കളൊക്കെ ഉറച്ചുനിന്നുവെങ്കിലും വിജയൻ അനുകൂലിച്ചില്ല. എല്ലാം കഴിഞ്ഞാൽ മക്കൾ മടങ്ങിപ്പോവും. പിന്നെ നാട്ടിൽ കഴിച്ചുകൂട്ടേണ്ടത് മാലിനിയും വിജയനുമാണ്. അവർക്ക് അയൽക്കാരുടെ മുഖത്തു നോക്കേണ്ടതാണ്.

ആശുപത്രിയിൽ എത്തിയ അമ്മയെ രോഗികൾക്കുള്ള ഉടുപ്പണിയിച്ചു. വൈകാതെ ഐസിയുവിലാക്കി. സിടി സ്കാനിങ്ങടക്കം നിരവധി ടെസ്റ്റുകൾക്കു വിധേയയാക്കി. കോളസ്ട്രോൾ കണ്ടെത്തി. അയൊഡിന്റെ കുറവുണ്ടെന്നും കണ്ടു. മരുന്നുകൾ കുറേ നിർദ്ദേശിയ്ക്കപ്പെട്ടു. അമ്മ തീവ്രനിരീക്ഷണത്തിലായി.

വിവരമറിയാൻ ഞാൻ പിറ്റേന്ന് ആശുപത്രിയിൽ ചെന്നു. ഐസിയുവിനു പുറത്ത് മക്കൾ രണ്ടുപേർ ഉണ്ട്. സുരേഷ് വീട്ടിലാണ്. അയാൾക്ക് രാത്രിയാണ് ഡ്യൂട്ടി. രണ്ടു പേർ വീതം രാത്രിയും പകലും ഐസിയുവിനു മുന്നിലിരിയ്ക്കുന്നു. മാലിനി വീട്ടിൽത്തന്നെ. കുട്ടികളെ സ്കൂളിലയയ്ക്കലും ഏട്ടന്മാർക്കു ഭക്ഷണമുണ്ടാക്കി എത്തിയ്ക്കലുമൊക്കെയായി അവൾ തിരക്കിലാണ്. വിജയൻ സ്കൂളിലേയ്ക്കു പോവുമ്പോഴും വരുമ്പോഴും ആശുപത്രിയിൽ വരും.

"മടുത്തു," രാത്രി ഫോണിൽ വിളിച്ചപ്പോൾ സുരേഷ് പറഞ്ഞു. "അമ്മയെ കാണാൻ തന്നെ കിട്ടുന്നില്ല. ഊഴമിട്ട് ഒരാൾക്ക് അഞ്ചു മിനിട്ടാണ് അനുവദിച്ചിരിയ്ക്കുന്നത്. കിടപ്പു കണ്ടിട്ട് ഒരു സുഖം തോന്നുന്നില്ല. കയ്യിലും ദേഹത്തുമായി പലതരം കെട്ടിപ്പൂട്ടലുകളാണ്. അമ്മയ്ക്ക് അനങ്ങാൻ പറ്റുന്നില്ല. ഭക്ഷണം ശരിയ്ക്കു കഴിയ്ക്കുന്നില്ല. മൂക്കു വഴി കഞ്ഞി വയറ്റിൽ എത്തിയ്ക്കുകയാണ്."

ആശുപത്രിയിൽ സന്ദർശകരുടെ തിരക്കാണെന്ന് സുരേഷ് അറിയിച്ചു. ഐസിയുവിലേയ്ക്ക് ആരെയും കടത്തിവിടുന്നില്ലെന്നറിയിച്ചിട്ടും വരുന്നവർക്കൊക്കെ അമ്മയെ കണ്ടേ തീരൂ. ചിലരോട് കർശനമായി പറയേണ്ടിവന്നു. അത് അവർക്കത്ര ഇഷ്ടമായില്ല. അമ്മ എന്താ മരിയ്ക്കാത്തത് എന്നാണ് ഇപ്പോൾ സന്ദർശകരെ അലട്ടുന്ന പ്രശ്നം.

കാവലിരുന്ന് ക്ഷീണിച്ചിട്ടുണ്ടാവും ഇല്ലേ എന്നാണ് മക്കളോടുള്ള കുശലാന്വേഷണം.

ഒരു മാസം കഴിഞ്ഞു. സന്ദർശകരുടെ തിരക്കൊഴിഞ്ഞു. അതിനിടെ അമ്മയുടെ സ്ഥിതി വഷളായി. ശ്വാസം കിട്ടാൻ ബുദ്ധിമുട്ട്. നേരെ വെന്റിലേറ്ററിലേയ്ക്കു മാറ്റി. ഏതു സമയത്തും അന്ത്യം സംഭവിയ്ക്കാം. അറിയിയ്ക്കേണ്ടവരെയൊക്കെ അറിയിയ്ക്കാം എന്ന് നിർദ്ദേശം വന്നു.

അങ്ങനെ എട്ടു ദിവസം കിടന്നു. ഇനി ഒന്നും പ്രതീക്ഷിയ്ക്കാനില്ല എന്ന് ഡോക്ടർമാർ അറിയിച്ചു. വെന്റിലേറ്ററിൽനിന്ന് എപ്പോഴാണ് മാറ്റേണ്ടതെന്ന് മക്കൾ തീരുമാനിച്ചാൽ മതി.

ആർക്കും തീരുമാനം എടുക്കാൻ കഴിഞ്ഞില്ല. ആശുപത്രിക്കാർ തിരക്കു കൂട്ടിത്തുടങ്ങി. ഒടുവിൽ ആസന്നമരണയായ മറ്റൊരു രോഗി ആശുപത്രിയിൽ എത്തിയപ്പോൾ അധികൃതർ തന്നെ സുരേഷിന്റെ അമ്മയെ വെന്റിലേറ്ററിൽ നിന്നു വിടുവിച്ചു.

ആശുപത്രിയിൽ ആക്കിയിട്ട് നാൽപ്പത്തെട്ടു ദിവസം കഴിഞ്ഞിരുന്നു അന്നേയ്ക്ക്.

സംസ്കാരം കഴിഞ്ഞ് ആളുകൾ പിരിഞ്ഞപ്പോൾ മക്കൾ കൂടിയിരുന്ന് അമ്മയുടെ അവസാനദിനങ്ങളെപ്പറ്റിയുള്ള ഓർമ്മകൾ പങ്കുവെച്ചു. "അമ്മയെ അവസാനം വരെ വേണ്ടപോലെ നോക്കിയതിന് അഭിനന്ദനം അറിയിച്ചു പലരും," മാലിനി പറഞ്ഞു. "എന്തോ എനിയ്ക്കു തൃപ്തി തോന്നുന്നില്ല."

"എനിയ്ക്കും," സുരേഷ് പറഞ്ഞു. "ഐസിയുവിൽ ഒരിയ്ക്കൽ ഞാൻ ചെന്നപ്പോൾ അമ്മയുടെ കണ്ണുകൾ നിറഞ്ഞൊഴുകുകയായിരുന്നു."



അഷ്ടമൂർത്തി
കേരള വർമ്മ കോളേജിലെ വിദ്യാഭ്യാസാനന്തരം ബോംബേയിൽ ജോലി ചെയ്തു. ഇപ്പോൾ തൃശ്ശൂരിലെ എസ് എൻ എ ഔഷധശാലയിൽ ജോലി ചെയ്യുന്നു. കുങ്കുമം അവാർഡ്, കേരള സാഹിത്യ അക്കാദമി അവാർഡ് തുടങ്ങിയ പുരസ്കാരങ്ങൾ.



# നീയറിയുവാൻ

സുധീർ കട്ടച്ചിറ

മൌനം മണക്കുന്ന ഫോസിലുകളും
നിണമൊഴുകുന്ന പുഴയും
നന്മകളൾ വലിഞ്ഞ
മലയിടുക്കിന്റെ നിശ്ശബ്ദതയും
ഹൃദയാന്തരത്തിലേക്കാവാഹിച്ച്
നിശ്ചലയായിരുന്നത്
നീയായിരുന്നുവോ?
സ്വപ്നങ്ങളില്ലാത്ത വീഥികളുംപ്രകാശ കോടികളുടെ
സൂക്ഷ്മ രേണുക്കൾ
പോലുമില്ലാത്ത രാത്രികളും
സ്നേഹത്തിന്നുറവ വറ്റിയ
ഭിക്ഷാം ദേഹികളും

വിധി പകർച്ചയാണെന്നു പറഞ്ഞതും
നീയായിരുന്നുവോ?
സ്പന്ദനമസ്തമിച്ച ഘടികാരവും
പാപത്തിൻ തീമഴ വർഷിച്ച
കൂടാരങ്ങളുടെ പച്ചപ്പും
ചിതലരിക്കാത്ത സ്വാർത്ഥത കളും
കടൽ മണ്ണെന്നു പറഞ്ഞതും
നീയായിരുന്നുവോ?
പുതു മഴയായി നീയിവിടെ തോർന്നിരിക്കാം
എങ്കിലും ഒന്നു മാത്രം
നീ, നീ മാത്രമാവുക

# ചൂഷണം

ഡി. സുധീരൻ

ഭാര്യയും ഞാനും മകളുമൊത്തിന്നലെ
" ജൂറോംഗ് ബേർഡ് പാർക്ക് " കാണുവാൻ പോയി.
ചെറുതും വലുതുമായ് വലയിട്ട, ശുചിയുള്ള-
യറകളിൽ "സുഖമായി "ക്കഴിയുന്ന പറവകൾ.
വൃക്ഷലതാദിക, ഉഴകുള്ളൊരായിരം
പക്ഷികളേകി മനസ്സിന്ന് കൌതുകം.
ട്രാമിലും കാൽനടയായും, പല കാഴ്ചകൾ
ക്രമമായി കണ്ടു നാം ഉച്ചവരെ.
ഭക്ഷണമെത്രയും വേഗം കഴിച്ചിട്ട്
"പക്ഷിപ്രകടനം " കാണുവാനെത്തി.
പല പല രാജ്യക്കാർ, വേഷക്കാരക്കളി-
ക്കളമാകെയാകാംക്ഷയോടെയിരിക്കുന്നു.
ചെറ്റു പറന്നും നടന്നും, നിറമോലും
കൊറ്റികൾ ആദ്യമായെത്തി അരംങ്ങത്തിൽ,
എന്തോ ലഭിക്കുമെന്നാശിച്ചു വന്നപോൽ
ഉന്തിയും തള്ളിയും കലഹിച്ചു നിന്നവർ.
പരിശീലകർ എറിയുന്ന മീൻ തുണ്ടുകൾ
ദുരയോടെ ഓടിയും ചാടിയും തള്ളിയും
തറയിൽ വീഴാതവർ കൊക്കിലാക്കി,
നിറവോടെ കാണികൾ കൈയടിച്ചു.
ഇനി മത്സ്യമില്ലയെന്നായപ്പോ, ഴെന്തോ
ചിനച്ചു കൊണ്ടവർ വന്ന വഴിയേ തിരിച്ചു പോയ്.
അല്പമമാന്തവുമില്ലാതെ ചിട്ടയിൽ,
പലതരം പക്ഷികൾ വന്നു കളിക്കുവാൻ.
ഗോലികൾ പൊത്തിലിടും ചെറു മൈനകൾ
ലോലമായ് പാട്ടുകൾ പാടുന്ന തത്തകൾ
ചുണയോടെയന്യന്റെ കയ്യിലെ നോട്ടുകൾ
ചുണ്ടിലാക്കിത്തിരിച്ചെത്തുന്ന പ്രാവുകൾ
വളയങ്ങൾ താണ്ടിയും അതിലൊട്ടും കടലാസു
പൊളിച്ചും തിരികെ പറന്നെത്തും പക്ഷികൾ.
ഇത്തരം കാഴ്ചകൾ കണ്ടു പടം പിടി-
ച്ചാർത്തുല്ലസിച്ചു തിമിർത്തു രസിക്കുന്ന
പ്രേക്ഷകർ കൈയടിച്ചാവേശമേകി,
പക്ഷികൾക്കും? പരിശീലകർക്കും.

* * * * * *

അല്പം വിമർശന ബുദ്ധിയോടൊന്നു ഞാൻ
കല്പന തന്നിൽ തിരഞ്ഞാപ്രകടനം.
കളികൾക്കിടയ്ക്കു, തുടക്കത്തി, ലന്ത്യത്തി-
ലെല്ലാമൊരാർത്തിയിൽ പരിശീലകന്റെ
കൈക്കുള്ളിൽ ഒരു തുണ്ടു ഭക്ഷ്യത്തിനായി
കൊക്കിത്തിരയുന്ന പക്ഷിയെക്കണ്ടു ഞാൻ.
സ്വയമൊന്നും നേടാൻ കഴിയാതെ കിളികളെ
നിയതിക്കെതിരായി ബന്ധിച്ച ശേഷം,
ജീവികൾ തന്റെയടിസ്ഥാനജീവിത-
യാവശ്യമിവിടെ നാം ചൂഷണം ചെയ്യുന്നു.
പാവം കിളികളെ ഒരു നല്ല തീറ്റയ്ക്കായ്
പാവകളാക്കിക്കളിപ്പിക്കുന്നനുദിനം!

* * * * * *

ചട്ടങ്ങളതിരുകളൊക്കെ വലയിട്ട
കൂട്ടിലല്ലോകഴിയുന്നിത് നമ്മളും.
എന്നും പ്രചോദനത്തിന്നു പ്രലോഭനം
തന്നെ, യെന്നുള്ളവർ ചിന്തിക്കുവിൻ.
പക്ഷികളെപ്പോൽ നഭസ്സിൽ സ്വതന്ത്രമായ്
നക്ഷത്രമൊക്കെയും നോക്കിപ്പറക്കുവാൻ,
കുട്ടികൾ തന്റെ മനസ്സ് വളരുവാൻ
തട്ടിക്കൊട്ടുക്കൂ സസ്നേഹ സരളമായ്.



സുധീരൻ തിരുവനന്തപുരം ഡിസ്ട്രിക്റ്റിൽ വക്കം / കടക്കാവൂരിൽ ജനിച്ചു. തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജിൽ നിന്നു ബിരുദവും ബ്രിട്ടനിലെ ഹൾ യൂണിവേർസിറ്റിയിൽ നിന്നു എം.ബി.എ. യും നേടി.സിംഗപ്പൂരിലെ പാനാസോണിക് കമ്പനിയിൽ ഏറെക്കാലം ജോലി ചെയ്ത ശേഷം വിരമിച്ചു. ഭാര്യ സുധ, വിവാഹിതയായ മകൾ ശാലീന, ഇവരോടൊപ്പം സിംഗപ്പൂരിൽ വിശ്രമ ജീവിതം നയിക്കുന്നു. കവിത, ഗാനം, സംഗീതം, നാടകം ഇവയിൽ കുറേശ്ശേ അഭിരുചിയുണ്ട്.

# ഓണം@2013

ഇന്ന് ഉത്രാടം(ഒന്നാം ഓണം) ആണ്. മലയാളം ടി.വി ചാനലിൽ പലതരം പരിപാടികൾ നടക്കുന്നുണ്ട്.ഇവിടെ ഉള്ളവർക്ക് ഓണവും ദീപാവലിയും ഉത്സവങ്ങളും എല്ലാം ഒരു പോലെ തന്നെ.......ഭവാനിഅമ്മ ആത്മഗതം പോലെ പറഞ്ഞു.അവർക്കൊക്കെ അവരുടെ ആഴ്ചയുടെ അവസാനം നടത്തുന്ന പാർട്ടികൾക്കാണ്, പ്രാധാന്യം.കേരളത്തിന്റെ പുറത്ത് താമസിക്കുമ്പോൾ ഇങ്ങനെയൊക്കെ ആവുമെന്ന് ഓർത്ത് അവർ തന്നത്താൻ സമാധാനിച്ചു.എല്ലാവരും ഉണ്ടായിട്ടും ആരും ഇല്ലാത്ത അവസ്ഥ!

എഴുപത് വർഷത്തോളം കേരളത്തിൽ താമസിച്ച്, ഭർത്താവിന്റെ മരണത്തോടെ, ഓരോ മക്കളുടെ കൂടെ അവരുടെ ജോലിസ്ഥലത്ത് താമസിക്കുകയാണ്,ഭവാനിഅമ്മ.ഇപ്പോൾ മലേഷ്യയിൽ മൂത്ത മകന്റെ കൂടെയാണ് താമസം. രണ്ടു-മൂന്നു മാസം ഇവിടെ താമസിക്കും.അതുകഴിഞ്ഞ് ദുബായിലുള്ള മകന്റെ കൂടെ അടുത്ത രണ്ടു-മൂന്ന് മാസം. അവിടെ നിന്ന് ബോംബെയിലുള്ള മകളുടെ കൂടെ അടുത്ത മൂന്ന്-നാല് മാസം അതു കഴിഞ്ഞ് പിന്നെയും മലേഷ്യ .....അങ്ങനെ ആർക്കോ വേണ്ടി ദിവസങ്ങൾ തള്ളി നീക്കുകയാണ് അവർ

അല്ലെങ്കിലും വീട്ടിലുള്ളവരെല്ലാം മലയാളികൾ ആണെങ്കിൽ അല്ലേ ഇതിനൊക്കെ പ്രധാന്യമുള്ളൂ.... മരുമകൾ ഹിന്ദിക്കാരിയാണ്,അതുകൊണ്ടെന്താ,വീട്ടിൽ മലയാളം തന്നെ ശരിക്കും ആരും വർത്തമാനം പറയാറില്ല.ഒന്ന് മനസ്സ് തുറന്ന് മലയാളത്തിൽ ആരോടെങ്കിലും വർത്തമാനം പറയാൻ കൊതിയാവുന്നു.കൊച്ചുമകൻ വരുമ്പോൾ നാട്ടിലുള്ള മാലതിയെ ഫോണിൽ വിളിച്ച് കുറച്ച് നേരം വർത്തമാനം പറയണം.ഇടയ്ക്കൊക്കെ അങ്ങനെ ചെയ്യുന്നതാണ്.അവൾ പറയും "നീ അങ്ങു മലേഷ്യയിൽ അല്ലേ, ഞാൻ എന്നും ഇവിടെ തന്നെ"...ഇക്കരെ നിൽക്കുമ്പോൾ അക്കരെപ്പച്ച എന്ന് പറയുന്നത് പോലെയാണ്.അവളൊക്കെ ഓണത്തിന്റെ തിരക്കിലായിരിക്കും.ആ പഴയ ഓണക്കാല ഓർമ്മകളായി എത്ര നേരം അങ്ങനെ ഇരുന്നുവെന്ന് അറിഞ്ഞുകൂട.

വീട്ടിലെ കോളിംങ്ങ് ബെല്ലടിച്ചപ്പോഴാണ്,ശരിക്കും സ്ഥലകാലബോധമുണ്ടായത്.വീട്ട് ജോലിക്ക് വന്ന ഫിലിപ്പിനോക്കാരിയാണ്.സാധാരണ വാതിൽ തുറന്നു കൊടുക്കേണ്ട ജോലി മാത്രമെ ഭവാനിഅമ്മയ്ക്കുള്ളൂ.അവർ ജോലിയൊക്കെ കഴിഞ്ഞ് വാതിലടച്ച് പോകാറാണു പതിവ്.ഇന്ന് ഞങ്ങളുടെ നാട്ടിലെ ഉത്സവമായ "ഓണം" ആണെന്ന് പറയാൻ അവരോട് കുറെ ശ്രമിച്ചു.അവർക്ക് മനസ്സിലായോ എന്നറിയില്ല എന്തായാലും ആ പരിശ്രമത്തിൽ നിന്ന് തന്നത്താൻ പിന്മാറി.ഇവരോടൊക്കെ വർത്തമാനം പറയുന്നതോടെ, ആരോടെങ്കിലും വർത്തമാനം പറയണം എന്ന കൊതി താനെ മാറി കിട്ടും. ഇങ്ങനെയൊക്കെ തന്നെയാണ് വീട്ടിലുള്ളവരും, അവർ ടിവി കാണുന്നതിനിടയിൽനിന്നും വല്ല മറുപടി കിട്ടിയാൽ ഭാഗ്യം.

- Members are eligible for CCA & CIP points
- Instructors are full time teachers, professionals and highly qualified
- is registered with the People's Association & recognized by the NAC
- Conducts learning journeys, workshops an concerts for schools, clubs and charities
- Subsidizes course fees for children from Low Income Families (Terms Apply)

**Contact Us:**
Rhythms Aesthetics Society
Blk 102, Yishun Ave 5 #04-107 Singapore
760102 (Beside Chong Pang C.C)
Tel: 6257 0819 Fax: 6257 4937
Email: rhythms.india@yahoo.com.sg

**Rhythms is now**
@ Fuchun Community Club
@ Sri Darma Muneeswaran Temple, Serangoon North



# കവിത എഴുതുന്നു

## വടക്കെപ്പാട് ഭാസ്കര ഗുപ്ത

കവിത എഴുതുവതിന്നു കൌശലം
കരളിൻ കരവിരുതിന്റെ സൗഭഗം
പുളകമൂട്ടുന്ന് പുലരി നിശ്ചലം
കളകള നാദമോഹനം പൊയ്കകൾ
കരളിനെ തൊട്ടുണർത്തുന്ന ജീവിതം

മുരളികയൊഴുകുന്നൊരു നാദമായ്
കുവലയ മൊട്ടുണർത്തി വിട്ടുള്ളൊരു
കരളിനുള്ളറ മെല്ലെത്തുറന്നവൾ
കവിതപാടുന്ന കണവന്റെ ചുണ്ടിലെ
ധവളമുത്തുകൾ മുത്തം കലർന്നുപോയ്

ഇനിയുമൊരുവട്ടം ഓമലേകൈവരും
ഇനിമതന്റെ തനിമയെ മോന്തുവാൻ
ഉൽക്കടമായൊരാഗ്രഹമെന്നുടെ
പുൽക്കുടിലിൽ ശ്രമിച്ച ഞാനെങ്കിലും

വരികളിനിയും കുറിക്കുവാനുണ്ടതിൽ
വിരിയുന്ന കൊച്ചുരതിയുടെ കഥ
വിഭവമൂട്ടുന്ന ചെങ്കവിൾ തട്ടിലും
വിരലിൻ തുമ്പിൽ വളർന്നോരു രാഗമായ്

കരളലിയിക്കും കദനകാവ്യമായ്
വിടരുന്നനോക്കിയ മൊട്ടുകൾ പൊട്ടിച്ചു
സുധ നുകരുവാൻ വെമ്പുന്ന യൌവനം
കുരുടനാണത്രെ കാമനെന്നോതിടാം

തിരുടുവാനാണു വെമ്പുന്നു സൌരഭം
അടിവരയിട്ടു മീതെഞാൻ വ്യക്തിത്വ-
നിടില രംഗത്തു പൊട്ടിട്ടു പോന്നതും
വിറങ്ങലിച്ചുപോയ് യൌവനമിന്നൊരു
നിറപറവച്ചു സ്വാഗതം ചെയ്തതും

രതിത്തിരക്കൊഴിഞ്ഞൊരതിയൂട്ടുവാൻ
പലകുറിവെമ്പിനിന്നു യഥാർത്ഥമായ്...
പലപ്പൊഴും സ്നേഹനിർഝരി നീട്ടുവാൻ
പതറി നിന്നതാണെന്റെ പരാജയം

അരികെലെത്തിയെൻ ജാഡ്യമകറ്റുവാൻ
അരിയൊരദ്ധ്യായമാകെ കഴിഞ്ഞുപോയ്
പുലരുവോളം നുകരാത്ത ത്തുമധു –
ഉണരുമിപ്പകൽ വേളയിൽ പറ്റുമോ?

A poem by (late) Vadakkepat Bhaskara Gupta. The collection of poems by the poet was published as a book named Paarvathyam.
Website: www.vyaasa.org

# TAXI !



**G P Shashidharan**

William Goh stood at the reception counter of the Perth Ambassador, waiting to pay up for his three-day stay at the hotel. It was the end of his very first visit to Perth. Having been sent to the city, on a business trip by his firm, he had not had the time nor the opportunity to take in the sights and sounds of the city. He remembered telling his hosts that he would certainly return to Perth in the not too distant future. His thoughts were interrupted when the cashier said, "Here you are sir. Thank you," as she returned his credit card.

"Thank you. I enjoyed my stay here," William replied as he took his card.

The bell-boy appeared and said, " Your taxi is waiting to take you to the airport, sir. Please allow me, sir," as William reached for his luggage. They walked out and waiting just outside was the taxi. Beside it, stood a smiling, bearded man who, if he had been green could have passed off for the 'Incredible Hulk'. He smiled and said, " Good morning mate. We're gonna have a pleasant day today." William acknowledged the greeting, thanked the bell-boy and tipped him ten dollars . The driver held the door open for William, as he boarded the taxi..

As the driver settled into his seat, he turned, stretched out his right hand and said, "Hi, the name's Michael. You can call me Mike ." William took the offered hand and said, "I'm William Goh. Friends call me Bill."

"Okay Bill, guess that you're headed for the airport." William nodded as the taxi took off. As the taxi turned onto the main street, Mike asked, "Are you going to the domestic or the international terminal, mate?"

"International, please. I'm returning to Singapore."

"Ah Singapore! But the flight to Singapore is at 3.00 p.m. It's just eleven in the morning. What's your hurry?'

"I just didn't have anything left to do. Thought that I might as well spend some time at the airport." William replied.

"Our airport is nothing much to talk about mate, unlike your Changi, where you can spend the whole day, if need be."

"You must have been through Singapore," William replied.

"Not only been through, but have lived in Singapore, for a few years too." He continued, "Hey Bill, since you have so much time, could I give you a quick drive around the city. It won't cost you a cent more. Consider it my good deed for the day."

William smiled and said, "Sure, why not?"

As Mike drove on, William asked, "When were you living in Singapore?"

Mike looked at the rear view mirror, smiled and replied, " Looking at you, I doubt that if you were around then. It was in the early seventies."

" You're right. I was born in 1980, but let me hear your story anyway."

Mike began,"Prior to being posted to Singapore with the ANZAC forces, I had served in Vietnam. The posting to Singapore was one of the happier times of my life with the air force. My wife and three children were with me."

"Where did you live in Singapore?"

"Oh, we were in the north. A place called Sembawang. Know the place?" asked Mike.

"Yeah!" nodded William. "Nice place too," he added.

"Yeah, there was a beach nearby too. We had good times and good Singaporean friends too. Talking about being in the

north, we are now passing through Northbridge," pointed out Mike. "You'll notice that it's all quiet now. That's because this place comes alive only at night. This is the place where all nightlife and most night fights in Perth happen.."

"I've heard about this place. Perhaps, on my next trip, Northbridge will be one of my destinations."

" Good on you mate, but may I suggest that you don't come alone. Safety in numbers, heh, heh."

As they went on, William asked, " Why did you become a taxi driver on your return to Australia?"

"I didn't at first," replied Mike. " On my return I served as an armed escort for an armored car company for a few years. I liked it except for the fact that the job took me away from my family, for a few days at a time. Then a friend offered me a taxi license plate and I bought it for one hundred and seventy thousand dollars."

"Excuse me!" exclaimed William. " You bought a license plate that cost that much?"

"Yes Billy. And in the eastern states, a license plate can fetch more than two hundred thousand dollars. Possession of a license plate entitles you to drive a taxi and I bloody well know that I'll make several thousands of dollars when I sell it off. That's what I call a wise investment. Ha! Ha!"

" Do you enjoy your work Mike?" asked William.

"Yeah. It helps me to make a fairly decent living. And the experience has been eventful and interesting."

"Tell me about it," coaxed William.

" You know William, I prefer couples as my fares. Singles, whether male or female can prove to be troublesome. Let me tell you about a fare I had from outside a pub at Northbridge, one rainy night, not too long ago. The guy was pissed drunk and started swearing, the moment he got in. Then he began swearing generally at all taxi drivers. That riled me. The rain was getting heavier. He went on swearing. I stopped by the roadside, and told him to get out. He shouted at me,'You, f........ idiot! Drop me off and you lose your fare.' He got out and banged the door. I wound down my screen and told him.'You're getting thoroughly drenched and will have to walk two miles to reach home. Now who's the f......idiot?' and drove off."

"I probably would have done the same," remarked William. "And is that why, you have a preference for couples as fares?"

" Oh no! couples can get you into trouble too. One evening, I had a young couple, all lovey-dovey, in the taxi. Imagine looking at the rear view mirror and seeing the man inject a needle into his arm, as he sat with his girl in the back seat .A few minutes later they requested me to stop, paid me the fare and walked off giggling. They probably wanted the comfort and security of my cab to get high. I was glad that they got off because just a mile down the road, the cops were stopping cars. Had the couple been in my taxi, it probably would have meant trouble for the three of us. Let me relate another episode that happened sometime ago but still puzzles me."

"I'd love to hear that."

" It was about ten at night. I had just dropped off a fare at Burswood Casino, when a young lady rushed up, opened the rear door, slunk into the seat and gave me an address to drive to. I started the taxi and moved off. Soon I heard sobbing from the rear seat. I asked her what the matter was and if I could be of any assistance.

'I've lost all my money.' She continued sobbing and asked, "Can I pay you in kind?'

I laughed to myself and looked at her, a girl old enough to be my daughter. I said, ' Don't worry. Stop crying. I'll get you home. When I got to the address she had given me and stopped, she asked me to stop about thirty metres ahead near a junction. I did. She jumped out before I could say 'Take care!', and danced merrily away behind me. I didn't even know which

house she went into."

William laughed and said, "Ha! Ha! She literally took you for a ride, didn't she?

"I believe that's what she did mate. That's exactly what she did."

"Mike," William said, "You've been telling me about the travails of  a taxi driver, but don't passengers ever complain about taxi drivers?"

"They do, my friend. They do. You know, there are two thousand one hundred and sixty-seven taxis in the Perth control area and the taxi company receives complaints of bad service and high fares. There have even been complaints of poor cleanliness and drivers with bad body odour. But does the general populace take note of passengers who board taxis after a bout of binge drinking, young miscreants who run off in different directions without paying the fare, or teenage thugs who attempt to steal the taxi?  People seem to have short fuses these days too. Perhaps, a short course in anger management would be useful for many of us."

William smiled and agreed.

They were at the terminal. Mike helped William to unload his luggage and before collecting his fare, gave William his card, saying, " Keep this card mate, just in case you need a taxi, when next you're in Perth and have a safe flight."

William took the card, gave one of his own to Michael and said, "Thanks Mike. I now have a friend in you, in Perth. Thank you also for an enlightening ride and I'm sure that we'll meet again." With that, he collected his bags, smiled and strode into the terminal.

# A FAMILY'S LIFE LONG SOJOURN

*Dr Mukundan Nair*
*JurPoint Medicare Clinic, Jurong Pont Shopping Centre*

Two scores and one plus twenty years ago
From the mango groves and padi fields and coconut coves
They sought the blessings of Triprangode Appan
They set sail on the "Jalagopal" on voyage that had the migrant bug

Kalloor Sankunni Nair and Devakiamma with offsprings five
The siblings knew sparing of the language of the British Raj
Surprised that in school we're fined five cents for uttering the native tongue
Malayalees , numbers small but prided that signboards in Nava Base were in their native lingo

Trip to Tekka was a venture adventure and gourmets feast at Ananda Bhavan
Onam was Onakkali in Katong East and Semabwang North
Played games of egg and spoon and deafened by speeches ,of voluminous verbosity
By men versed more than well in language of our forefathers

Elizabeth crowned the year after in fifty three
And Tenzing and Edmund perched Everest atop
And then came our baby sister too
Who lives out there in Perth, a mother of boys two

Heard the fiery solfatara speeches of David the Marshal of the time
Then Lim Yew Hock sat upon the throne so hot he had to seek recourse
Lee Kuan Yew the leader of the people swept to power in fifty nine
Transformed the backwater island into a modern city state republic

Raja ratnam's national pledge was the agenda for a unified cause
Now this land, the City of the Simha , the lion city that Singapore is
A young nation that has matured and nurtured to receive paradesis

Today we are forty eight. It's the middle age era we shall overcome

# പൂതം

## ബാബു എഴുമാവിൽ, അഹമ്മദാബാദ്

പൂരം കഴിഞ്ഞു, എല്ലാ ആഹ്ളാദ തിമർപ്പുകളും തത്കാലം അവസാനിച്ചു. ഇനി അടുത്ത വർഷം. അതുവരെ സാധാരണ ജോലികൾ മാത്രം. എന്നാലും കാവിന്റെ മുന്നിലൂടെ കടന്നുപോകുമ്പോൾ ദേവിയെ വണങ്ങും. ഈ തിരുമുറ്റത്താണ് കോമന്റെ ജീവനും ജീവിതവും. നെറ്റിപ്പട്ടം കെട്ടിനിറുത്തിയിരുക്കുന്ന ആനയുടെ ഗാംഭീര്യത്തോടെയാണ് കോമൻ പൂതത്തിന്റെ കിരീടം തലയിൽ വെയ്ക്കുന്നത്. കുട്ടികളുടെ "തൊള്ളേക്കണ്ണാ" എന്നവിളി കേൾക്കുമ്പോൾ വാത്സല്യം മനസ്സിൽ കവിഞ്ഞൊഴുകും. കോമന്റെ മനം കുളിർക്കും. വർഷത്തിൽ ഒരിക്കൽ മാത്രമേ ഈ ഭാഗ്യത്തിന് താനർഹനാവാറുള്ളു എന്നതും വേദനയോടെ അയാളോർത്തു. കോമൻ ഇന്നലേയും ഇന്നു ദാ ഈ വൈകുന്നേരം വരെയും പൂതമായിരുന്നു. കാവിൽ കൊടികേറിയ അന്നുമുതൽ ഒരു പൂതമായി വീടുകൾ തോറും കേറിയിറങ്ങുകയായിരുന്നു. എത്രയോ തലമുറകളായി ഈ പൂതം കെട്ടാൻ തുടങ്ങിയിട്ട്. ആദ്യമൊക്കെ ഒരു സങ്കോചമുണ്ടായിരുന്നു. പ്രത്യേകിച്ചും ഒപ്പം പഠിച്ച കുട്ടികളെ കാണുമ്പോൾ. തന്റെ വിദ്യാഭ്യാസം അവസാനിച്ചത് പക്ഷേ പൂതം കെട്ടാനായിരുന്നില്ല. അത്രയൊക്കെ മതിയെന്നായിരുന്നു, എല്ലാവരുടെയും തീരുമാനം. "അല്ലെങ്കിലും മണ്ണാന്മാർക്കെന്തിനാ ജോലി". അങ്ങനെയാണെല്ലാരും പറഞ്ഞിരുന്നത്. ഒരാളൊഴികെ. സഹപാഠിയായിരുന്ന ഉണ്ണി. മനയ്ക്കലെ നാലാമ്പ്രാന്റെ മകൻ. എപ്പോഴും പറയും, പഠിത്തം നിറുത്തരുത്. സർക്കാരിന്റെ സ്റ്റൈപെൻഡും, ജോലിക്ക് മുൻഗണനയുമൊക്കെ ഉള്ളതാണ്. ഇനിയുള്ള കാലത്ത് പഠിത്തം കൊണ്ടെ ജീവിക്കാനാകു. അച്ഛനോടും പറഞ്ഞു നോക്കി. കോമന്റെ അമ്മാമനെ നോക്കു ഇത്തിരി പഠിച്ചു. വൈദ്യമാണെങ്കിലും നന്നായില്ലെ? അപ്പഴും അച്ഛൻ ചോദിച്ചത്, അളിയനെ ഇപ്പഴും "മണ്ണാൻ വൈദ്യനെന്നല്ലേ വിളിക്കണേ?" അങ്ങനെ വാദങ്ങൾ പലതായി. പക്ഷെ കോമൻ വിധിയെ മാനിച്ചു.

അച്ഛൻ മരിക്കുന്നതിനു മുൻപേ തന്നെ ആ കിരീടം ധരിച്ചു. കിടപ്പിലായ അച്ഛനെ നോക്കാൻ, അമ്മയുടെ കൂടെ അനിയത്തി. കുറച്ചുകാലം കഴിഞ്ഞ് അവൾ ഭർത്താവിന്റെ കൂടെ പോയി. കണ്ണൂക്കാരൻ ഒരു മണ്ണാൻ. എന്നാലും അവൻ സ്കൂളിൽ പ്യൂണായതു കൊണ്ട് അവൾ രക്ഷപ്പെട്ടു. ഇടയ്ക്കൊക്കെ കുലത്തൊഴിലിനും പോകും. കിടന്നു കിടന്ന് പുറം പൊട്ടിയൊലിച്ച് ഒരു ദിവസം അച്ഛൻ യാത്രയായി. അമ്മയും അധിക നാൾ ഉണ്ടായില്ല. ഒരു കാലവർഷത്തിലെ കുടം പൊട്ടിച്ചൊരിയുന്ന മഴയത്ത് അവർ ശ്വാസത്തിനുവേണ്ടി പിടഞ്ഞു. കൊള്ളിയാൻ മിന്നിയിരുന്ന ആ സന്ധ്യയിൽ അവരും പോയി. പനംപട്ടയും ചാരിയിരുന്ന കോമനെ ആരും ആശ്വസിപ്പിക്കാൻ എത്തിയില്ല. അനിയത്തിയുടെ കരച്ചിൽ അടക്കി നിർത്താനായി സ്വയം കടിച്ചമർത്തിയ നിലവിളി ഭിത്തികൾക്കുള്ളിൽ ഞെരിഞ്ഞു. പട്ടടയിലേക്കെടുക്കുന്നതിനു മുൻപ് ആ പാദം തൊട്ടു നമസ്കരിച്ചു. പൊള്ളുന്ന തണുപ്പ്. മരണത്തിന് ഇത്രയും തണുപ്പോ? അമ്മയുടെ ചൂടുപറ്റിക്കിടന്നുറങ്ങിയിരുന്ന രാവുകൾ ഓർമ്മകളുടെ മാറാല തട്ടിതകർത്ത് പുറത്തു വന്നു. "അമ്മേ" മനസ്സു തേങ്ങി. ഏണിയിൽ വലിച്ചു മുറുകിയ ദേഹവുമായി പുഴവക്കിലേക്ക് നടന്നു നീങ്ങുമ്പോൾ ചെരിയാതിരിക്കാൻ, വീഴാതിരിക്കാൻ ശ്രദ്ധിച്ചു. വീണാൽ അമ്മയ്ക്ക് നോവും. അന്ന് അച്ഛനെ കൊണ്ടുപോകുമ്പോളും ശ്രദ്ധിച്ചിരുന്നു. "കോമാ, ഇത്രയൊന്നും ശ്രദ്ധിക്കണ്ടാ, വീണാൽ നോവില്ല". പിന്നിൽ നിന്നാരോ പറഞ്ഞു.

പിന്നെ അനിയത്തി വരാതായി. ഒരിക്കൽ വന്നു. അന്നു മുഖത്തുനോക്കാൻ പോലും പ്രാപ്തനായിരുന്നില്ല.

അവൾ പറഞ്ഞു, "ഇനി കോമേട്ടാ അങ്കട് പോന്നോളൂ. ഇവിടെ ഒറ്റക്കാവണ്ട". പോയില്ല. ബന്ധങ്ങളുടെ ശ്വാസതരംഗങ്ങൾ ഈ ഭാഗത്തു തന്നെയാണ്. ആ തരംഗങ്ങളിലൂടെ താളം തല്ലുന്ന മനസ്സുമായി നടക്കാം. ഒറ്റയ്ക്കാണ് താൻ. അൽപം ആഹാരം, വൈകുന്നേരമായാൽ സ്വൽപം പനങ്കള്ള്. പിന്നെ കുടിയിൽ വന്ന് അത്താഴം. എല്ലാം തനിയെ വെച്ചു കഴിക്കുമ്പോൾ കോമൻ വിങ്ങിപ്പൊട്ടും.

നാട്ടിലെ എല്ലാ വീടുകളും കയറി ഇറങ്ങി, രാത്രിയിൽ കിരീടം അഴിക്കുമ്പോൾ ഇന്നലെയാണ് ആദ്യമായി ഒരു ക്ഷീണം തോന്നിയത്. ഇത്രയും ക്ഷീണം ഒരിക്കലും ഉണ്ടായിട്ടില്ല. അമ്മാമൻ വൈദ്യനാണ്. പ്രസിദ്ധനും സിദ്ധനും ആണ്. ഒന്ന് അത്രറ്റം പോയി എന്തെങ്കിലും മരുന്നു വാങ്ങിക്കഴിക്കാമായിരുന്നു. വെറുതെ അടുപ്പത്തേക്ക് നോക്കി. ഇത്തിരി അരി അടുപ്പത്തിട്ടു പോയാൽ, തിരിച്ചു വരുമ്പോഴെയ്ക്കും വറ്റി ചോറാകും. പിന്നെ രണ്ട് വറ്റൽ മുളകും ഉപ്പും ചേർത്ത് കഴിച്ചുറങ്ങാം. അതിനും മുൻപ് ഇന്നലെ ബാക്കി വെച്ച ഇത്തിരി പനങ്കള്ളുമാവാം.

പനമ്പട്ട കൊണ്ടുണ്ടാക്കിയ വാതിൽ വലിച്ചടച്ചു. അപ്പോഴാണോർമ്മ വന്നത്, ഇടവപ്പാതി വരാറായി. രണ്ടുമാസമെ ബാക്കിയുള്ളൂ. വീടുമാത്രമല്ല, പനയോലയുടെ ഈ വാതിലും മാറാനായിയിരിക്കുന്നു. തന്റെ കുടുംബത്തിൽ മറ്റാരുമില്ലെന്ന ബോധം ഞെട്ടിക്കുന്നുണ്ട്. എന്തു ചെയ്യാൻ. എല്ലാം വിധി. തലമുറകളായി പൂതം കെട്ടിയ മണ്ണാന്മാരാണ്. ദേവിയുടെ കോപത്തിന് ഒരിടവും കൊടുക്കാറില്ല. ദേവിയാണ് ശരണം. ജീവിക്കാനുള്ള വഴികാണിച്ചു തരുന്നത് അമ്മ തന്നെ. ഇന്നുവരെ ഒരു വറ്റിനു വേണ്ടിയും ബുദ്ധിമുട്ടിയിട്ടില്ല. ധാരാളമില്ലെങ്കിലും വയർ നിറയാറില്ലെങ്കിലും പട്ടിണി കിടക്കേണ്ടി വരില്ല. ഇതിലും വലിയ കടാക്ഷം എന്താ ഉള്ളത്.

സന്ധ്യയുടെ നിഴൽ പരന്ന കുണ്ടൻ ഇടവഴി ചാടിക്കടന്ന്, വേലികൊണ്ടുണ്ടാക്കിയ വാതിൽ മാറ്റി, അമ്മാമന്റെ വീടിന്റെ മുറ്റത്തെത്തി. ഒന്നു മുരടനക്കി പുറത്താളു വന്നിട്ടുണ്ടെന്ന് മനസ്സിലാക്കിച്ചു. "ആരാ കോമനാ, ഇങ്കട് കേറിപ്പോരേ". മുട്ടകവിളക്കിന് പൂവിതൾ പോലുള്ള ചിമ്മിനി. അതും പിടിച്ച് അമ്മായിയാണ് ഇറങ്ങി വന്നത്. അമ്മായിയുടെ ചോദ്യം, "ഇന്നും നീ പോയി അല്ലെ? നീരെളക്കം വല്ലാണ്ടെ ഉള്ളപ്പോ എന്തിനേ നീ പോയ്യേ?". കോമൻ സവിനയം പറഞ്ഞു "ഇല്ല അമ്മായി, പൂവാണ്ടെ പറ്റോ, എല്ലാം ദേവി നോക്ക്യോളും." അമ്മായി മാത്രമല്ല അമ്മായിയമ്മയും കൂടിയാണ്. കുഞ്ഞീരേടെ അമ്മ. തന്റെ കുഞ്ഞോന്റെ മുത്തശ്ശി.

മണ്ണു കൊണ്ടുണ്ടാക്കിയ നടക്കല്ല് കേറി വരാന്തയിൽ ഇരുന്നു. അമ്മാമൻ ചാരുകസേലയിൽ കിടക്കുകയാണ്. എത്രകൊല്ലം പഴക്കംണ്ടാവോ ഇതിന്. മനയ്ക്കലെ നാലാബ്രാൻ സമ്മാനിച്ചതാണ്. നാലാബ്രാന്റെ മകൻ ഉണ്ണി, തന്റെ സഹപാഠി. അദ്ദേഹത്തിന് രണ്ടു പെണ്മക്കൾ. അവരെ മംഗലം കഴിച്ചു കൊടുത്തു. ദൂരെ തൃശ്ശൂരാണ്. അധികം താമസിയാതെ ഒരു ദിവസം പ്രസംഗിച്ചുകൊണ്ടു നിൽക്കുമ്പോൾ ഉണ്ണി കുഴഞ്ഞു വീണു. പിന്നെ എണീറ്റിട്ടില്ല്യ. ഇപ്പൊ മനേം പോയി. ഒക്കെ അന്യം നിന്നു പോയപോലെ ആയി.

"എന്താ നിന്റെ ശബ്ദത്തിനൊരുമാറ്റം, കോമാ?" "അമ്മാമേ എന്തോ ഒരു ക്ഷീണം. ഇന്നലേണ്ടാർന്നു. ഇന്നിത്രി കലശലായപോലെ. അദോണ്ടാ ഞാൻ ഈ മോന്തിക്ക് വന്നേ". അമ്മായി ഒരു ഗ്ലാസ്സിൽ അൽപം വെള്ളവുമായി വന്നു. അമ്മാമന്റെ മനസ്സിൽ തോന്നുന്ന മരുന്ന് അമ്മായിക്ക് എത്ര വേഗാ മനസ്സിലാവാ. അദ്ഭുതം തന്നെ. എത്ര കൊല്ലായി. അമ്മാമനു 25 വയസ്സും അമ്മായിക്ക് 12ഉം വയസ്സായിരുന്നു. കുഞ്ഞീരക്ക് മംഗല്യസമയത്ത് 18 ആയിരുന്നു. തനിക്ക് 22ഉം. കാണാൻ തരക്കേടില്ല. അവൾ തന്റെ ഒക്കത്തിരുന്നാണ് വളർന്നത്. പിന്നെ പെട്ടെന്നൊരു ദിവസം അമ്മാമൻ അവളെ വീടിനുള്ളിൽ മാത്രമാക്കി. മാമ്പഴക്കാലത്തും പൂരക്കാലത്തും മാത്രമെ അവൾ പുറത്തു വന്നിരുന്നുള്ളൂ. കാണുമ്പൊഴൊക്കെ ചിരിക്കും. ഒരു ദിവസം പൂതക്കിരീടമൊക്കെ അഴിച്ചു വെയ്ക്കുമ്പോൾ അച്ഛൻ പറഞ്ഞു, "കോമാ നീ കുഞ്ഞീരെ ഇങ്കട് കൊണ്ടോരാരെ, ഇനി വൈകിയ്ക്കണ്ടാ." ആ പൂരക്കാലത്ത്

പൂതനും തിറയും
നിറഞ്ഞാടിയ
കാലത്ത്, മനസ്സലെ
കറ്റക്കളത്തിന് കാവലിരിക്കുമ്പോൾ
മനസ്സിൽ കുഞ്ഞീര കടന്നു കൂടി. അവളെ
മനസ്സിൽ നൃത്തം ചെയ്യിച്ചു. നിലാവിലും
അപ്പോക്കഴിഞ്ഞുപോയ ആതിരാ രാവിലും ഒരു
കുളിരായി വന്നു. ഒക്കത്തിരുന്നു വളർന്ന പെണ്ണാ
അവൾ. എത്ര കൊഞ്ചിച്ചിരിക്കുന്നു. ഇനി അവൾ എന്റെ
ഭാര്യ. നിനച്ചിരിക്കാതെ വന്ന ഭാഗ്യം.

പിന്നെ താമസിച്ചില്ല. ആ വർഷത്തിലെ കുഞ്ചൻ ദിനത്തിന്റെ പിറ്റെ ദിവസം താംബൂലം. എന്റെ കളിക്കൂട്ടുകാരൻ ഒരാൾ മാത്രം. എന്നും എനിക്കൊപ്പമുണ്ടായിരുന്ന തമ്പ്രാൻ. ജാതിയും മതവും ഒന്നുമില്ലെന്നും അതിർവരമ്പുകൾ തൊടികളെ വേർതിരിക്കാൻ മാത്രമായിരിക്കണമെന്നും വിശ്വസിച്ചിരുന്ന അദ്ദേഹം എനിക്കൊപ്പം നിശ്ചയത്തിനെത്തിയത് പലരെയും ഞെട്ടിച്ചു. വൃത്തിയും മനുഷ്യത്വവുമാണ് ജീവിതത്തെ തീണ്ടലില്ലാതെ ആക്കാൻ സഹായിക്കുന്നത് എന്ന് അദ്ദേഹം പലവുരു പറഞ്ഞിട്ടുണ്ടെങ്കിലും ഒന്നും നടപ്പിലായില്ല.

"അങ്ക് കുടിക്ക് കോമാ." പൂവിതൾ ചിമ്മിനി വിളക്കിനു മുൻപിൽ ഇരിക്കുന്ന ഗ്ലാസെടുത്ത് ഒറ്റവലിക്ക് മരുന്ന് കഴിച്ചു. "ഇനി അത്താഴം കഴിഞ്ഞിട്ട് പൂവ്വാം. ഇത്തിരി കഞ്ഞീണ്ട്, നീ കൈ കഴുകി വാ". അമ്മായി സ്നേഹം തുളുമ്പുന്ന വസ്ഥി പിഞ്ഞാണം തെരെഞ്ഞു. "വേണ്ട അമ്മായി, ഞാൻ കുടീല് കഞ്ഞിക്കലം അടുപ്പത്ത് വെച്ചിട്ടാ പോന്നേ. അവിടെ എത്തുമ്പളേക്കും വറ്റീട്ടുണ്ടാവും. ഞാൻ പോട്ടെ." "ന്നാ നിക്ക് ഇത്തിരി കൂട്ടാൻ ണ്ട്." അമ്മായി ഒരു ചെറിയ മൊന്തയിൽ കൂട്ടാൻ ആക്കി കയ്യിൽ തന്നു. വീണ്ടും വേലികെട്ടിയ വാതിൽ തുറന്ന് കോമൻ പുറത്തിറങ്ങി. വീട്ടിലെത്തിയപ്പോൾ അടുപ്പിൽ കനൽ കട്ടകൾ തിളങ്ങി. മാറിൽ കനൽ വാരിയെറിഞ്ഞ പൂരക്കാലം മനസ്സിൽ തെളിഞ്ഞു.

അഞ്ചു കൊല്ലമായി. കാവിൽ പൂതങ്ങളുടെ
തിരക്ക്. ഒപ്പം തിറകളും വെള്ളാട്ടുകളും.
തിങ്ങി നിറഞ്ഞു നിൽക്കുന്ന
പുരുഷാരം.
വഴിയോരത്തു മുളംതണ്ടുകളിലൂടെ ശർക്കരനീർ, കരിമ്പ് നീർ. ഒപ്പത്തിനൊപ്പം നല്ല സംഭാരം. പുത്തനുടുപ്പുകളും സന്തോഷം വാരിപ്പൂശിയ മുഖങ്ങളും. ദേവിയുടെ സന്നിധാനത്തിൽ നിറമനസ്സുകൾ മോഹങ്ങളുടെ വല്ലങ്ങളുമായി, നിവേദിക്കാനെത്തിയിരിക്കുകയാണ്. പീപ്പിവിളികളും ഇടവിട്ടിടവിട്ട കതിനകളും, അലയടിക്കുന്ന ശബ്ദതരംഗങ്ങളും, സർവ്വം ദേവിമയം. പൂരം. കാവിലെ പൂരം. കുതിരകൾ ഒരിടത്ത്, കാളകൾ മറ്റൊരിടത്ത്. ഒഴുകി അകന്നും അടുത്തും ജനം വെയിലിൽ ഒട്ടുന്നു.

മേളക്കൊഴുപ്പിൽ കരിവീരന്മാർ തല ഉയർത്തി നെറ്റിപ്പട്ടവും കെട്ടി നിൽക്കുന്നു. അവർക്കു മുകളിൽ തിടമ്പും പിടിച്ച് ശാന്തിക്കാർ. അവർക്കു പിന്നിൽ ആലവട്ടവും വെഞ്ചാമരവും വീശി നിൽക്കുന്നവർ. കോമൻ കളിക്കുന്നു. കുട്ടികൾ ആർത്ത് വിളിക്കുന്നു "തൊള്ളേക്കണ്ണാ, കുട്ട്യേ വേണൊ" എന്ന പരിഹാസചോദ്യങ്ങൾക്ക് മറുപടിയായി അവരുടെ നേരേ ചാടുമ്പോൾ അവർ ഭയന്നു പിന്മാറുന്നു. പാവങ്ങൾ.

കോമൻ ഇടക്കിടെ കണ്ണു വെട്ടിച്ച് നോക്കും, തന്റെ കുഞ്ഞീരയും കുഞ്ഞോനും തിരക്കിനിടയിൽ ബുദ്ധിമുട്ടുന്നുണ്ടോന്ന് അറിയാൻ. പൂരം തെളിഞ്ഞു വരുന്നു, മൂത്തു വരുന്നു. ഇന്നത്തെ സന്ധ്യകഴിഞ്ഞാൽ എല്ലാം ശുഭം. നാളിതുവരെ ഇല്ലാതിരുന്ന ഉന്മേഷം. വാദ്യമേളങ്ങളും പൂരത്തിരക്കും ദേവീദർശനവും മുറയ്ക്കു നടക്കുന്നു. വെയിലാണെങ്കിലും ആരും തളരുന്നില്ല. ഉത്സാഹം വാദ്യക്കൊഴുപ്പുമായി സല്ലപിച്ച് ആലിലയ്ക്കൊപ്പം നൃത്തം ചെയ്യുന്നു. ശ്രീകോവിലിനുള്ളിലും ദേവി നൃത്തം ചെയ്യുന്നുണ്ടാവും. പക്ഷേ അത് അധികനേരം നീണ്ടു നിന്നില്ല. കണ്ണുചിമ്മി തുറക്കുന്ന ഞൊടിയിൽ എല്ലാം അവസാനിച്ചു. ആളുകൾ പലവഴി ഓടി. വീണവരുടെ ദേഹത്തു ചവിട്ടി സ്വരക്ഷ തേടി ഓടിയവർ, കേൾക്കാതെ പോയ കരച്ചിലുകൾ. വാദ്യമേളക്കാരും, കച്ചവടക്കാരും എല്ലാം ഇട്ടോടി. തലയിൽ ഭാരമുള്ള കിരീടധാരികൾ ദേഹവും കിരീടവും രക്ഷിച്ചു കൊണ്ടോടി. ആലവട്ടവും വെഞ്ചാമരവും അതു പിടിച്ചിരുന്നവരും അരയുന്നതു കണ്ടു കോമൻ ഞെട്ടി. "എന്റെ കുഞ്ഞോൻ, ന്റെ കുഞ്ഞീര". അവരെ ഉറക്കെ വിളിച്ചുകോണ്ടോടി അവൻ. ആടിത്തളർന്ന കാലുകൾ സർവ ശേഷിയുമെടുത്തോടി. തൊണ്ട പൊട്ടുമ്മാറ് ഉച്ചത്തിൽ വിളിച്ചു. "ന്റെ കുഞ്ഞീരേ, എന്റെ

കുഞ്ഞോനെ". എത്ര മയിലുകൾ അവൻ ആ കിരീടവും ധരിച്ചുകൊണ്ടോടിയെന്നറിയില്ല. ആ ഭാരവും അവൻ വലിച്ചെറിഞ്ഞു, കാലിലെ തളകളും ചിലങ്കകളും അവൻ വലിച്ചൂരിയെറിഞ്ഞു.

എവിടെയോ വീണു. കണ്ണു തുറന്നപ്പോൾ കൂരിരുട്ട്. ഒന്നും കാണാൻ വയ്യ. അൽപം വെള്ളം വേണം. എവിടെയാണ് താൻ എന്നറിയാതെ ചുറ്റിനും നോക്കി. ഒന്നും മനസ്സിലാവുന്നില്ല. തന്റെ കുഞ്ഞീരയില്ല, കുഞ്ഞോനില്ല. എഴുന്നേറ്റ് പതുക്കെ വലിച്ചു വലിച്ച് നടന്നു. ഒരു മൺപാതയിലെത്തി. ഇരുഭാഗത്തും പാടങ്ങൾ. കോമൻ അറിഞ്ഞു, താൻ നായരുടെ പാടത്തിൻ നടുവിലാണെന്ന്. പിന്നെ ഇരുന്നും നടന്നു, കാവിന്റെ കുളക്കരയിലെത്തി. ശ്മശാനം പോലെ ഒഴിഞ്ഞു കിടക്കുന്നു. ചിതറിക്കിടക്കുന്ന കുപ്പിവളകളും തത്തിനടക്കുന്ന ഒന്നു രണ്ടു ബലൂണും ആ രാത്രിയിൽ അവൻ കണ്ടു. പിന്നെ കണ്ടത് ചതഞ്ഞരഞ്ഞ മനുഷ്യ കോലങ്ങളായിരുന്നു. തിരിച്ചറിയാൻ കഴിയാതെ അവൻ അവർക്കിടയിലൂടെ ചാഞ്ഞു ചെരിഞ്ഞും നോക്കി നടന്നു, "ന്റെ കുഞ്ഞീര, എന്റെ കുഞ്ഞോൻ". ദേവി അവനെ കാക്കും, തന്റെ കാലം കഴിഞ്ഞാൽ ദേവിയുടെ പൂതൻ കെട്ടാൻ അവനാണ്. അവനെ പ്രസവിച്ച കുഞ്ഞീരയേയും ദേവി കത്തുകൊള്ളും. കോമന്റെ ബലമായ വിശ്വാസം.

അന്ത്യയാമത്തിലേക്കെത്തിയ രാവിന് ഇനി അധികനേരം തങ്ങാനാവില്ല. കോമന് മനസ്സിലായി. ആദ്യകിരണം വീഴുന്നതും കാത്തവൻ ഇരുന്നു. വെള്ള വീശുന്നതും ആ, വെളിച്ചവുമായി കാറ്റു വരുന്നതും, അവൻ മനസ്സിൽ കണ്ടു. ആ ശീതളിമ കവിളിൽ തട്ടി, തന്റെ കുഞ്ഞോനും കുഞ്ഞീരയും ഞെട്ടി കണ്ണുതുറക്കുന്നതും അവൻ മനസ്സിൽ കണ്ടു. അതെ, കാറ്റു വന്നു. കൂടിക്കിടന്നിരുന്ന ചപ്പു ചവറുകളും കടലാസ്സുകളും ഒക്കെ പറന്നകന്നു. ഭീഭത്സമായ മുഖങ്ങൾ പുറത്തു വന്നു. ചോര കട്ടപിടിച്ചും, തെറിച്ചു വീണും കറുത്തുപോയ മുഖങ്ങളും ഉടുപ്പുകളും. തന്റെ കണ്ണുകൾ പരതി, മുഖങ്ങളിൽ നിന്ന് മുഖങ്ങളിലേക്ക്. താൻ തേടുന്നത്
ജീവനുള്ള
ഒരമ്മയേയും
കുഞ്ഞിനേയും. അവരുടെ
അവയവങ്ങൾ അനങ്ങുന്നുണ്ടോന്ന്
ശ്രദ്ധയോടെ നോക്കി. ഇല്ല, എല്ലാം നിശ്ചലം.
ഒന്നും അനങ്ങുന്നില്ല.

നാട്ടുകാർ ഒറ്റയ്ക്കും കൂട്ടമായും വന്നു തുടങ്ങി. ഒരു പ്രകൃതിക്ഷോഭത്തിന്റെ അന്ത്യം ശവപ്പറമ്പായി. ക്ഷോഭിച്ചത് പ്രകൃതിയല്ലായിരുന്നു. തിടമ്പേന്തിയ ആന. അവിടേക്ക് വന്നുകൊണ്ടിരുന്നവർ പറയുന്നു. കോമൻ പലവട്ടം നടന്നു നോക്കി. തന്റെ കുഞ്ഞോനെയും കുഞ്ഞീരയേയും കണ്ടില്ല. ആൾക്കൂട്ടത്തിൽ നഷ്ടപ്പെട്ടു. തിരിച്ചു നടക്കാൻ തുടങ്ങിയപ്പോൾ അമ്മാമനും അമ്മായിയും വന്നു. അവർ കോമന്റെ കാതിൽ എന്തോ പറഞ്ഞു. കോമൻ ഒന്നും കേട്ടില്ല, പക്ഷെ ഒന്നും ശബ്ദിക്കാനാവാതെ അവർക്കൊപ്പം നീങ്ങി. അൽപ ദൂരെ റോഡിനരികിലെ ഒരു വലുതും ചെറുതുമായ ശവശരീരങ്ങളെ മുത്തം വെച്ചു. പക്ഷെ തനിക്കു മുൻപേ മരണത്തിന്റെ തണുത്ത മുത്തം അവരെ കോരിത്തരിപ്പിച്ചിരുന്നു.

അടുപ്പിലെ കനലിലേക്ക് സൂക്ഷിച്ചു നോക്കി. മരണത്തിന്റെ തണുപ്പിൽ വെറുങ്ങലിച്ച കുഞ്ഞീരയും കുഞ്ഞോനും തന്നെ ഉറ്റുനോക്കുന്നു. ആ കനൽക്കട്ടകളിൽ അവൻ കണ്ടത് ജീവന്റെ തുടുത്തനിറം. ജീവൻ തുടിക്കുന്നു. അതേ അവരുടെ കണ്ണുകൾ. കോമനെ തഴുകി ഒരു കാറ്റപ്പോൾ അതിലെ കടന്നു പോയി. "കോമാ, നീ ഒരു പൂതമാണ്. ഒരു വ്യത്യാസം, നീ തിരയുന്നത് നിനക്കു നഷ്ടമായ കുട്ടിയെ മാത്രമല്ല, അതിന്റെ അമ്മയെക്കൂടി." എല്ലാം പൂരവും ജനങ്ങൾ ആഘോഷിക്കുമ്പോൾ പൂതങ്ങളുടെ മനസ്സിൽ വാത്സല്യം തിരയടിക്കുന്നു. പൂരങ്ങൾ അവരുടേതാണ്. അവർക്കു വേണ്ടി മാത്രം. കോമന്റെ കഞ്ഞിക്കലം നിറയെ വറ്റുകൾ, പട്ടിണികിടത്താതെ ദേവി അവനെ സംരക്ഷിക്കുന്നു. ദേവിയുടെ പൂതം.



Babu Ezhumavil
Director - Exim Expertize Pvt. Ltd.
Editor/Publisher - Exim Bits (Business Magazine)
Editor - Ahmedabad Kerala Samajam Magazine
Since 35 years in Gujarat.

# The Anomalous Immigrant

Hari Kumar

"Never seen one of these," quipped the officer at the Ministry of Transportation as I showed him my Singapore Driver's License as proof of my past driving experience. I was there to book my G1 test several months after my arrival in Toronto in the fall of 2010. I was in no hurry to get the license, since being the only one in my family who knew how to drive, this would mean my blissful evenings would soon be replaced by ferrying the family from here to there and everywhere.

While keying in the details into his computer, the officer casually inquired my reason to move to this 'cold country' from what he called a 'tropical paradise'. I mumbled my stock answer of my son being admitted to a university here and rounded off with a remark about the close knit family that we were.

Returning home, I thought about his remark and then it dawned on me that I was an anomaly among the waves of immigrants that reach the shores of this vast and accepting country. I came from a country that in many ways was an immigrant paradise itself. Months before taking that flight out of Singapore I would scour the internet in search of communities of Singaporeans who have migrated to Toronto. I drew a blank. Toronto was a haven for Indians, Pakistanis, Sri Lankans, Chinese, Iranians, Koreans, Arabs, Africans, Filipinos, Europeans but not for people from Singapore. Although, technically I was not a Singaporean, since I still held an Indian passport, having lived in Singapore for more than eighteen years, I considered myself at least a Singapore-Indian. Also, in contrast to the typical struggles that newcomers to Canada had to go through, my transition was unbelievably breezy. I got a decent job in Toronto just by sending a single application while in Singapore itself. I was interviewed over the phone and got the offer within a couple of weeks. I had none of the usual problems of settling in in Toronto. Most of the credit to that should go to my Canadian brother, who had made Toronto his home for more than a decade.

Soon after I got the job offer, I rented a house just a short walk from my office. All sitting in my home in Singapore. By then, my elder son had already secured admission for an undergraduate course in the University of Toronto. Within the first week of my arrival my second son also secured a place in one of the best schools in Toronto, again a five minute walk from my home. My wife too adapted quickly to her new home and surroundings. For some reason, our greatest fear— the quickly plummeting temperature— also did not seem to bother us as much. Our first sight of snow brought much joy to us.

Except for the defined seasons, we began to see similarities between Singapore and Toronto. Like Singapore, Toronto too had its distinctive mix of ethnicities. The place where I live has, besides white Canadians, a good mix of Chinese, Korean and Iranian folk. Even the buildings in our vicinity somewhat resembled the ones near our home in Singapore. There were a few slightly unpleasant, nay improvable similarities too. I quickly came to realize that the people of both countries knew little of each other. Other than being a cold and distant place, people in Singapore knew little else of Canada. Whenever I mention that I relocated from Singapore, almost invariably my Canadian friend would say, "You mean that place where people are not free?" I am tempted to retort, "Yes, they come at a price," but the extreme politeness and sincere good-naturedness of the questioner prevent me from making that rejoinder. Luckily, barring some, most are not so misinformed to ask "It's in China, eh?" I am surprised at myself when I defend the country that I bid goodbye to, when I reply, "Oh no, in fact, in some cases, it is freer than Canada," and add smugly, "for instance, Beer is available in any supermarket and even in almost all convenience stores, and, unlike here, you are free to drink it in the open (that, they like)". It is easier to get a driver's license for a newcomer and even a job, though that, I hear, is changing now.

As for the differences, my job is markedly more relaxed than in Singapore. Even though like in Singapore, here too I am working for a government organization doing similar jobs, work seems more laid back in Canada, granting me more family time. But I have learned much in Singapore and have had some of the best times there.

Canada is the fourth country where I have lived more than a couple of years. Besides Singapore, the other two being India and Iraq (where I had spent many of my childhood years). Each place has left a deep impression on me. To me, the greatest gift in living (rather than just visiting) in these diverse corners of the world, is the demolition of the many ethnic stereotypes we come to possess and the recognition of the essential humanity that is in most. My neighbor in Toronto is of Pakistani descent. They are among the most wonderful people I have come across here. Had we held on to our historical enmities, how poorer would we have become! I think, before every long journey, more important than the baggage we take, are the ones that we must leave behind.

Although at a superficial level I have become somewhat confused and hyphenated as to my identity, at a deeper level I am enriched. I belong to these countries and through them I belong to the world. I have unconsciously become an ambassador of sorts for these nations spread across the globe. Likewise, I am sure when I go abroad I will be an ambassador of Canada too.

# Permanent Resident

Palani is a Permanent Resident
in the island where the skyline
changes a little slower
than the stock market chart
whose rhythm echoes in
the nation's heart beat.

He comes from Villivakkarai,
where the Panchayat building
got its last coat of paint
on the day he hit
his first sixer while
still in primary school.

The blue plastic card means
that his forty year old feet are
supposed to have sunk roots
into the concrete floor
of his mortgaged HDB box.
(No wonder the ceiling
of his neighbour below
has started spalling!)

In this city of concinnity
he will lose his voice
whenever those whose roots
are apparently an inch deeper,
due to the pinkishness of their plastic,
lose their jobs and he,
mutely, offers his torso as a
punching bag.

Come August, he too will
hang out the weathered red and white
flag where the water-bled colours
have mingled only in the fabric.

In time, he will gift his boy,
wrapped in the green finery of fatigue,
to the nation
in return for the guaranteed prosperity that:
flows through his unfailing watertap,
blends into the weekend Big Macs,
is wheeled around in the 'world class'
MRT,
and comes numbered in his CPF account.

Eventually, when the
lahs and the mehs and the mahs
become entrenched in his lungs
like a fused layer of nicotine,
too deep and painful to root out,
when the kopi-o's and the kway teows
have become permanent residents,
—no, citizens—of his stomach,
when the constancy of mud beneath his sole
(which he once so relished)
during yearly trips to his village,
begins to irk,
and when the language
of his 'Villi' becomes
more and more incomprehensible,

then he will realize that
he has become an untethered kite
that needs a tree to rest.

and he will exchange all
of his yellowed memory
for a small red book.

and for just a moment,
he will feel the ground beneath,
vanish,
and fall arms flailing
... until the Angel of Forgetting
comes to his aid.

Perhaps he will go one more time
to Villivakkarai.

The broken window of his first sixer
still needs fixing.

Or maybe he will let it be.



Hari Kumar lived in Singapore for eighteen years, before he relocated to Canada in 2010. He was a Senior Engineer in the Land Transport Authority during his last ten years in Singapore. He works in a similar position in the Toronto Transit Commission. He is also a published writer. He is originally from Trivandrum.

# യോ യോ യം യം

## വി. രാമകൃഷ്ണൻ നായർ

യോ യോ യം യം എന്ന പാടിക്കൊണ്ട് എന്റെ ഇളയ മകൻ എന്റടുത്തെത്തി. എന്നിട്ട്, എന്താണീ യോ യോ യം യം എന്നതിന്റെ അർത്ഥം എന്ന് ചോദിച്ചു. അവൻ അത് പരേതനായ സ്വാമി ചിന്മയാനന്ദയുടെ പ്രഭാഷണ റെക്കോടിൽ നിന്ന് കേട്ടതാണ്. ഒരു സംഗീതത്തിന്റെ താള ധ്വനി ഉണ്ടായിരിക്കുന്നതിനാലാവാം അവന് അതിൽ കമ്പം തോന്നിയത്. ഒരു ചരടിലൂടെ മേലോട്ടും താഴോട്ടും കയറിയിറങ്ങുന്ന ഒരു ഡിസ്ക് അല്ലേ യോ യോ എന്ന് ഞാൻ അങ്ങോട്ടു ചോദിച്ചു. ഞാൻ പറഞ്ഞത് സംസ്കൃതവാക്കുകളാണെന്ന് അവൻ മറുപടി നല്കി. അങ്ങനെയാണെങ്കിൽ യോയോ എന്നാൽ ആരായാലും യം യം എന്നാൽ ഏതായിരുന്നാലും എന്ന് അർത്ഥം എടുക്കാം എന്ന ഞാൻ അഭിപ്രായപ്പെട്ടു. അപ്പോഴാണ് അവൻ പറയുന്നത് അത് ഭഗവത്ഗീതയിലെ ഏഴാമത്തെ അദ്ധ്യായത്തിലുള്ളതാണെന്ന്. അത് കേട്ടപ്പോൾ കൂടുതലറിയാൻ എനിക്ക് ജിജ്ഞാസയുണ്ടായി. അത് ശ്രീമത് ഭഗവത് ഗീതയിലെ ഏഴാമത്തെ അദ്ധ്യായത്തിലെ ഇരുപത്തിഒന്നാം ശ്ലോകത്തിന്റെ തുടക്കമാണെന്ന് ഞാൻ മനസ്സിലാക്കി. ശ്ലോകം ഇങ്ങനെയാണ്.

യോ യോ യാം യാം തനും ഭക്തഃ
ശ്രദ്ധയാർചിതുമിച്ഛതി
തസ്യ തസ്യാചലാം ശ്രദ്ധാം
താമേവ വിദധാമ്യഹം.

ഏതൊരു ഭക്തനും, രൂപം ഏതായിരുന്നാലും ഭക്തിയോടെ ഭജിക്കാൻ താല്പ്പര്യപ്പെട്ടാൽ ഞാൻ ആ വ്യക്തിയുടെ വിശ്വാസത്തെ കൂടുതൽ സ്ഥിരീകരിക്കും എന്നതാണ് ഈ ശ്ലോകത്തിന്റെ സാരം. എത്ര വിശാലമായ മനസ്ഥിതി. ഇത് മഹാഭാരതയുദ്ധം ആരംഭിക്കുന്നതിന് തൊട്ടുമുമ്പ് അർജ്ജുനനുണ്ടായ സംശയങ്ങളിലൊന്നിനെ പരിഹരിച്ചുകൊടുക്കുവാൻ വേണ്ടി ശ്രീകൃഷ്ണ ഭഗവാൻ പ്രവചിച്ചതാണ്. താങ്കൾ വിശ്വസിക്കുന്ന ഭക്തി രൂപം , അതെത്ര താണപടിയിലിരുന്നതായാലും, സാധാരണ മനുഷ്യർക്ക് അതിൽ പുരോഗതി വരുത്തിക്കൊടുക്കാമെന്ന് ഉറപ്പുവരുത്തിക്കൊണ്ടാണ് അത് പറയുന്നത്.

അമ്പലങ്ങളിലൊ, പള്ളികളിലോ പ്രാർത്ഥിച്ചതുകൊണ്ട് യാതൊരു പ്രയോജ നവുമില്ല; ധ്യാനം കൊണ്ടു മാത്രമേ ഒരാൾക്ക് നിത്യശാന്തി ലഭിക്കുകയുള്ളൂ എന്ന് വാദിച്ചുകൊണ്ടുള്ള ഒരു പ്രഭാഷണം ഈയിടെ എനിക്ക് കേൾക്കാനിടയായി. കൈലാസം എന്ന സ്ഥലത്ത് നാലു തവണ പോയിട്ടും എനിക്ക് ശിവനെ കാണാൻ കഴിഞ്ഞില്ലെന്നും വിദ്യാർത്ഥികൾ അമ്പലങ്ങളിൽ പോയി പായസം നേദിച്ചാൽ പരീക്ഷ പാസ്സാകുകില്ലെന്നുമുള്ള ബാലിശ വാദമാണ് ആ പ്രഭാഷകൻ സ്വീകരിച്ചത്. മാത്രമല്ല, പൊതുജനങ്ങൾ രസിക്കും എന്ന ഉദ്യേശത്തോടുകൂറ്റി ഭാര്യാഭർത്താക്കന്മാരെ തെറ്റിദ്ധരിപ്പിക്കാൻ പര്യാപ്തമായ താണനിലവാരമുള്ള പലതരം തമാശകളും പറഞ്ഞുകൊണ്ടാണ് അദ്ദേഹം അമ്പലങ്ങളെയും പൂജകളെയും തള്ളിക്കളയാൻ ഒരു ശ്രമം നടത്തിയത്.

ഭക്തിയില്ലാതെ ഏതു പ്രാർത്ഥനാലയങ്ങളെ സമീപിച്ചാലും പ്രയോജനമില്ലെന്നുള്ളത് വാസ്തവം തന്നെ. വിശ്വാസമുണ്ടെങ്കിൽ വീട്ടിലിരുന്നുതന്നെ ഈശ്വരസേവ നടത്താം. എന്നാൽ ആരാധനാകേന്ദ്രങ്ങളിൽ ചെന്നെത്തുമ്പോളാണ് അതിനുള്ള സാഹചര്യവും പ്രയോജനവും സിദ്ധിക്കുന്നത്.

തീർച്ചയായും ധ്യാനം ഭക്തിമാർഗ്ഗത്തിന്റെ ഏറ്റവും ഉന്നതവും ശ്രേഷ്ഠവുമായ ആദർശമാണ്. എന്നാൽ സാധാരണജനങ്ങൾക്ക് അത് അത്ര എളുപ്പമുള്ളതല്ല. ചിലർക്കുമാത്രം ഏകാന്തചിന്തയിൽ

മുഴുകുമ്പോൾ കൈവരുന്നതാണത്രെ ധ്യാനം. ഉറക്കം ഒരാൾക്ക് എങ്ങനെ സംഭവിക്കുന്നുവോ, അതുപോലെയാണ് ധ്യാനവും. ഒരാൾക്ക് ഇരിക്കാം, നടക്കാം, മറ്റു പല പ്രവർത്തികളും ചെയ്യാം, എന്നാൽ തന്നെത്താൻ ഉറങ്ങാൻ കഴിയുമോ? അത് തനിയെ വരണം. ധ്യാനവും അതുപോലെ തന്നെ.

പ്രാർത്ഥനകൾ ഭജനകൾ സത് സംഗങ്ങൾ എന്നിവ ആത്മീയ പുരോഗതിക്കുള്ള ചവിട്ടു പടികളാണ്. അവയെ തിരസ്കരിച്ച് കൊണ്ടുള്ള പോക്ക് നിരീശ്വര വാദത്തിന്റെ അടിത്തറ ആകാറുണ്ട്. കുട്ടികളെ രാവിലെത്തന്നെ അമ്പലങ്ങളിലേയ്ക്ക് വലിച്ചിഴച്ച് കൊണ്ടുപോകുന്നതിനു പകരം അവരെ കുറച്ച് നേരം ധ്യാനം ചെയ്യാൻ പരിശീലിപ്പിക്കണം എന്നു പറയുന്നത് അവരെ പ്രാഥമിക വിദ്യാലയങ്ങളിൽ പ്രവേശിപ്പിക്കുന്നതിൻ പകരം പി.എച്ച്.ഡി കോർസിനു അയയ്ക്കണം എന്നു പറയുന്നതുപോലെയാണ്.

കുട്ടികൾക്ക് മാത്രമല്ല, മുതിർന്നവർക്കും അവനവന്റെ വീട്ടിലിരുന്ന് ഏകാഗ്രമായി കുറച്ചുനേരം ചിന്തിക്കുവാൻ കഴിയുമോ? വീട് എത്ര വലിയതായാലും പലവിധ സൗകര്യങ്ങൾ ഉള്ളതായാലും കുടുംബജീവിതം നയിക്കുന്നവർക്ക് അങ്ങനെ ചെയ്യുവാൻ സാധ്യമാണെന്ന് തോന്നുന്നില്ല.

അമ്പലങ്ങളും മറ്റു ആരാധനാകേന്ദ്രങ്ങളും സാധാരന ജനങ്ങളുടെ ആത്മീയ ചിന്തകളെ ഉയർത്തുവാൻ വളരെയധികം സ്വാധീനിച്ചിട്ടുണ്ട്. അവിടങ്ങളിൽ പോകുമ്പോഴും അർച്ചനകൾ നടത്തുമ്പോഴും ആവാഹിച്ചു സ്ഥാനമുറപ്പിച്ച വിഗ്രഹങ്ങളെ ദർശിക്കുമ്പോഴും കിട്ടുന്ന ആത്മസംതൃപ്തി പലരും അനുഭവിച്ചറിഞ്ഞിട്ടുള്ളതാണ്. അതുകൊണ്ടാണ് എത്രയും ബുദ്ധിമുട്ടുകൾ നേരിട്ടും കഷ്ടനഷ്ടങ്ങൾ സഹിച്ചും ഒരിക്കൽ നടത്തിയ ക്ഷേത്രദർശനങ്ങൾ അവർ വീണ്ടും വീണ്ടും നടത്തുന്നത്.

ശാസ്ത്രീയ പുരോഗതി ഉന്നതസ്ഥാനത്തെത്തിയ ഇന്നത്തെ കാലത്ത് അമ്പലങ്ങൾ പഴയ ആചാരങ്ങളെ വെച്ചുപുലർത്തുന്ന സ്ഥാപനങ്ങൾ മാത്രമാണെന്ന് ചില നിരീശ്വരവാദികൾ ഉന്നയിച്ചേക്കാം. എന്നാൽ പല ശാസ്ത്രജ്ഞന്മാരും ജ്ഞാനികളും, വിജ്ഞാനമേധാവികളും തത്വചിന്തകരും ഈശ്വരപ്രാർത്ഥനയിൽ വിശ്വാസമുള്ളവരായി കാണുന്നത് അത്തരക്കാർക്ക് അറിയാതെപോയി . അദ്വൈതതത്വത്തെ ലോകത്തിന് സമ്മാനിച്ച ശ്രീ ശങ്കരാചാര്യർ അമ്പലങ്ങളുടെ മഹിമ അറിയാത്തതുകൊണ്ടാണോ നൂറിൽ പരം ദേവീക്ഷേത്രങ്ങൾ സ്ഥാപിച്ചതും അവയുടെ പൂജാവിധികൾ നിർദ്ദേശിച്ചതും. രാമകൃഷ്ണ മിഷന്റെ ഉത്ഭവത്തിന് കാരണഭൂതനായ ശ്രീരാമകൃഷ്ണപരമഹംസൻ കാളീപൂജ നടത്തിരിയിരുന്നത് ക്ഷേത്രങ്ങളിൽ വിശ്വാസമില്ലാത്തതുകൊണ്ടാണോ? ബുദ്ധിരാക്ഷസന്മാരായിരുന്ന ഐൻസ്റ്റൈൻ എന്നിവർ പുകഴ്ത്തുന്ന മഹാത്മാ ഗാന്ധി പ്രാർത്ഥനകളിൽ പങ്കെടുത്തിരുന്നത് ആരാധനാകേന്ദ്രങ്ങളിൽ വിശ്വാസമില്ലാതിരുന്നതുകൊണ്ടാണോ?

ഭക്തിചിന്തനയും അതിനോടനുബന്ധിച്ച പ്രാർത്ഥനാമട്ടുകളും ധ്യാനമാർഗ്ഗവും അതുപോലെത്തന്നെ നിരീശ്വരവാദങ്ങളും യോ യോ യം യം ചർച്ചാവിഷയങ്ങൾ തനെ.

# The Human Hand

Dr. V P Nair, MBBS, BSc, PBM, MRCP (UK & Ireland), FAMS (Cardiology - Singapore), MRCGP & FRCGP (UK), FRCP (Edinburgh, Ireland & London,) FCCP & FACC (USA), FESC (Europe)

Consultant Cardiologist & Physician, Mount Elizabeth Medical Specialist Centre, Orchard #16-08 & Novena 07-35/07-30, Mount Elizabeth Hospital, Orchard & Novena

President, GOPIO (Global Organisation, People of Indian Origin), Trustee, SMA (Singapore Malayalee Association), Singapore Email Address: dr.vpnair@gmail.com/dr.vp.nair@heartmatters.com.sg

"The human hand is so beautifully formed, its actions are so powerful, so free and yet so delicate that there is no thought of its complexity as an instrument; we use it as we draw our breath, unconsciously." - by Frank R Wilson

Humans are alone in the advanced ability and evolved state of their hands. We use them to perform countless tasks each day such as writing, gardening, eating, brushing teeth, buttoning shirts, playing games, carrying groceries, using computers and sending SMSs. The mute talk with their hands and the blind read with them. They are used to greet and to insult; to create and to destroy. Art, drama, music; all created by the hand. An example is the world renowned art form, Kathakali, which originated from Kerala, a classical Indian dance-drama that uses intricate hand gestures or "mudras" and combines them with facial expressions, foot work and body language to tell a story.

When was the last time you thought about your hands and the critical role they play in your daily routine? Or what life would be like without them? An old patient of mine lost her hands in a bomb blast in World War II. She often tells me of the things she imagines herself doing with her hands. We do so take our hands for granted.

The hand is in reality an intricate architectural wonder, consisting of skin, muscles, tendons, joints, ligaments, blood vessels, lymphatics, nerves, and bones. Hands can hurt from mechanical, vascular, infective or neurological causes. Arthritis affects the hands in one in five adults. A focused exercise program targeting the muscles, tendons and ligaments in the hand can help maintain range of motion, flexibility, and strength in your hands.

## STRETCHING EXERCISES

Stretching helps to strengthen muscles and tendons. The following are several stretching exercises for your hand. Follow the instructions and stretch gently until you feel the pressure, but without pain. Hold the positions for 15 to 30 seconds. This is helpful in relieving tendinitis and tightness of forearm muscles. Hold the stretch for 15 to 30 seconds and rest for 30 seconds between each repetition. Do a set of four repetitions, twice a day.

### 1. WRIST FLEXOR STRETCHES

- Hold one hand at chest level with the elbow bent.
- Grasp the fingers of that hand with the other.
- Pull the hand back gently.
- Repeat the same exercise with a straight arm.
- Switch hands and repeat.

### 2. WRIST EXTENSOR STRETCHES

- Hold one hand at chest level with the elbow bent.
- With the other hand, grasp the thumb side of the hand and bend your wrist downward.
- To increase the stretch, bend your wrist toward your little finger.
- Repeat the same exercise with a straight arm.
- Switch hands and repeat.

## LATERAL FLEXION AND ROTATION

These exercises work muscles against resistance. Hold each position for 10 seconds. Complete one set of 10 repetitions once or twice a day.

### 1. ISOMETRIC WRIST EXTENSION

- Hold one hand palm down on a table or other surface. Put your other hand on top of it.
- Try to raise the lower hand, but don't allow it to move.
- Switch hands and repeat.
- Isometric wrist flexion - Follow the same steps as above, but with palm facing up.

### 2. PRAYER STRETCH

Bring both hands together in a prayer position or

"Namaste" mode at the middle of the chest with the elbow outstretched. Press the palms together for 30 seconds and then relax for 30 seconds. Rotate the palms up and down for 30 seconds. Repeat 3 times.




Similarly press the palm of outstretched hands on a wall for 30 seconds, relax and repeat 3 times.

CARPAL TUNNEL SYNDROME

This is the most common disabling condition of the hands. It affects 3 to 5% of the adult population. Inside your wrist, a slick tunnel passes through the carpal bones. The nerves and tendons of the wrist pass through this space, called the "carpal tunnel". The median nerve controls sensations in the palm side of the thumb, the index and middle fingers, and half of the ring finger. It also transmits the impulses to certain hand muscles that allow the fingers and thumb to move. Carpal tunnel syndrome occurs when this nerve becomes irritated or squeezed. Symptoms include numbness, tingling, pain, pressure or weakness in the affected hand.

Predisposing causes of carpal tunnel syndrome:

- arthritis or fracture near the wrist
- pregnancy
- diabetes
- obesity
- overuse of hands including Excess usage of vibratory tools
- Working on computers for prolonged periods.
- underactive thyroid (hypothyroid)
- Idiopathic or no clear cause known




TREATMENT OF CARPAL TUNNEL SYNDROME

Rest the affected hand for about two weeks.

Avoid activities that worsen symptoms. You may wear a splint that keeps your wrist in a neutral position particularly at night. Some hand exercises may be helpful, but it's best to consult your doctor or physiotherapist

Medications: Non-steroidal anti-inflammatory agents such as aspirin, ibuprofen, arcoxia and naproxen can help to relieve pain but won't cure carpal tunnel syndrome. Steroid injections into the carpal tunnel can also help, especially in younger people with short duration of symptoms. However pain may return within two to four months in some people.

Surgery: For people with persistent numbness, pain, or reduced hand function that doesn't respond to standard treatment, surgery is an option. Surgery creates more space in the tunnel by releasing the transverse carpal ligament, which relieves pressure on the median nerve. This is a day surgery under local anaesthesia. Endoscopic or open carpel tunnel release are the two modalities of surgery available. Specific exercise routine can help delay or even sidestep surgery. Even after surgery early mobilisation and regular hand exercise is essential.



# സ്വാമി എന്റെ ദർശന സായൂജ്യം

ഗീതാകൃഷ്ണൻ R

സ്വാമിയെന്ന് സംബോധന ചെയ്യുമ്പോൾ, ആ മഹത് വ്യക്തിക്ക് ദൈവീക പരിവേഷം വരുന്നെന്നാണ് സങ്കല്പം. ശ്രീ ദക്ഷിണാമൂർത്തിയെ സ്വാമിയെന്ന് സംബോധന ചെയ്യുമ്പോൾ ആ സങ്കലപം ഒരു യാഥാർത്ഥ്യം ആകുമെന്നാണ് എന്റെ അനുഭവത്തിൽ മനസ്സിലാക്കാൻ കഴിഞ്ഞത്. അദ്ദേഹവുമായി അടുത്തിടപെടാനും , ആ ജ്ഞാനത്തിന്റെയും ലാളിത്യത്തിന്റെയും അഭൗമതലങ്ങളോടടുക്കാനുള്ള അവസരം ലഭിച്ചതും എന്റെ ജീവിതത്തിൽ കിട്ടിയ ഒരു വലിയ സായൂജ്യമാണെന്ന് കരുതുന്നു. ആ ഒരു സുദൃഢബന്ധം എന്റെ ജീവിതത്തിൽ വലിയ മാറ്റങ്ങളുണ്ടാക്കിയെന്ന് ഞാൻ ഉത്തമമായി വിശ്വസിക്കുന്നു. തലശ്ശേരിയിലെ പെരളശ്ശേരി സുബ്രഹ്മണ്യസ്വാമിക്ഷേത്രത്തിൽ നിന്ന് വളരെ വിദൂരമല്ലാതെ സ്ഥിതിചെയ്യുന്ന മക്രേരി ആഞ്ജനേയ ക്ഷേത്രത്തിൽ 2001 ഡിസംബർ മാസത്തെ അവസാന ശനിയാഴ്ച. ദക്ഷിണാമൂർത്തി സ്വാമിയുടെ നേതൃത്വത്തിൽ അഖണ്ഡത്യാഗരാജ സംഗീതാരാധനയ്ക്ക് തുടക്കം കുറിച്ചു. കേരളത്തിലെ പ്രശസ്ത സംഗീതജ്ഞനായ സർവ്വശ്രീ പ്രൊഫ. മാവേലിക്കര പ്രഭാകരവർമ്മ, പ്രൊഫ. പി. ആർ. കുമാരകേരളവർമ്മ, താമരക്കാട് സഹോദരന്മാരും മറ്റ് പല സംഗീതജ്ഞരും സംബന്ധിച്ചിരുന്നു. സ്വാമിയുടെ മഹനീയ സാന്നിദ്ധ്യത്തിലും സഹായത്തിലും അത് മംഗളമായി . പിന്നീട് എല്ലാ വർഷവും ഡിസംബറിലെ അവസാനത്തെ ശനിയാഴ്ച സ്വാമിയുടെ നേതൃത്വത്തിൽ ത്യാഗരാജസംഗീതാരാധന നാളിതുവരെ മംഗളമായി നടന്ന് വരുന്നു.

എന്റെ ഗുരുനാഥൻ പ്രൊഫ പി ആർ കുമാരകേരളവർമ്മ സഹോദരതുല്യനായ സംഗീതജ്ഞൻ താമരക്കാട് കൃഷ്ണൻ നമ്പൂതിരി എന്നിവർ പറഞ്ഞതനുസരിച്ച് 2002-ൽ നടന്ന ആരാധനയിൽ പാടാൻ ഞാൻ മക്രേരി അമ്പലത്തിൽ എത്തി. അവിടെ എന്റെ സുഹൃത്തും, സ്വാമിയോട് അടുത്ത



ബന്ധം പുലർത്തിയിരുന്ന ശ്രീ വടകര പ്രമോദ് എന്നെ സ്വാമിയുടെ അടുത്തേയ്ക്ക് കൊണ്ട് പോയി. സ്വാമിയെ നമസ്കരിച്ചു. ഞാൻ പാടാൻ ഉദ്ദേശിച്ചിരുന്ന കീർത്തനങ്ങളിൽ നിന്ന് നാല് കീർത്തനങ്ങൾ അദ്ദേഹം തിരഞ്ഞെടുത്തിട്ട് പാടാൻ പറഞ്ഞു. പ്രമോദ് കാരണം അദ്ദേഹത്തിനെ കാണാൻ കഴിഞ്ഞു. അത് എന്റെ ആദ്യ ദർശനം. സംഗീതത്തിനെ കുറിച്ച് ആഴത്തിൽ ബോധം ഉണ്ടായിരുന്ന ആളാണ് പ്രമോദ്. സ്വാമിയായിട്ടുള്ള കൂടിക്കാഴ്ച എനിയ്ക്ക് സ്വപ്ന സാക്ഷാത്കാരം കൂടിയായിരുന്നു. എന്തെന്നാൽ അദ്ദേഹം കേരളീയർക്ക് സമ്മാനിച്ച അനശ്വരങ്ങളായ ചലചിത്ര ഗാനങ്ങൾ എന്നും എന്നിൽ അദ്ദേഹത്തിനോടൊരാരാധന ഉളവാക്കിയിരുന്നു.

ആദ്യദർശനത്തിന് ശേഷം 2003 മുതൽ മക്രേരി അമ്പലത്തിലെ സംഗീതാരാധനയിൽ പങ്കെടുക്കാനുള്ള ഭാഗ്യം എനിയ്ക്ക് കൈവന്നു. ഈ കാലയളവിൽ സ്വാമിയെ നിരന്തരം കണ്ടുമുട്ടി അദ്ദേഹത്തിന്റെ ജ്ഞാനവും ലാളിത്യവും മനസ്സിലാക്കാൻ കഴിഞ്ഞത്

ഒരു നിമിത്തവുമായി. മക്രേരി അമ്പലം സ്വാമിയ്ക്ക് സർവ്വമായ ഒരു അർപ്പണത്തിന്റെ ക്ഷേത്രമായി മാറിയെന്നുള്ള കാര്യം ശ്രദ്ധേയമാണ്. എല്ലാ നവരാത്രിയ്ക്കും വൈക്കത്തഷ്ടമിയ്ക്കും ഇവിടെ വന്ന് പൂജ ചെയ്ത് ഉപാസന നടത്തിയിരുന്നു സ്വാമി. അദ്ദേഹത്തിന്റെ പാദസ്പർശം കൊണ്ട് ആ ചെറിയ ഗ്രാമപ്രദേശം ഒരു പുണ്യഭൂമിയായി മാറിയെന്ന് പറയുന്നതിലും സങ്കോചമില്ല. സ്വാമിയ്ക്ക് കിട്ടിയ എല്ലാ പാരിതോഷികങ്ങളും ഈ അമ്പലത്തിൽ ഒരു സരസ്വതീമണ്ഡപം കെട്ടി അദ്ദേഹം സമർപ്പിച്ചു.



ആ മണ്ഡപത്തിന്റെ ഉദ്ഘാടനം നടത്തിയത് പ്രശസ്ത സംഗീതസംവിധായകൻ ശ്രീ. ഇളയരാജയാണ്. ഈ വസ്തുതകളെല്ലാം സ്വാമിയ്ക്ക് അമ്പലത്തോടുള്ള അടുപ്പത്തെ സൂചിപ്പിക്കുന്നു. മക്രേരി ആഞ്ജനേയൻ ദർശനം കൊടുത്തിട്ടുണ്ടെന്ന് സ്വാമി പലതവണ എന്നോട് പറഞ്ഞിട്ടുണ്ട്. ദിവംഗതനാകുന്നതുവരെ സ്വാമി മക്രേരി അമ്പലത്തിന്റെ സമിതി അംഗങ്ങളുമായി അടുത്ത ബന്ധം പുലർത്തിയിരുന്നു. എടുത്ത് പറയേണ്ടതായി സർവ്വശ്രീ. മനോജ്, ഹേമന്ത്, ചന്ദ്രൻ, രവീന്ദ്രൻ എന്നിവരുമായി. കുടുംബങ്ങളെ പോലെയായിരുന്നു അവർ സ്വാമിയ്ക്ക്. തന്മൂലം ഇവരുമായി എന്റെ ബന്ധവും സുദൃഢമായി.

ആരാധന നടക്കുമ്പോളും സ്വാമിയുമായി മുറിയിലിരുന്ന് ഞാനും പ്രമോദും എന്റെ സുഹൃത്തും വയലിനിസ്റ്റുമായ ജിത്തുവും ബിജീഷും നീണ്ടനേരം നടത്തിയ സംഗീതചർച്ചകളും നർമ്മം കലർന്ന സംഭാഷണങ്ങളും ഓർക്കുമ്പോൾ ഇപ്പോഴും ഒരു നിർവൃതിയാണ്. സ്വാമി വാചാലനാവുന്ന നിമിഷങ്ങളാണ് അതെല്ലാം. അങ്ങനെ എല്ലാവരും ഒരു മാലയിൽ കോർത്ത മുത്തുകളെപ്പോലെ മക്രേരിയിൽ സംഗമിച്ച് എല്ലാവർഷവും ഭംഗിയായി ആരാധന നടത്തി സന്തോഷമായി പിരിയുമ്പോൾ അടുത്ത വർഷത്തെ ആരാധനവരെ കാത്തിരിക്കണമല്ലോ എന്ന് വിചാരിച്ച് വേവലാതിപ്പെടുന്നു. ചുരുക്കം പറഞ്ഞാൽ ഒരു കുടുംബസംഗമം കഴിഞ്ഞ് പിരിയുന്നതുപോലെ.

സ്വാമിയുടെ ആ മാസ്മരിക സ്പർശം തന്നെയാണ് അതിന്റെ കാരണമെന്ന് ഞങ്ങളെല്ലാം വിശ്വസിക്കുന്നു.

ഇനി ഈ വർഷത്തെ ആരാധനയ്ക്ക് സ്വാമി ഉണ്ടാകില്ലെന്ന വാസ്തവം എന്നെ വല്ലാതെ അലട്ടുന്നു. മക്രേരി ആരാധനയിൽ ആദ്യകാലങ്ങളിൽ പാടുമ്പോൾ സ്വാമി കേട്ടിട്ട് ഒരു അംഗീകാരം തരുന്നത് എനിയ്ക്ക് ജീവിതത്തിൽ കിട്ടിയ ഏറ്റവും വലിയ അവാർഡായി കണക്കാക്കുന്നു. അതിന് ശേഷം വളരെ സ്വാതന്ത്ര്യ ത്തോട് കൂടി ധാരാളം സമയം അദ്ദേഹത്തിനൊപ്പം ചിലവഴിക്കാൻ കഴിഞ്ഞു. വളരെ നീണ്ട സംഗീത ചർച്ചയിൽ മുഴുകുമായിരുന്നു സ്വാമിയുമായി . സ്വാമിയിൽ നിന്ന് അങ്ങനെ പല കാര്യങ്ങൾ മനസ്സിലാക്കാൻ സന്ദർഭം ലഭിച്ചു. ഞാൻ അദ്ദേഹത്തിൽ കണ്ട ഏറ്റവും വലിയ ശ്രേഷ്ഠത എന്നത് അദ്ദേഹത്തിന്റെ സർവ്വേശ്വരനിലുള്ള അചഞ്ചലമായ വിശ്വാസമാണ്. പ്രത്യേകിച്ച് വൈക്കത്തപ്പനിൽ. അദ്ദേഹം എന്നും വൈക്കത്തപ്പന്റെ കാരുണ്യത്തിന്റെ കരുത്തിലാണ് ജീവിക്കുന്നതെന്ന് തെല്ലൊരാശങ്കയില്ലാതെ പറയുമായിരുന്നു. ആ ഈശ്വരചൈതന്യം അദ്ദേഹത്തിൽ സ്ഫുരിച്ചതിന് തെളിവാണ് അദ്ദേഹം സർവ്വ ആയുരാരോഗ്യ സൗഖ്യത്തോടെ 94 വർഷം ജീവിച്ചത്. അദ്ദേഹം സർവ്വേശ്വരന്റെ കൈകളിൽ എത്തിച്ചേർന്നിരിക്കുമെന്ന് വിചാരിക്കുന്നതിൽ അതിശയോക്തിയില്ല. അദ്ദേഹത്തിന്റെ ശ്വാസോച്ഛ്വാസം ജപനിബദ്ധമായിരുന്നെന്ന് പറയുന്നതായിരിക്കും ഭംഗി.

മക്രേരിയിൽ നമ്മൾ രാത്രി ഉറക്കമിളച്ച് പാടുമ്പോൾ ഒരു ചെറുപ്പക്കാരന്റെ ചുറുചുറുക്കോടെ വന്നിരിക്കുകയും, പാടി തളർന്നെങ്കിൽ അദ്ദേഹം

പാടാനുള്ള സന്നദ്ധത പ്രകടിപ്പിക്കുകയും ചെയ്യുമായിരുന്നു.

സ്വാമി പാടിത്തുടങ്ങിയാൽ ഒരു സാഗരത്തിൽ അലയടിക്കുന്നതുമാതിരി ജ്ഞാനം അലയടിക്കുന്നതായി കാണാം. ആ തിരമാലകളെ അതിശയത്തോട് കൂടി നോക്കി നില്ക്കുന്നതുപോലെ ആ ജ്ഞാനത്തിന്റെ അഭൗമ തലങ്ങളാണ് നമ്മൾക്ക് അനുഭവമാകുന്നത്. ഓരോ രാഗം കൈകാര്യം ചെയ്യുമ്പോൾ അതിശയകരമായ രാഗച്ഛായാ സംഗതികൾ അനർഗള നിർഗളം പ്രവഹിക്കുന്നത് അദ്ദേഹത്തിന്റെ പാട്ടിനെ വേറിട്ട് നിർത്തുന്നു. ഭക്തിരസത്തിന് ഒരു കോട്ടവും തട്ടുകയുമില്ല. ത്യാഗരാജ സ്വാമികളോടുള്ള ആഴത്തിലുള്ള ഭക്തിയും സ്വാമിയിൽ ശ്രദ്ധേയമായിരുന്നു. സ്വാമി അദ്ദേഹത്തിന്റെ കുട്ടിക്കാലത്ത് നടന്ന ഒരു സംഭവം എന്നോട് പറഞ്ഞത് ഞാൻ ഓർക്കുന്നു. ഒരു വേള കർണ്ണാടക സംഗീത ലോകം മുഴുവൻ സമുന്നതനായി ആരാധിക്കുന്ന നാദസ്വര ചക്രവർത്തി ശ്രീ. ടി. എൻ. രാജരത്നം പിള്ള അമ്പലപ്പുഴ കച്ചേരിയ്ക്ക് വന്നപ്പോൾ സ്വാമിയുടെ അച്ഛൻ അദ്ദേഹത്തിനെ വീട്ടിലേയ്ക്ക് ക്ഷണിക്കുകയും സ്വാമിയെ അദ്ദേഹത്തിന്റെ മുൻപിൽ പാടിക്കുകയും ചെയ്തു. സ്വാമിയുടെ അച്ഛൻ ശ്രീ. രാജരത്നത്തിനോട് സ്വാമിയെ കർണ്ണാടകസംഗീതത്തിൽ ഒരു ഗുരുവിന്റെ അടുത്ത് അഭ്യസിപ്പിക്കുന്ന കാര്യം പറഞ്ഞപ്പോൾ അദ്ദേഹം ഉടനടി പറഞ്ഞത് സ്വാമിയെ ആരുടെയടുത്തും ശിക്ഷ്യപ്പെടുത്തേണ്ട, ഇപ്പോൾ നന്നായിരിക്കുന്നുണ്ട് എന്നും ആവശ്യത്തിലധികം ജ്ഞാനം ഉണ്ടെന്നുമാണ് . എനിയ്ക്ക് വെളിപ്പെടുന്നത് ദൈവീകസ്പർശം ഉടനീളം ഉണ്ടായിരുന്ന സംഗീതമാണ് സ്വാമിയുടെതെന്ന്.

ഇത്രയൊരു പരമജ്ഞാനസ്ഥനായിട്ടുകൂടി അദ്ദേഹം സംഗീതത്തിൽ വിദ്യാർത്ഥിയാണെന്നും, ഒന്നുമറിയില്ലെന്നും സർവ്വേശ്വരൻ പാടിക്കുന്നതാണെന്നും വിശ്വസിച്ചിരുന്നു. അദ്ദേഹം ഒരു വലിയ വട്ടപൂജ്യമായിരുന്നെന്ന് കൗതുകത്തോടെ പറയുന്നത് ഇപ്പോഴും എന്റെ ചെവിയിൽ മുഴങ്ങുന്നു. ഉത്തമ മലയാളിത്വത്തിന്റെ മാതൃകയായിരുന്ന അദ്ദേഹം. ഒരു ലളിതമായ ജീവിതശൈലി, സത്യധർമ്മങ്ങളിലുള്ള നിഷ്ഠ എല്ലാം അദ്ദേഹം പാലിച്ച് വന്നിരുന്നു. നിഷ്കളങ്കമായ ആ ചിരിയും വാത്സല്യവും എപ്പോഴും ഞാൻ കാണുന്നു. എല്ലാ കാര്യങ്ങളിലും, എല്ലായിടത്തും അദ്ദേഹത്തിനെ ധർമ്മപത്നി തുണയായ്, താങ്ങായ് കൂടെയുണ്ടാകുമായിരുന്നു. ശിവശക്തിപോലെയെന്ന് പറയാം.

സ്വാമിയ്ക്ക് ദൈവീകസ്പർശം ഉണ്ടെന്ന് തോന്നിയ എനിയ്ക്കുണ്ടായ ചില അനുഭവങ്ങളിൽ ഒന്ന് താഴെ ചേർക്കുന്നു.

2011-ലെ മക്രേരി സംഗീതാരാധനയുടെ സമാപനചടങ്ങിൽ പതിവുപോലെ കലാകാരന്മാരെ സ്വാമി ആദരിക്കുന്ന ചടങ്ങിൽ എന്റെ ഊഴം വന്നപ്പോൾ സ്വാമി എല്ലാവരോടും പറഞ്ഞു "ഇത് നമ്മളുടെ ആളാണ്". സ്വാമിയെ നമസ്കരിച്ച് ആദരവ് സ്വീകരിച്ച് മടങ്ങുമ്പോൾ ഞാൻ സ്വാമി പറഞ്ഞതിനെക്കുറിച്ച് ആലോചിക്കുകയായിരുന്നു. പിറ്റേ ദിവസം രാവിലെ ഞാൻ എന്റെ ഓഫീസിലെത്തി. ഒരു പ്രോജക്റ്റ് കൺസ്ട്രക്ഷൻ സൈറ്റിന്റെ ഇൻചാർജ്ജായി ജോലിനോക്കുകയായിരുന്നു. ഓഫീസിൽ എത്തി ഏകദേശം പത്ത് മിനിട്ട് കഴിഞ്ഞപ്പോൾ കൺസ്ട്രക്ഷൻ സൈറ്റിൽ നിന്ന് ഒരു കൂട്ടനിലവിളി കേട്ടു. ഒരപകടം നടന്നു. പൈലിങ്ങ് റിഗ് മറിഞ്ഞ് വീണു. അതിനടുത്ത് ഏകദേശം അഞ്ച് തൊഴിലാളികൾ നില്ക്കുകയായിരുന്നു. അതിശയോക്തിയെന്നോണം ഒരു തൊഴിലാളിയ്ക്ക് നേരിയ ഒരു പോറൽ സംഭവിച്ചതൊഴിച്ചാൽ ഒന്നും സംഭവിച്ചില്ല. റിഗ് വീഴുന്ന ദിശ ചെറുതായൊന്ന് മാറിയിരുന്നെങ്കിൽ എല്ലാ തൊഴിലാളികളെയും അത് സാരമായി ബാധിക്കുകയും മരണങ്ങൾ വരെയും സംഭവിക്കുമായിരുന്നു. അങ്ങനെ സംഭവിച്ചാൽ ഇൻ-ചാർജ്ജ് എന്ന നിലയ്ക്ക് ഔദ്യോഗികമായും വ്യക്തിപരമായും ഗുരുതര നടപടികൾ നേരിടേണ്ടി വരുമായിരുന്നു. അപ്പോളാണ് ഞാൻ സ്വാമി പറഞ്ഞ ആ വാക്യം എന്തിനാണെന്ന് എനിയ്ക്ക് മനസ്സിലായത്. ഏനിയ്ക്ക് എന്തോ അപകടം മുൻകൂട്ടി കാണുകയും എന്നെ പ്രത്യേകിച്ച് അനുഗ്രഹിക്കുകയും ചെയ്തെന്നാണ് ഞാൻ വിശ്വസിക്കുന്നത്. ദൈവീകസിദ്ധി ഇത് തന്നെ അല്ലേ!! . അങ്ങനെ സ്വാമിയാൽ പല അനുഭവങ്ങൾ എനിയ്ക്കുണ്ടായിട്ടുണ്ട്.

സ്വാമി എന്നോട് കാണിച്ചിരുന്ന സ്നേഹവും അധികാരവും എന്റെ ജീവിതം ധന്യമാക്കി. അദ്ദേഹത്തിന്റെ അനുഗ്രഹം എപ്പോഴും എനിയ്ക്കുണ്ടെന്നുള്ള വിശ്വാസവും തന്മൂലം എന്നിൽ വളർന്നു. 2012- വിദേശത്ത്(നൈജീരിയ) ഒരു ജോലി എനിയ്ക്ക് കിട്ടി. ആ വിവരം സ്വാമിയെ ഫോണിൽ



വിളിച്ചറിയിച്ചു. അദ്ദേഹം എല്ലാ ഭാവുകങ്ങളും അനുഗ്രഹവും എല്ലാം എനിയ്ക്ക് നേർന്നു. നേരത്തേ പോകാൻ തീരുമാനിച്ച തീയതിയിൽ നിന്ന് കുറച്ച് നീണ്ടു പോയി എന്റെ വിദേശയാത്ര. പക്ഷേ അക്കാര്യം ഞാൻ സ്വാമിയെ അറിയിച്ചിരുന്നില്ല. ഞാൻ പോകാനുള്ള ദിവസം (പുതിയ) രാവിലെ തിരുവനന്തപുരം എയർപോർട്ടിലെത്തി ബോഡിങ്ങ് പാസ്സ് എടുത്ത് തിരിഞ്ഞു നോക്കുമ്പോൾ കണ്ടത് സ്വാമിയെയാണ്, പത്നിയും മകളും കൂടെയുണ്ടായിരുന്നു. ഞാൻ കുറച്ചു നേരം അതിശയിച്ച് നിന്ന് പോയി. എന്നിട്ട് സ്വാമിയെയും പത്നിയെയും നമസ്കരിച്ചു. സമസാരിക്കുമ്പോൾ അറിഞ്ഞത് സ്വാമി തലേ ദിവസം തിരുവനന്തപുരത്ത് ഒരു ചടങ്ങിൽ പങ്കെടുക്കാൻ വന്നതാണെന്നാണ്. അപ്പോൾ ഞാൻ സ്വാമിയോട് എന്നെ അനുഗ്രഹിക്കാൻ ആണെന്ന് പറഞ്ഞപ്പോൾ സ്വാമി പറഞ്ഞത്, "മക്രേരി ആഞ്ജനേയൻ എന്നെ അയച്ചതായിരിക്കും നിങ്ങളെ അനുഗ്രഹിക്കാൻ " എന്ന്. സ്വാമിയെ അതേ വിമാനത്തിൽ അനുഗമിച്ച് ചെന്നൈയിൽ ഞങ്ങൾ പിരിഞ്ഞു. ഇതും ഒരു നിമിത്തം . സ്വാമിയ്ക്ക് എന്നോടുള്ള പരിഗണനയുടെയും സ്നേഹത്തിന്റെയും പ്രതീകമായി ഞാൻ കാണുന്നു ഈ സംഭവം. ഇങ്ങനെ വേറെ കുറെ സംഭവങ്ങളും ഉണ്ടായിട്ടുണ്ട്.

അതുപോലെ ഇക്കഴിഞ്ഞ ജൂലൈ 13 ആം തീയതി കാഞ്ചി കാമാക്ഷി അമ്പലത്തിൽ ദർശനം കഴിഞ്ഞ് ഞാനും ഭാര്യ റീനയും, മകൾ കൃഷ്ണപ്രിയയും സ്വാമിയുടെ മൈലാപൂരിലേയ്ക്കുള്ള വസതിയിലേയ്ക്ക് പോയി. എന്റെ സുഹൃത്ത് സന്ദീപും അവിടെ എത്തി എല്ലാവരും സ്വാമിയെയും മാമിയെയും നമസ്കരിച്ച് അനുഗ്രഹം വാങ്ങി. എല്ലാവർക്കും സ്വാമി ദക്ഷിണ നല്കി. എന്റെ മകൾക്ക് ഒരു മന്ത്രവും സ്വാമി ഉപദേശിച്ചു. വളരെ നേരം സ്വാമിയുമായി സംസാരിച്ചിരുന്നു പതിവില്ലാതെ സ്വാമി ചിട്ടപ്പെടുത്തിയ പഴയ ചില ചലചിത്രഗാനങ്ങൾ മൂളിയിട്ട്, അതിന്റെ സുഖത്തിൽ സ്വാമിയോട് എത്രമനോഹരമായി ഇങ്ങനെ സംഗീതം കൊടുക്കാൻ കഴിയുന്നെന്ന് ചോദിച്ചപ്പോൾ അദ്ദേഹം ഒന്ന് പുഞ്ചിരിച്ചു. വളരെ ആഹ്ലാദകരമായ ആ കൂടിക്കാഴ്ചയും ഒരു നിമിത്തമായി.

ഞാൻ നൈജീരിയയിൽ തിരിച്ചെത്തിക്കഴിഞ്ഞ് ജോലിയിൽ വ്യാപൃതനായിരിക്കുന്ന വേളയിലാണ് ആഗസ്റ്റ് 4 ന് മക്രേരിയിൽ നിന്ന് മനോജ് വിളിച്ച് പറഞ്ഞ് മരണവാർത്ത ഞാൻ അറിയുന്നത്. താങ്ങാനാവുന്നതിലും അപ്പുറത്തായിരുന്നു ആ വാർത്ത. കുറെ പൊട്ടിക്കരഞ്ഞ് എന്റെ വിഷമം തീർക്കാൻ ശ്രമിയ്ക്കുകയായിരുന്നു. സ്നേഹബഹുമാനം കലർന്ന ആ ബന്ധം അത്ര ആഴത്തിലുള്ളതായിരുന്നു. ആ ആനന്ദകരങ്ങളായ കണ്ടുമുട്ടലുകൾ എന്നെ ഇപ്പോഴും വേട്ടയാടുന്നു. അദ്ദേഹം നമ്മളെ വിട്ട് പിരിഞ്ഞത് ഇപ്പോളും വിശ്വസിക്കാനാവുന്നില്ല. എന്നെ ഇത്രയേറെ ആകർഷിച്ച ഒരു വ്യക്തിത്വം ഇല്ലെന്ന് തന്നെ പറയാം. അദ്ദേഹത്തിന്റെ രൂപം ആലോചിക്കുമ്പോൾ ഉണ്ടാകുന്ന ആനന്ദം പറഞ്ഞറിയിക്കാൻ പ്രയാസമാണ്. അദ്ദേഹത്തിന്റെ അദൃശ്യ സാന്നിദ്ധ്യവും അനുഗ്രഹവും ഉണ്ടാകുമെന്ന് ഞാൻ പ്രത്യാശിക്കുന്നു. അദ്ദേഹം പൂർണ്ണ ആരോഗ്യവാനായിരിക്കെ നമ്മളെ വിട്ട് പിരിഞ്ഞതിൽ സന്തോഷം ഉണ്ടെങ്കിലും, ഇനി അദ്ദേഹത്തെ കാണാൻ കഴിയില്ലെന്നോർക്കുമ്പോൾ വല്ലാതെ വിഷമം തോന്നുന്നു.

സ്വാമിയുടെ ഹൃദയവ്യാപ്തി പോലെയായിരുന്നു അദ്ദേഹത്തിന്റെ സംഗീതം... സീമകളില്ലാതെ ആനന്ദദായകം... ആ നാദയോഗി ദൈവപാദം പൂകിയിരിക്കുന്നു... ഇനിയുള്ള മക്രേരി ആരാധനകൾ സ്വാമിയില്ലാതെ!!! അത് ചിന്തിക്കാൻ പ്രയാസം!!! ആ സംഗീത തപസ്വിയുടെ ദർശനസൗഭാഗ്യം ഒരു പുണ്യമല്ലെങ്കിൽ പിന്നെ എന്താണ്?!

# Art Of Success

An interview by Sujith

Gopakumar Puthenveetil, a non-resident Malayalee based in Mauritius is the CEO of the Banyan Tree Bank. He hails from Kothakurussy (near Ottapalam) in Palakkad district and spent most of his child hood in different parts of Karnataka. Married to an Ernakulam based Gujarati girl Meera, they have two children Teertha and Sobhith. Gopakumar's rise to the helm of an International Bank from his humble beginning at Corporation Bank, is a story of Ambition and the Art of Success. Lets find out some of his well kept secrets and his views on some common points of interest.

Q1. What were the key take away's from your childhood that has had a strong impact on your life ?

When I was a school going child, every two/three years, my father was transferred to another town to take up a new role in the Department of Posts. These moves enabled the family to meet people from various towns with different cultures, language and customs. The ability to integrate and assimilate in a new environment/community with ease has been one of the greatest learnings from my childhood.

Q2. What were you career goals when you first joined Corporation Bank ? Did they change mid-way ?

As a youngster who newly starts his career, I too had dreams and visions of making it big in Corporation Bank. In those days, the dream was to become the Branch Manager – the one person who weilds power and is central to a bank branch. Over the years, I realised that the Public Sector, while a great place for learning, does not promote meritrocracy, and hence it is best to move to the Private Sector. It was a decision well made – not only did my career goals change, the first move gave me the confidence to change jobs to achieve my career goals.

Q3. What/Who were the strongest influences in your career thus far ?

Its been my family, specially my wife who supported me throughout to succeed. If not for her support, I wouldn't have been able to take the risks that I did. Behind every successful man theres a woman, and I have not hesitation in saying that my wife Meera has been there for me during good times and bad and encouraged and motivated me throughout my career.

Q4. What has been the recipe for success and career progression as you are concerned ?

Three things : Hard work, hard work and hard work. That apart, continuous learning, passion and dedication. And of course, a lot of luck ⊠

Q5. Are you satisfied with the progress thus far ? What would you have loved to change in the past if you had the chance to ? (career related)

I have no complaints. I am reaping the benefits of all of the years of my career. Early on in my career, I become a little content and complacent in my role. And I realised I was getting stuck. It took me 8 long years to come out of this phase of my career. But it was a lesson well learnt.

Q6. Work Life Balance- your strategy ?

It is very important to spend time with family, see the children growing up, being together with the spouse. I have been fortunate that I was able to do all of these inspite of a hectic travel schedule. I try to do this by being efficient and disciplined while at work. In today's day and age, one is always connected to work – and that also leads to expectations of being available 24X7. You cant wish this away.

Q7. Your ideas on being an Ideal Father ?

There is a lot more pressure on kids these days compared to my generation. I have tried to be reasonable with them and act more like a mentor than as a parent or a friend. I let them choose what they would like to do.

For example, my daughter wanted to major in Economics, while I would have liked her to do business. I let her choose Economics.

Q8. Your spiritual inclinations ? How have they assisted you ?

I'm not very religious, I'm a rationalist. I try to find peace in the world around me - in what I do, what I see etc.

Q9. Do you believe in creating your own destiny ? What does it take ?

I'm not sure there is a sure shot recipe for creating ones own destiny. In the corporate world, one charts a course over a period of time, but in personal life I have rarely met someone who has set a goal and worked towards it - and that is my experience as well. Call it "Opportunistic".

Q10. Your advise to the Non Resident Malayalee youth ?

There is nothing like hard work that can bring success. I would also suggest they look to India and Kerala for growth opportunities in the future.

Q11. Your favourite passtimes ?

Reading, watching movies, meeting friends

Q12. Your Ideal Onam-

One that is spent with family, with Pookkalam and festivities at home. Finally, polishing off a grand Sadhya.



*With Best Compliments from*

ஜோதி ஸ்டோர் & புஷ்பக்கடை

JOTHI

# Jothi Store & Flower Shop

**One Stop Department Store for Imported goods from India**

Branded Indian cosmetics
Ayurvedic cosmetics and health supplements
Prayer and house hold utensils
Home and temple prayer items and textiles
Indian wet grinders / Mixy
Decorative products, statues, made to order products
Leading flower shop for quality garlands and decorations

JOTHI'S BUILDING, NO. 1, CAMPBELL LANE
SINGAPORE 209882

TEL: 63387008, 63381151 (Flower Dept.), FAX: 63380070
Email: jothistore@pacific.net.sg
Website: www.jothi.com.sg

With Best Wishes for a Happy & Prosperous Onam

*With Best Compliments*

bizSAFE STAR | KGM | FS Registered OHSAS 18001:2007 | OHSAS 18001:2007

## K.G.M. BROTHERS CONTRACTORS PTE LTD

www.kgm.com.sg

***Shakila Menon***
Director
**HP: 9022 4987**

- *Laying of major and minor Sewer lines*
- *Laying of Pumping main pipes*
- *Cable laying*
- *Sheet Piling*
- *Trial Holes / Diversion Works*
- *Other underground works*

320 Serangoon Road, #04-48, Serangoon Plaza,
Singapore 218 108

**Tel: 6293 4439, 6294 5057 Fax: 6293 4612**
**Email: kgmbros@singnet.com.sg**

## SWAADHISHT

*Authentic Indian Cuisine*

**... the taste of Malabar**

**... taste of Kerala...**

**Now the taste of Singapore...**

60 Lau Pa Sat, 18 Raffles Quay, Shenton Way
47 Chander Road, Singapore 219546,
(Behinde Race Course Road)
Tel: 6392 0513 | Fax: 6392 0514
We don't have any branches in Little India
www.swaadhisht-singapore.com
Email: swaadhisht@gmail.com

# ഇനി മടങ്ങണം, ഓണം വിളിക്കുന്നു....

## വെൺമണി ബിമൽരാജ്

ഇനി മടങ്ങണം,  മൺവഴികൾ  താണ്ടി, വയലേലകൾ
താണ്ടി
അകലെ തനിച്ചാ വലിയോരു വീടിന്റെ
ഏകാന്തശൂന്യതയിലെരിയും
എൻഅച്ഛനെയും അമ്മയെയും  ഒരു നോക്ക് കാണുവാൻ
ഒരു ഓണം കൂടി ഒരുമിച്ചിരുന്നുണ്ണുവാൻ..

പടികൾക്കടെന്നേറെനാളായ്, ഞാനിന്ന്, പലനാട്ടുചുറ്റി,
പല കാലം കടന്നിന്നു,  പല ദേശവാസം
കഴിഞ്ഞപ്പോൾ എനിക്കിന്ന്,
തിരിഞ്ഞൊന്നു നോക്കുവാൻ, എന്നിൽ  സ്മൃതികൾ കടം
തന്ന
അലിവിന്റെ ഊഷ്മള ഛായ മാത്രം ...

നിലകൾക്ക് മേലെ, ജീവിത സന്ധ്യകൾ,  ഇരുളിന്നു
പാതി കടം കൊട്ടക്കുമിരവിന്റെ സാന്ത്വനരൂപങ്ങൾ
മാഞ്ഞുപോകെ,
ഇടതു കണ്ണിന്റെ പുറം കോണിൽ നിന്നൊരു തുള്ളി
കണ്ണ്നീരായി നിലം പതിക്കുന്നു നെഞ്ചിന്റെ വേദന .

അലസമായ് പടിവാതിൽ ചാരി,  ഞാനിന്ന് നിൽക്കെ
അരുകിലായ് ഓർമ്മയിൽ, ഓരോണത്തുമ്പി
വന്നിരിക്കുന്നു.
തങ്കമാം മേനിയിൽ പൊൻ വെയിൽ ചാർത്തിയാ
അഴകിന്റെ ചാരുതയിൽ,
എൻപോന്നോണമെത്തുന്നോർമ്മ വന്നൂ....

ഇനി മടങ്ങണം, മറക്കാതെ ഞാൻ സൂക്ഷിച്ച ഓർമ്മതൻ
വഴികളിൽ..
മുക്കുറ്റി,തുമ്പകൾ, ചെമ്പരത്തികൾ പൂത്ത, ചെമ്മണ്ണിൽ
ചെമ്മാനം
പൊൻ നിറം പൂശിയ, പഴമയുടെ പായൽ മണമുള്ള
വഴിയിൽ..
ഒരു ബാല്യത്തിലെന്നപോൽ നടക്കണം, ഒരു നേർത്ത
സുഖമുള്ള കുളിരുപോൽ ...

പ്രായം ചുളിവിട്ട, ബലമൽപം ക്ഷയിച്ച കാലുകൾ
കൊണ്ടു ഞാൻ
നടക്കുവാൻ പഠിച്ച വഴികളിൽ വേച്ച നടക്കുമ്പൊഴും,
എന്റെ ഓണം
എന്നിൽ നിറയ്ക്കും,  പൂവിളികൾ, ആർപ്പു വിളികൾ
തരുമൊരാവേശക്കരുത്ത്,
തിരികെ വേണം, എത്രയും  വേഗം മടങ്ങണം,
എൻനാട്ടിൽ, എൻവീട്ടിൽ ...

ഒരു നീണ്ട പ്രവാസം, വിരൽ തുമ്പാൽ എന്നിൽ
വരുത്തിയ നിറം മങ്ങവേ, ഞാൻ
നേടിയതൊന്നിനും നല്കുവാനാകാത്ത, നാടിന്റെ ഊഷ്മള
സ്നേഹം കൊതിക്കുന്നു  ..
കാത്തിരിക്കുന്നയെന്നെല്ലാമാം അമ്മയെ, അച്ഛനെ,
കൂട്ടരെ കാണാൻ കൊതിക്കുന്നു ..
എന്റെ ഓണം, എന്റെ നാട്ടിലെല്ലാമൊരുക്കി കൂട്ടരൊത്തു
കൂടാൻ കൊതിക്കുന്നു ..

പൂവിളികൾ വിരിയുന്ന,ഊഞ്ഞാൽ വഴികളിലാടുന്നു
കുമ്മിയും കുമ്മാട്ടിയും
പുലികളിത്താളത്തിലൊരു നീണ്ട ചുണ്ടനാ  വള്ളപ്പാട്ടിൽ
തുടിക്കുന്നു , കൊതിയോടെ
പുത്തരി  ചോറിൻ നറുമണം  എത്തുവോളം  കളിച്ചൊരു
ബാല്യകാലം
എല്ലാം  ഒന്നോർക്കുവാൻ, ആ  കൈരളി പാട്ടൊന്നു
കേൾകാൻ.....

ഇനി മടങ്ങണം, ഇവിടെയീ ശരവേഗ ജീവിതസ്പന്ദനം
മിടിക്കുന്ന
സമയജീവ വായു മരവിക്കും, കർമ്മ കാണ്ഡ തുരുത്തിൽ
നിന്നും
ഒരു വേള മിടിക്കുന്ന നൈർമല്യമാം നാടിൻ
തുടിപ്പിലേക്കെന്റെ
ഓണം വിളിക്കുന്നു, ദൂരെയാ, നാടിന്റെ ഹൃദയമെന്നെ
മാടി വിളിക്കുന്നു...



ബിമൽ രാജ് ആലപ്പുഴ,ചെങ്ങന്നൂർ, വെണ്മണി സ്വദേശിയാണ്. എ എസ് എൽ എന്ന സ്ഥാപനത്തിൽ സിസ്റ്റം അഡ്മിനിസ്ട്രേറ്റർ ആണ്.  ദേവ മേഘങ്ങൾ എന്ന കവിതാ സമാഹാരം സിങ്കപ്പൂരിൽ നിന്നും പ്രസിദ്ധീകരിച്ചു. സിംഗപ്പൂർ മലയാളി പത്രം  പ്രവാസി എക്സ്പ്രസ്സ്  എഡിറ്റോറിയൽ അംഗമാണ്.  മൈൻഡ് ആൻഡ് തോട്സ് പെയിന്റിംഗ് സീരീസ്, ചിത്ര പ്രദർശനങ്ങൾ നടത്തിയിട്ടുണ്ട്. നിരവധി ആനുകാലികങ്ങളിൽ കഥകൾ, കവിതകൾ എന്നിവ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

*With Best Compliments*

Lady Fair beauty centre




**Services:**
- Dark Eye Rings & Wrinkles
- Pigmentation / Oxygen treatment
- Saggy Skin
- Acne, Scars
- Hair Treatment

*We are successful in clearing post acne scars in just few months. Book an appointment with our specialist now.*

**Normal Facial**
**Now**
**50% Discount**
(SMA members)

**Call to book for your appointments today**
**Tel: 6336 8454 / 6336 8179**
117, Serangoon Road, Singapore 218022

*Best Complimens from:*

MET
Mechanical . Engineering . Trading

**Mecpro Pte Ltd**
Singapore

*An ultimate solution for mechanical engineering*

**HP:** (+65) 97314535
**Off:** (+65) 68622960
9 C Lok Yang Way, Singapore 628630
Website: www.mecprosg.com

GEMINI TRAVEL & BUS HUB
WISHES YOU A HAPPY ONAM!



SAEX®
connecting people & places

FOR THE BEST TRAVEL & TRANSPORT SOLUTIONS IN AND OUT SINGAPORE!




Our Services
- Ticketing
- Malaysian Tours
- Education Tours
- Inbound Tours
- Outbound Tours
- Wildlife Tou
- Eco Tours

BUS HUB SERVICE PTE LTD
BUS HUB SERVICE PTE LTD
30 Roberts Lane
Singapore 218309
Tel: (65) 6753 0506
Fax: (65) 6753 7976
Email: enquiry@bushub.com.sg
Web: www.bushub.com.sg

Gemini Travel Experience Life
GEMINI TRAVEL PTE LTD
30 Roberts Lane
Singapore 218309
Tel: (65) 6284 8184
Fax: (65) 6753 7976
Email: enquiry@geminitravel.com.sg
Web: www.geminitravel.com.sg

# ഇടവപ്പാതിയും കാത്ത്

## രാജേഷ് എം കെ വി

മനമുരുകും പ്രാർത്ഥനകൾ,
വരണ്ടുകീറിയ ഭൂമിമാതാവിന്റെ
നിശ്ശബ്ദമായ തേങ്ങലുകൾ
ക്രൂരരാം മക്കളുടെ ദുഷ്ചെയ്തികൾക്കുള്ള
ശിക്ഷകളേൽക്കുന്നോരമ്മയുടെ വിങ്ങലുകൾ

കരിഞ്ഞുണങ്ങിയ മനുഷ്യമനസ്സുകളുടെ
ദീനമാം രോദനങ്ങൾ
തന്നുടെ പാപക്കറകൾ കഴുകുവാൻ
കണ്ണീരുപോലും വറ്റിയവർ

ദാഹജലമില്ലാതുഴറിവീഴുന്ന
നാൽക്കാലികളുടെ മരണ വെപ്രാളങ്ങൾ
മനുഷ്യത്വമില്ലാത്ത മനുഷ്യരുടെതാണ്
അമാനുഷത്വത്തിന്റെ ബലിയാടുകൾ

തായ് വേരുണങ്ങി തലതല്ലിക്കരയുന്ന
പടവൃക്ഷങ്ങളുടെ പിടച്ചിലുകൾ
കുളിർതണലേകിയ തൻകടയ്ക്കൽ തന്നെ
കൊടുമഴു വെട്ടിയ വിശ്വാസവഞ്ചിതർ

കരളുരുകും പ്രാർത്ഥനകൾ,
ഇടവപ്പാതിയും കാത്തുള്ള,
ജീവന്മരണ പോരാട്ടത്തിനിടയ്ക്കുള്ള,
അതിജീവനത്തിന്റെ പ്രാർത്ഥനകൾ...



രാജേഷ്: സ്വദേശം കണ്ണൂർ ജില്ലയിലെ പഴയങ്ങാടിക്കടുത്ത് അടുത്തില.
എസ്റ്റി എജ്യുകേഷൻ ആൻഡ് ട്രെയിനിംഗ് എന്ന കമ്പനിയിൽ
ട്രെയിനിംഗ് കൺസൽടണ്ട് ആയി ജോലി ചെയ്യുന്നു...

# ഞാൻ അനാഥൻ !

## മിനി മോഹനൻ

പൊട്ടിച്ചിരിയില്ല താരാട്ടുപാട്ടില്ല
ഓമനിക്കാനമ്മയെവിടെയെന്നറിയില്ല
സ്വർഗ്ഗംചമയ്ക്കുന്ന ബാല്യമെനിക്കില്ല
ഇല്ല നിറങ്ങൾ നിറഞ്ഞൊരു കാലവും.

കൗതുകംതോന്നും കളിപ്പാട്ടമില്ലെനി-
ക്കില്ല വർണ്ണാഭമാം കുപ്പായക്കൂട്ടവും
ഈ ഭാരവണ്ടിപോൽ തള്ളിനീക്കുന്നുഞാൻ
എന്റെയീ കൊച്ചുബാല്യദിനങ്ങളെ

പുസ്തകസഞ്ചിയും കുഞ്ഞിക്കുടയുമായ്
പുഞ്ചിരിയോടെ ഞാൻ പോകേണ്ടതില്ല
പള്ളിക്കൂടത്തിൻ പടിവാതിലെൻനേർക്കു
പണ്ടേയടഞ്ഞതാണെന്നു ഞാനറിയുന്നു

തെരുവിന്റെ കുഞ്ഞായ് പിറക്കുവാൻ ഞാൻ ചെയ്തോ-
രപരാധമെന്തെനിക്കറിയില്ല കൂട്ടരെ..
ഇത്രമേൽ ജീവിതം ഭാരമായ് തീരുവാൻ
സർവ്വേശനെന്നോടു കോപിപ്പതെന്തിനോ...

അമ്മയുമച്ഛനുമെവിടെയാണെങ്കിലു-
മൊന്നു കാണാനെനിക്കാശബാക്കി
കൂടെപ്പിറപ്പിന്റെ കൈപിടിച്ചൊരുവേള
കൂടെക്കളിക്കുവാൻമോഹമേറെ

ശ്രമ സലിലമാമെൻദിനങ്ങൾ നനഞ്ഞുപോയ്
കണ്ണീരിൻവർഷത്താൽ കുതിർന്നുപോയ് രാവുകൾ
എന്നു ഞാൻ കാണും ചിരിക്കുന്ന സൂര്യനെ?
ഏതുരാവിൽഞാനുറങ്ങണംശാന്തമായ്?

ഉപന്യസിക്കും നിങ്ങളെന്റെയീ ദൈന്യത്തെ
കവിതയായ് ത്തീർക്കുമെൻ കണ്ണീരിൻപൂക്കളെ
വിരൽത്തുമ്പുനീട്ടിയെൻ കണ്ണീർത്തുടയ്ക്കുവാ-
നാരാരുമില്ലെന്നതാണെന്റെ ദുർവ്വിധി.........



# വിസ്മയം

## അണിമ ഇ എം

എത്ര സുന്ദരമീ തടാകതീരം,
അത്ര സുന്ദരമീ പ്രഭാതവും,
തെല്ല നേരമിരുന്നതിൻ കരയിലായ്
കണ്ടു ഞാൻ പ്രകൃതിതൻ സ്നേഹസ്പർശം!

വർണമേറെ തുളുമ്പിയങ്ങനെ
മന്ദ മന്ദ മിളകി നിൽക്കുന്നിതാ
കുഞ്ഞു പൂക്കൾ! ഹാ! എത്ര വിസ്മയം!
മഞ്ഞു തുള്ളികൾ ഇറ്റു വീഴുമീ
കുഞ്ഞു പൂക്കൾ! ഹാ! എത്ര വിസ്മയം!
പുഷ്പവല്ലി താലോടിയെത്തിടും
ഗന്ധവാഹിയായോരാ തെന്നലും
എന്തൊരാനന്ദം! എന്തൊരത്ഭുതം!
പൂവുതോറും തേൻ തിരഞ്ഞു
പാറിയെത്തിടും കുഞ്ഞു പൂമ്പാറ്റയും

വർണ്ണം വാരി വിതറിയങ്ങനെ
നൃത്തമാടുന്നിതെൻ മുന്നിലായ്
ആകെയങ്ങനെ തളിർത്ത് നിൽപ്പൂ

ഈ മനോഹര തീരമിപ്പോൾ...
ഏറെയങ്ങനെ കാഴ്ച പിന്നെയും
ഏറെ വിസ്മയം എൻ മനസ്സിൽ...
നേർത്ത മഞ്ഞിൽ കുളിച്ചു നിൽക്കുമീ –
ജലാശയത്തിൽ – മന്ദമൊഴുകി-
യെത്തുമീ കുഞ്ഞരയന്നങ്ങളെത്ര ഭംഗി!
മഞ്ഞു തുള്ളികൾ, ഇറ്റുവീഴുന്ന
കുഞ്ഞുപൂക്കളിൽ മെല്ലെ മെല്ലെ
കുഞ്ഞുപൂക്കളിൽ മെല്ലെ മെല്ലെ
കണ്ടു കുളിരാർന്നിരുന്നു പോയ്...
നേർത്ത പ്രകൃതിതൻ സ്നേഹ സ്പർശം



My home town is in Palakkad and married to Pandalam.

Currently living in New Zealand with my husband and one year old baby. I am a doctor by profession and going to work in NZ. I have a great passion for writing poems .

I was in Singapore for few years .We had a great time there.     My first trip outside Kerala was SG. Amazed by seeing the ultra modern things that we usually see in movies. Another thing is that we can get all types of South Indian and North Indian food. All in one Mustafa centre. Now also during our transit we buy many things from there. Overall Singapore is a wonderful city.

# പഴയ താളുകൾ...

## പിയാ കുമാർ

പണ്ട് പണ്ട്, അങ്ങ് ദൂരെ കേരളത്തിലെ ഒരു കൊച്ചു ഗ്രാമത്തിൽ, ഒരു കൊച്ച് ഓഫീസ് കെട്ടിടം ഉണ്ടായിരുന്നു. ഒരു സെമി ഗവണ്മെന്റൽ സ്ഥാപനം, കോ-ഓപറേറ്റീവ് സൊസൈറ്റി. അച്ഛന്റെ ഓഫീസിലെന്ന ഒരു സുരക്ഷിതത്വത്തോടേ അവിടെ ഒഴിവു സമയങ്ങളിൽ ഒരു മേശയ്ക്കരികിൽ ഇരുന്ന് സ്കൂൾ ഹോംവർക്ക് ചെയ്യുമായിരുന്ന പത്തോ പതിനൊന്നോ വയസ്സുള്ള ഒരു പെൺകുട്ടി. പലപ്പോഴും ഒരു വയസ്സിനിളപ്പമുള്ള ഒരാൺകുട്ടിയും കാണും കൂടെ. അനിയൻ. സ്കൂൾ തുടങ്ങുന്നതിനു മുൻപോ, സ്കൂൾ കഴിഞ്ഞ് ട്യൂഷൻ തുടങ്ങുന്നതിനു മുൻപുള്ള സമയമോ അല്ലെങ്കിൽ ഓഫീസ് കഴിഞ്ഞ് അതുവഴി വരുന്ന അമ്മയെ പ്രതീക്ഷിച്ചോ ആയിരിക്കും അച്ഛന്റെ ഓഫീസിൽ സമയം ചിലവഴിക്കുക.

ഏഴുമണിക്കെഴുന്നേറ്റ് തണുത്ത വെള്ളത്തിൽ കുളിച്ച്, വയലേലകളിൽ നിന്നും അരിച്ചരിച്ച് വരുന്ന തണുത്ത കാറ്റടിച്ച്,ട്രാൻസ്പോർട്ട് ബസ്സിന്റെ ഓരത്തിരുന്ന്, അച്ഛനോടൊപ്പം വന്ന് ട്യൂഷന് ക്ളാസ്സ് തുടങ്ങും വരെ അച്ഛന്റെ ഓഫീസിൽ ഇരിക്കും. അച്ഛൻ ആദ്യം പുതിയ കാവ് അമ്പലത്തിൽ കയറി തൊഴുത് പ്രസാദവും വാങ്ങിയിട്ടായിരിക്കും ഓഫീസിൽ എത്തുക. എന്നിട്ട് നേരെ എതിരെ ഉള്ള സരളാ ഹോസ്പിറ്റലിൽ എത്തും. അവിടെയാണ് താക്കോൽ ഏല്പ്പിച്ചിരിക്കുന്നത്. അവിടത്തെ കാമ്പൗണ്ടർക്കും നർസുമാർക്കും ഒക്കെ കുറുപ്പുസാർ പ്രിയപ്പെട്ടവൻ ആണ്. മിക്കവാറും പുതിയകാവ് അമ്പലത്തിലെ പ്രസാദം അവർക്കും കൊടുക്കും. താക്കോലും വാങ്ങി വന്ന് സൊസൈറ്റി തുറക്കും, പിന്നെ തിരി കൊളുത്തി വയ്ക്കും.. പിന്നെ ഓരോരുത്തരായി വരവ് തുടങ്ങും.. നിലമേൽ ആറ്റിങ്ങൽ വർക്കല എന്നിങ്ങനെ ഓരോ ബസ്സ് പോകുമ്പോഴും അവിടുന്ന വരുന്നവർ ഓരോരുത്തരായി വന്നു തുടങ്ങും

വൈകിട്ട് സ്കൂൾ കഴിഞ്ഞും ഞങ്ങൾ അച്ഛന്റെ ഓഫീസിൽ എത്തുമായിരുന്നു. ട്യൂഷനും ഹോംവർക്കും ഒക്കെ ചെയ്തു കഴിഞ്ഞശേഷം ഞങ്ങൾ അപ്പുറത്തുള്ള വിശാലമായ ഹാളിൽ ചെല്ലും. അവിടെ ഒരറ്റത്ത് വലിയ ഇരുമ്പ് ഗേറ്റുകളും മറ്റും വെൽഡ് ചെയ്യുകയാവും കുറച്ചുപേർ. മറ്റൊരറ്റത്ത് മുട്ടൻ തടികൾ മെഷീൻ വച്ച് അറുക്കുകയാവും.. അറുത്തുകഴിഞ്ഞ് ആൾക്കാർ പോകുമ്പോൾ ഞങ്ങൾ ചെല്ലും. ആ മെസ്ഗീന്റെ അടി ഭാഗത്ത് ചതുരം പോലെ ഒരു വലിയ കുഴിയിൽ നിറയെ പുതിയ തടിയുടെ ചീളുകൾ വീണ് മനോഹരമായ ഒരു കളിസ്ഥലം പോലെ..ഞങ്ങൾ ചാടിമറിയും, ആ ഹാളിലൊക്കെ ഓടിക്കളിക്കും.. അന്ന് പത്തോ പതിനൊന്നോ വയസ്സേ പ്രായം ഉള്ളൂ.. അമ്മ വരും വരെ കളിച്ചു രസിക്കും. ഓഫീസ് കഴിഞ്ഞ് അമ്മ വരുമ്പോൾ ഞങ്ങൾ പുറത്തെ കടകളിൽ പോയി വീട്ടിലേക്കാവശ്യമായ സാധനങ്ങളും കൂട്ടത്തിൽ എനിക്കിഷ്ടപ്പെട്ട ഒരു മിഠായിയോ, മാഗസീനോ അമ്മ വാങ്ങി തരും. ബസ്സിന്റെ സമയം ആവുമ്പോഴേക്കും ഷോപ്പിങ്ങും കഴിഞ്ഞ് ബസ്സ്റ്റോപ്പിൽ എത്തും.

ഞങ്ങൾക്ക് അന്ന് അച്ഛന്റെ ആ സ്ഥാപനം ഒരു കുടുംബം പോലെ ആയിരുന്നു. ആ തടിമില്ലിലെ അന്തരീക്ഷം ഇപ്പോഴും മനസ്സിനെ കുളിർപ്പിക്കുന്നു. എന്തൊരു ശാന്തതയും ശീതളിമയും സ്നേഹവും സുരക്ഷിതത്വവും നിറഞ്ഞതായിരുന്നു. അവിടെ ജോലി ചെയ്തിരുന്ന ചെറുപ്പക്കാരൊക്കെ അച്ഛനെ (കുറുപ്പുസാറിന്റെ) ബഹുമാനിക്കയും സ്നേഹിക്കയും ചെയ്തിരുന്നു. അവിടെ പത്തുപതിനഞ്ച് ആൾക്കാർ ജോലിചെയ്തിരുന്നു. തടികൊണ്ടും ഇരുമ്പ് കൊണ്ടും ഫർണിച്ചർ, ഗേറ്റ് ഒക്കെ ഉണ്ടാക്കി വില്ക്കുന്ന ഒരു സെമി ഗവണ്മെന്റൽ സ്ഥാപനം(കോ-ഓപറേറ്റീവ് സൊസൈറ്റി) അച്ഛൻ അവിടത്തെ സെക്രട്ടറി ആയിരുന്നു. അവിടെ ജോലിചെയ്യാനും അവിടെ അപ്രന്റീസ് ആയി പഠിച്ച് സർട്ടിഫിക്കേറ്റ് വാങ്ങി,

ഗൾഫിൽ ഒക്കെ പോകാനമായി പത്തിരുപത് ചെറുപ്പക്കാർ ഉണ്ടായിരുന്നു. അവരുടെ ശംബളം ഒക്കെ തുഛം ആയിരുന്നു എങ്കിലും പലരെയും അച്ഛൻ കൂടി സഹായിച്ച് ഗൾഫിൽ ഒക്കെ അയച്ചിട്ടുണ്ട്. പിന്നീട് ധനികരായി തിരിച്ചു വന്നു അവർ

വർഷാവസാനം ആഡിറ്റർ വരും എന്നൊക്കെ പറഞ്ഞ് കുറെ തടിച്ച ബുക്കുകളുമായി അച്ഛൻ വീട്ടിൽ വരും. എന്നെക്കൊണ്ടും എന്തൊക്കെയോ ചെയ്യിച്ചിരുന്നു. പിന്നീട് അച്ഛന് ഒരു ജൂനിയറെ കിട്ടി സഹായിക്കാനായിട്ട്. ശംബളം അധികം ഇല്ലെങ്കിലും എക്സ്പീരിയൻസിനാണെന്നു പറഞ്ഞ് ഓഫീസിൽ കൂടെ ഉണ്ടായിരുന്നു. അന്നൊക്കെ കോ-ഓപറേറ്റീവ് സൊസൈറ്റിയിൽ ജോലി എന്നൊക്കെ പറഞ്ഞാലും അല്പസ്വല്പം ഗൗരവവും ഒക്കെ ഉണ്ടായിരുന്നു താനും. ഓഫീസിൽ അച്ഛനെ കൂടാതെ ഒരു മേലുദ്യോഗസ്ഥൻ ഉണ്ട്, പ്രസിഡന്റ്. അദ്ദേഹം ഏതോ സ്കൂളിലെ സാറും രഷ്ട്രീയപ്രവർത്തകനും ഒക്കെ ആയിരുന്നു.

പ്രസിഡന്റിനെ കാണുമ്പോൾ ഭയം തോന്നും. അച്ഛന്റെ മേലധികാരിയല്ലെ, ഞങ്ങൾ അവിടെ ദുഃസ്വാതന്ത്ര്യം കാണിക്കുകയാണൊ എന്ന് ഭയന്ന് അടങ്ങിയിരിക്കും. ഒരിക്കൽ അങ്ങിനെ ഓഫീസിൽ എല്ലാവരും ഉള്ളപ്പോൾ ഞാൻ ഒരരിൽ ഇരുന്ന് ഹോംവർക്ക് ചെയ്തുകൊണ്ടിരിക്കുന്നതിനിടയിൽ അച്ഛൻ പെട്ടെന്ന് പറഞ്ഞ്, "മോളേ, ആ പേന ഒന്നെടുക്കു " എന്ന്. അച്ഛന്റെ ജൂനിയറിന്റെ മേശപ്പുറത്തു നിന്നുമാണ്..!. എനിക്കാകെ പരിഭ്രാന്തിയായി. അച്ഛന് പേന എടുത്തുകൊടുക്കണം, പക്ഷെ, എങ്ങിനെ എടുക്കാൻ?! ചോദിക്കാതെ .. ചോദിക്കാൻ അതിലും വലിയ സങ്കോചം.. ഒന്നമത് ഭാഷ പ്രശ്നം. പല സ്ലാങ്ങും കേട്ട് ഓഫീസിൽ ഏതാണ് ഉപയോഗിക്കേണ്ടതെന്ന ആശയക്കുഴപ്പം. ഏതാണ് സമ്മതമായിട്ടുള്ളതെന്ന അജ്ഞതയായിരുന്നു മുഖ്യകാരണം. എങ്കിലും മേശയുടെ അടുത്തെത്തിയപ്പോൾ അറിയാതെ വായിൽ നിന്നും സങ്കോചത്തോടെ എങ്കിലും "പേന എടുത്തോട്ടെ?" എന്ന് ചോദിച്ചു. അദ്ദേഹം മനോഹരമായ ഒരു പുഞ്ചിരിയോടെ സമ്മതം മൂളി. ഞാൻ അത് അച്ഛനു കൊടുത്ത് പിന്തിരിയുമ്പോൾ പെട്ടെന്ന് അച്ഛൻ ഒരു വലിയ പൊട്ടിച്ചിരി.. "നീ ചോദിക്കില്ലേ കല്യാണം കഴിക്കുന്നതെങ്ങിനെ, മക്കളെ വളർത്തുന്നതെങ്ങിനെ എന്നൊക്കെ, ദാ ഇങ്ങിനെയാണ് ". ജൂനിയറിയ്ണോടാണ്.. (അഛൻ പറയാതെ തന്നെ അനുവാദം ചോദിച്ചതിനു ശേഷം പേന എടുത്തതിലുള്ള അഭിമാനം). ഞാൻ സമ്മിശ്രവികാരങ്ങളോടെ മുഖം പുസ്തകത്തിനുള്ളിലേക്ക് കുനിച്ച് മറച്ചു.. (അച്ഛനു വിലപ്പെട്ടതായി തോന്നിയ ചില മൂല്യങ്ങൾ..!)

മീനയ്ക്ക് അച്ഛനെ കുറിച്ചോർക്കുമ്പോൾ ആദ്യമായോർമ്മവരുന്നത് അച്ഛന്റെ ദൈവഭക്തിയാണ് അച്ഛനും താനും കൂടി അകലെയുള്ള പുരയിടത്തിൽ തേങ്ങ വെട്ടിക്കാനും മറ്റും പോയി തിരിച്ച് വരുന്നത് മീനയ്ക്കിപ്പോഴും ഓർമ്മയുണ്ട്, മടങ്ങി വരുമ്പോൾ അച്ഛൻ മീനയോട് വഴിവക്കിൽ കാണുന്ന തെറ്റിപ്പൂക്കളൊക്കെ ഇറുത്തെടുത്ത് കൊടുക്കാൻ പറയും അച്ഛൻ അതും കോർത്തുകൊണ്ടാണ് നടക്കാറ്. വീട്ടിൽ തിരിച്ചെത്തുമ്പോൾ അച്ഛന്റെ കൈയ്യിൽ മടക്കി ചുറ്റിയ വലിയ ഒരു മാല കാണും. കുളിച്ചിട്ട് അച്ഛനും മീനയും കൂടി പൂജാമുറിയിലെ എല്ലാ ദൈവങ്ങൾക്കും മുറിച്ച് ചാർത്തും അപ്പോൾ എല്ലാ ദൈവങ്ങളും സന്തോഷത്തോടെ തങ്ങളെ നോക്കി ചിരിക്കുന്നപോലെ തോന്നും. മീനയുടേയും അച്ഛന്റേയും ഹൃദയത്തിൽ മറ്റാർക്കും അനുഭവിക്കാനാകാത്ത സംതൃപ്തിയും

തനിക്ക് എഴുതുവാനുള്ള വാസന ഉൻണ്ടാക്കി തന്നതും അച്ഛൻ തന്നെയാണ്. സ്വതവേ ശാന്ത സ്വഭാവിയായിരുന്ന തനിക്ക് എല്ലാ വർഷവും ആദ്യം സമ്മാനമായി കിട്ടുന്ന ഡയറികൾ . അത് പിന്നീട് ജീവിതത്തിൽ സഹിക്കാനാവാത്ത പല വിഷമങ്ങളും വന്നപ്പോൾ തന്റെ കൂട്ടുകാരിയായി മാറി.

അച്ഛൻ രാത്രി ഏറെ താമസിച്ചു വന്നാലും "മോളേ" എന്നു വിളിച്ചുകൊണ്ടാണ് വരുന്നതെന്ന് അമ്മ പറയും. അത് കേൾക്കുമ്പോൾ എന്തഭിമാനം ആയിരുന്നു..ആത്മവിശ്വസം ആയിരുന്നു.. എനിക്ക് ആത്മവിശ്വാസം തരുന്ന വാക്കുകളേ അച്ഛനിൽ നിന്നും വീണിട്ടുള്ളൂ.. ഒരച്ഛനു മാത്രം മകൾക്ക് നല്കാൻ കഴിയുന്ന ആത്മവിശ്വാസങ്ങൾ.. സുരക്ഷിതത്വം...

# A Lament!

## Dr Chitra Krishnakumar

I shared a joke and laughed aloud. Waited for laughter to join in. None came. Infuriating! Father and daughter were engrossed on their computers, one busy on publications and the other busy watching downloaded episodes of 'Friends' then movies or movies then 'Friends'. I half opened my mouth to give them a piece of my mind, caught a glimpse of their furious glances in my direction and hastily shut it.

''Shall we go visiting places, as it is holidays?" I asked in a chirpy tone totally lost on them.

"I have so much to do! Çan't you see," she moaned immediately and he added with a usual jibe, "I am working on deadlines, my life is not as relaxing as yours."

I opened my mouth again. When speaking to my daughter, I had to take care of my tone, my expressions, my body language, my words etc etc . Any slight change was disastrous. She had the uncanny habit of catching on that even before I could bring forth a word. Whereas, she walked around with a permanently fixed ferocious scowl on her face as if she was born that way. Point it out to her she would justify saying that was her 'natural' look and she liked it. Turning to my husband he was the so 'typical' of all men. Liked to hear honeyed words... "Your work is so good"... "You have done a great job" etc etc. I was half tempted to tell her she wasn't doing much about her studies and him that the picture he was working on, on the computer could have been definitely better if ....

I quickly changed my mind ... why should I ruin the day. I could rather use my time wisely.

***********

<u>Investigation Number:</u>

It had been quite a ride, almost fifteen minutes. I was breathing hard as I parked and dragged myself out from my hovercraft. I grumbled as the chillness of the place hit me. Generally all cities maintained the normal chillness, then why was it so cold here? Rotund people of varied sizes moved around like zombies. The office building was right next to me. I waddled forward. I entered the tall building which was next to a tall building, which was next to another tall building which was next to another ... seeming endless as far as my eye could see. An aloof voice and a face that appeared in the air asked me, "Hello whom do you want to see?" "I am here to investigate the death of Mr SonSo," I said with a nod. "Please proceed to room 001."

In room 001, I met this exquisitely rotund shaped man. The exquisite shape had the usual vacant look and seemed to be stuck to his seat for life. He was busy looking into vacant air in front of him where figures and texts appeared and disappeared. He gave me a small gadget containing some details of the deceased. I then moved to the room of the deceased.

The room was comparatively big with luxury of big windows. I sat at his table moved some stuff around and the air in front of me came alive. I watched through the stuff. His life was the same, a nondescript looking and not so shapely man. A bit too rotund, no family, no steady girlfriends but a lot of virtual friends. Had been working in the same place literally too, which was evident as I found the marks of the legs of the chair going deep into the carpeted flooring.

Two pictures that read 'Trees' adorned his wall...what was that? I remembered vaguely having seen some snaps of similar looking things, in my grandmother's picture collection, those existed in her time. There were no pictures of zombie looking wives or children as he had none. Otherwise he would have been censured for being weird. A movement in another picture caught my eye. A blink brought the picture close to me. A closer look enlarged the writing, it read ...MARATHON, 2013...with some name...oh! the extinct sport. I dismissed it and went on with my work. Suddenly I was hungry. I scrolled through, then looked hard at pictures of various dishes I wanted and the printer reproduced it immediately and I tucked into them with gusto.

According to the forensic report, death was due to a fall and related injuries. He had fallen from his room to his death. I moved to the windows. The window panes moved with nods of the head and movement of the eyes. Same as all windows. Considering our way of life it was unlikely that someone had used the glass to spy on him or him on others as all that needed effort and movement.

I came and squeezed into the big man's chair to contemplate on him.

*He came to work regularly and judiciously.

*He hardly moved around or socialised.

*He had no close family and no enemies

*He lived in a mechanical world of his own.

*So who benefitted from his death? None.

*So was this a windows malfunction? Unlikely as it was regularly checked.

I examined the video footage of the room. It showed the man unmoving glued to the air before him. Then I saw another figure in the room. There seemed to be some talk going on between them then it went blur.

My conclusion, Boredom. Boredom had moved the man to the window to look at the dull grey monotonous horizon. Probably he moved his hands, or a crick in his neck to confirm their mobility unfortunately standing near the window.

I snapped shut my report entry and moved in to the room 001. The exquisitely shaped rotund man nodded his head and I told him I am done, case solved. He muttered something and I moved out.

As I moved out I caught a glimpse of him slowly grinning and his hands tightening over a gadget.

The man carefully and preciously took out the latest gadget in high tech communication and endearingly looked at it. For a second without scruples he thought of the proud owner who now lay dead at the foot of the building. For a fleeting second it passed through his mind the scuffle with him, the pull the push to get at the gadget. The sudden opening of the windows and the guy flying out. He dismissed the thoughts with a shrug fondly caressed the gadget, settled more comfortably in his chair and glued himself more to the 'screen less screen' while his fingers lovingly fondled the gadget.

I turned suspiciously I walked back into the room of the deceased. How could I have overlooked the disease of 'love and jealousy for gadgets'? The case was reopened.

*****

I was amused, my story was a like sci-fi. Here the scenario remained the same, almost same. My daughter had moved from 'Friends' to movies and my husband from pictures to write ups. She was texting, multi-tasking as always, so adept at it. He not so adept was taking eyes and hands off his computer for occasional texting. I felt relieved they were not fat. I looked out quickly reassured to see the green around!

Technological intrusions into our lives is widening the gap in familial relationships, preventing normal conversations, hijacking family time and bonding and impersonalising interpersonal relationships.

Food!!! Nowadays the food coverage on various channels and social media is enormous. Technology has definitely increased our affinity towards food.

"What are we eating?" Both looked up. "What are you making?" they asked. "Let's see where we can go and try out something new," I said quickly and sat down to google search.

= = = = = = = = = = = = = = = = = = =

{Dr Chitra Krishnakumar passionate about dance and music. Presently President of Soorya (Singapore); Dance and Music Society showcasing fine classical arts}.



Dr Chitra Krishnakumar

Passionate about dance and music, presently President of Soorya (Singapore); Dance and Music Society showcasing fine classical arts.

# ദി സ്റ്റോറി ഓഫ് ഐ.എൻ.എ ഹീറോ വക്കം ഖാദർ

സ്ക്രിപ്റ്റ്, എഡിറ്റിംഗ്, ഡയറക്ഷൻ : മുഹമ്മദ് റാഫി, താനൂർ

ചിറയിൻകീഴ് താലൂക്കിൽ വക്കം ഗ്രാമത്തിലെ അഞ്ചുതെങ്ങ് കായൽതീരത്ത് കടത്തുകാരൻ വാവ കുഞ്ഞിന്റെയും, ഉമ്മസലുമ്മയുടെയും പുത്രനായി 1917 മെയ് 26 ന് ഖാദർ ജനിച്ചു.

കലയിലും കായിക വിനോദങ്ങളിലും തൽപരനായ ഖാദർ സ്കൂളിൽ നേതാവായി വളർന്നു. 1936 ൽ ഖാദർ മെട്രികുലേഷൻ പരീക്ഷ പാസ്സായി. തുടർന്ന് ഖാദർ ഒളിഞ്ഞും തെളിഞ്ഞും രാഷ്ട്രീയ പ്രവർത്തനത്തിലേർപ്പെട്ടു. അധികാരികൾക്ക് അലോസരമുാക്കിയ ഖാദറിന് 1938 ജൂലൈ മാസത്തിൽ പിതാവ് മലയായിലേക്ക് കപ്പൽ കയറ്റി. മലയായിലെത്തിയ ഖാദർ അവിടെപൊ തുമരാമത്ത് വകുപ്പിൽ ഓവർസീയറായി ജോലിയിൽ പ്രവേശിച്ചു. ഒരിക്കലും സ്വന്തം കാര്യം മാത്രം നോക്കി ഒതുങ്ങികഴിയുന്ന പ്രകൃതമായിരുന്നില്ല ഖാദറിന്റേത്. മലയായിലെ മലയാളികൾക്കിടയിൽ സാമൂഹിക സേവന രംഗത്ത് സജീവ സാന്നിദ്ധ്യമായിരുന്നു ഖാദർ.

അപ്പോഴേക്കും രണ്ടാം ലോകമഹായുദ്ധത്തിന്റെ കരിനിഴൽ ലോകത്തെയാകെ ഗ്രസിച്ചു കഴിഞ്ഞിരുന്നു. ഇന്ത്യയിൽ ഗാന്ധിജിയുടെ നേതൃത്വത്തിൽ ബ്രിട്ടീഷ് ഗവൺമെന്റിനെതിരെ സ്വാതന്ത്ര്യ സമര പ്രസ്ഥാനങ്ങൾ അണി നിരന്നു. വീട്ടു തടങ്കലിലായിരുന്ന നേതാജി സുഭാഷ് ചന്ദ്രബോസ് കാബൂൾ വഴി ജർമിനിയിലേക്ക് രക്ഷപ്പെട്ടു. ഇതേ സമയം തന്നെ ഇന്ത്യയിൽ നിന്നും രക്ഷപ്പെട്ട റാഷ് ഭിഹാരി ബോസ് ജപ്പാനുമായി സഹകരിച്ച ഇന്ത്യൻ ഇൻഡിപെൻഡൻസ് ലീഗിൽ ഖാദർ ചേരുകയും അവരുമായി സഹകരിച്ച് രാഷ്ട്രീയ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തു.

1942 മാർച്ച് അവസാനത്തിൽ ഇൻഡിപെൻഡൻസ് ലീഗിന്റെ വിവിധ യൂണിറ്റുകളിൽ നിന്നുള്ള പ്രതിനിധികളുടെ യോഗം ടോക്യിയോവിൽ ചേർന്നു. യോഗത്തിൽ ലീഗിന് കെട്ടുറപ്പുള്ള ഒരു സൈന്യം ആവശ്യമായി വന്നതിനാൽ ഇന്ത്യൻ നാഷണൽ ആർമി (ഐ.എൻ.എ) എന്ന പേരിൽ ഒരു സൈന്യം രുപീകരിക്കാൻ തീരുമാനിച്ചു. തുടർന്ന് സിവിലിയന്മാർക്ക് സൈനിക പരിശീലനം നൽകി ഐ.എൻ.എ യിൽ ചേർക്കുന്നതിനായി ഒരു പരിശീലന കേന്ദ്രം സ്വരാജ് ഇൻസ്റ്റിറ്റ്യൂട്ട് എന്നപേരിൽ പെനാംഗിൽ ആരംഭിച്ചു.

സ്വരാജ് ഇൻസ്റ്റിറ്റ്യൂട്ടിൽ പരിശീലനം പൂർത്തിയാക്കിയ ഖാദർ ഐ.എൻ.എ യുടെ മറ്റൊരു രഹസ്യ വിംഗായ ആത്മഹത്യ സ്ക്വോഡിൽ ചേർന്നു. ചാരപ്രവർത്തനത്തിന് പ്രത്യേക പ്രാധാന്യം നൽകികൊണ്ടാണ് ആത്മഹത്യാ സ്ക്വാഡ് പ്രവർത്തിച്ചിരുന്നത്. ചാരപ്രവർത്തനം ഒരു ആധുനിക യുദ്ധ തന്ത്രമായി ഇൻസ്റ്റിറ്റ്യൂട്ട് അംഗീകരിച്ചിരുന്നു.

വിജയകരമായി പരിശീലനം പൂർത്തിയാക്കിയ ഖാദർ തന്റെ ജന്മനാടിന്റെ സ്വാതന്ത്ര്യത്തിനാ യി ഇന്ത്യയിലേക്ക് പുറപ്പെടുകയായിരുന്നു. തിരഞ്ഞെടുത്ത 20 പേരെ നാല് സംഘങ്ങളായി തിരിച്ച് ഇതിൽ രണ്ട് സംഘങ്ങൾ കരമാർഗ്ഗവും രണ്ട് സംഘങ്ങൾ ജല മാർഗ്ഗവുമാണ് ഇന്ത്യയിലെത്തേത്.

ജലമാർഗ്ഗമുള്ള ഒന്നമാത്തെ സംഘം ബോണിഫെയ്സ് പെരേരയുടെ നേതൃത്വത്തിൽ യാത്ര തിരിച്ചു. ജലമാർഗ്ഗമുള്ള രണ്ടാമത്തെ സംഘം വക്കം ഖാദർ, ഈപ്പൻ, കെ.എ ജോർജ്, മുഹമ്മദ് ഖനി എന്നിവർ അനന്ദൻനായരുടെ നേതൃത്വത്തിൽ 1942 സെപ്റ്റംബർ 18 ന് രാത്രി പത്ത്മണിക്ക് ഒരു ജാപ്പാൻ സൈനിക അന്തർവാഹിനി ഇന്ത്യയിലേക്ക് യാത്രതിരിച്ചു.

തുടർന്ന് ഇന്ത്യൻ സമുദ്രാത്ഥിർത്തിയിൽ കേരളത്തിലെ കോഴിക്കോടിനടുത്ത് പുറം കടലിൽ അന്തർവാഹിനി സംഘത്തെ ഇറക്കുന്നു. ചന്ദ്രപ്രഭയാൽ കടലിലെ ഓളങ്ങൾ നക്ഷത്രങ്ങളെ പോലെ വെട്ടിതിളങ്ങികൊിരുന്നു. അകലെ ഓളങ്ങളിൽ ചാഞ്ചാടി തമ്മിൽ മുട്ടിയും അകന്നും മുട്ടിയൊരുമ്മിയും കരയെ ലക്ഷ്യമാക്കി വന്നുകൊണ്ടിരിക്കുന്ന രണ്ട് ബിഞ്ചികൾ. ഒന്നിൽ മൂന്ന് ചെറുപ്പക്കാർ. ഐ.എൻ.എ ഹീറോ വക്കം അബ്ദുൽ ഖാദർ, അനന്ദൻനായർ, ജോർജ്. മറ്റൊന്നിൽ ഈപ്പൻ, മുഹമ്മദ് ഖനി.

ഖാദറും സംഘവും തങ്ങളെ ബിഞ്ചിയുമായി ബന്ധിച്ച ബെൽറ്റയിച്ച് മാറ്റികൊണ്ടിരിക്കെ ഒരു വലിയ തിരമാല ഇരുബിഞ്ചുകളെയും ഉന്നയുർത്തി ചുഴത്തി കരയിലേക്ക് ശക്തമായി എടുത്തെറിയുന്നു. നിലാവിൽ അരായിലെ മുളംകമ്പിൽ

കറുത്ത നിറത്തിൽ പാറികൊറിരിക്കുന്ന പച്ചകൊടി. കരക്ക് കയറിയ സംഘം കൊടിമരത്തിനുതാഴെ വിശ്രമിക്കുന്നു.

കോഴിക്കോടന്ന് ധരിച്ച് ഖാദറും സംഘവും നീന്തികയറിയത് മലബാറിലെ കടലോരഗ്രാമമായ താനൂരിലായിരുന്നു. യുദ്ധത്തോടനബന്ധിച്ച് കടൽത്തീര നിരീക്ഷണത്തിനായി ബ്രിട്ടീഷ് സർക്കാർ നിയോഗിച്ച കോസ്റ്റ്ഗാർഡിന്റെ ദൃഷ്ടിയിൽ ഖാദറും സംഘവും പെട്ടു.

സിങ്കപ്പൂർ പിടിച്ചടക്കിയ ജപ്പാൻ പട്ടാളം ഇപ്പോൾ ബർമയിലെ യുദ്ധമുഖത്താണ്. ബർമ കീയടങ്ങിയാൽ ഏത് നിമിഷവും ഇന്ത്യയിലെത്താവുന്ന ജപ്പാൻ സേനയെ കുറിച്ച് അധികാരികളും, നാട്ടുകാരും ജാഗരൂകരാണ്.

കടപ്പുറത്ത് ജാപ്പാൻകാർ വന്ന് ഇറങ്ങിയിരിക്കുന്നു. സംഭവം കാട്ടുതീ പോലെ പരന്നു. താനൂരിലെ പോലീസ് ഔട്ട് പോസ്റ്റിൽ നിന്നും വിവരങ്ങൾ അധിവേഗം പുറത്തേക്ക് പാഞ്ഞു. കേട്ടവർ കേട്ടവർ കടപ്പുറത്തേക്ക് ഒഴുകി. തങ്ങളുടെ റബ്ബർ ബോട്ട് കേടായിരിക്കുന്നു. തങ്ങൾ വിദ്യാർത്ഥികളാണെന്നും, പിക്നിക്കിനിറങ്ങിയതാണെന്നും ഖാദർ പറഞ്ഞു.

തുടർന്ന് ഖാദറിനെയും സംഘത്തെയും നാട്ടുകാർ സ്ഥലത്തെ പാണ്ടികശാലയിലേക്ക് കൊണ്ടു പോയി. ഇനി കുഴപ്പമൊന്നുമില്ല. സമാധാനമായി രക്ഷപ്പെടാം എന്ന് വിചാരിച്ചിരിക്കെ പെട്ടെന്ന് സ്ഥലത്തെത്തിയ പോലീസ് അവരെ വളഞ്ഞു. വെളുപ്പാൻ കാലത്ത്താനൂർ കടപ്പുറത്ത് നിന്നും അഞ്ച് ജാപ്പാൻകാരെ പിടികൂടിയെന്നും പതിനൊന്ന് മണിക്കുള്ള തീവിയിൽ അവരെ കോഴിക്കോട്ടേക്ക് കൊണ്ടുപോകുമെന്നുള്ള വാർത്ത താനൂരിലും പരിസരത്തും കാട്ടുതീപോലെ പരന്നു. ഖാദറിനെയും കൂട്ടുകാരെയും പോലീസ് ബന്ദവസോടെ തീവിമാർഗ്ഗം കോഴിക്കോട്ടേക്ക് കൊണ്ടുപോയി.

മലബാർ പോലീസ് സൂപ്രണ്ട് കോയയുടെ നേതൃത്വത്തിൽ ചോദ്യം ചെയ്യലാരംഭിച്ചു. കൂട്ടത്തിലുായിരുന്ന അനന്തൻ നായർ കാലുമാറി. തനിക്കറിയാവുന്ന എല്ലാകാര്യങ്ങളും അയാൾ അവർക്കെഴുതിക്കൊടുത്തു. ബ്രിട്ടീഷ് ഗവൺമെന്റിന്റെ രഹസ്യങ്ങൾ ചോർത്തികൊടുക്കാമെന്ന് ജപ്പാൻകാരോട് സമ്മതിച്ചിട്ടാണ് വന്നതെങ്കിലും തനിക്ക് ആ ലക്ഷ്യം ഉായിരുന്നില്ലെന്നും ബ്രിട്ടീഷ് ഗവൺമെന്റിനെ സഹായിക്കാനാണ് താൻ ആഗ്രഹിക്കുന്നതെന്നും അയാൾ പറഞ്ഞു.

ആത്മ ഹത്യാ സ്ഥാകോഡിനെ കുറിച്ചുള്ള മുഴുവൻ വിവരങ്ങളും അനന്തൻനായർ ഉദ്യോഗസ്ഥർക്ക് നൽകി. അനന്തൻ നായർ പറഞ്ഞ കാര്യങ്ങൾ വെച്ച് ഉദ്യോഗ്സ്ഥർ മറ്റുള്ളവരെ കണക്കറ്റ മർദ്ധനമുറകൾക്ക് വിധേയമാക്കി. ഏറ്റവും കൂടുതൽ മർദ്ധനമേൽക്കേി വന്നത് ഖാദറിനായിരുന്നു. തന്റെ കൂടെയുള്ളവരെ തനിക്കറിയില്ലെന്നും അന്തർവാഹിനിയിൽ വെച്ച് പരിചയപ്പെട്ടതാണെന്നും താൻ സിംങ്കപ്പൂർ നേവിൽ ബോസിൽ ഫോൺ അറ്റന്ററായും സിങ്കപ്പൂർ വിമാനതാവളത്തിൽ സർവ്വേയറായും ജോലി ചെയ്തിരിന്നെന്നും ഖാദർ പറഞ്ഞു. എന്നാൽ അനന്തൻ നായർ പറഞ്ഞ എല്ലാ കാര്യങ്ങളും ഖാദർ നിഷേധിച്ചു. ഒരു തീവണ്ടിയിൽ മറ്റു യാത്രക്കാരുമില്ലാത്ത പ്രത്യേക കമ്പാർട്ട്മെന്റിൽ പോലീസ് ബന്ഥവസോടെ മദിരാശിയിലേക്ക് കൊുപോയി.

ഏഷ്യയിലെ ഏറ്റവും വലിയ തടവറകളിലൊന്നായ സെൻജോർജ് കോട്ടയിലെ ഇരുട്ടറയിൽ തടവിലാക്കപ്പെട്ടു. നരകതുല്യമായ ജീവിതം. ഖാദർ തടവിൽ തള്ളിനീക്കി. അപ്രതീക്ഷിതമായി മദ്രാസ്സ് ഗവർണ്ണർ കോട്ടയിലെത്തി. തടവുകാർ ഗവർണ്ണറുടെ മുമ്പിൽ ഹാജരാക്കപ്പെട്ടു. തടവുകാരുടെ ശോചനീയാവസ്ഥയിൽ അലിവു തോന്നിയ ഗവർണ്ണർ മുഴുവൻ തടവുകാരെയും ഉടൻതന്നെ പെനിറ്റ്യൻ ഷറിയിലേക്ക് മാറ്റാൻ ഉത്തരവിട്ടു.

ഒന്നാം പ്രതി ഖാദർ തന്നെയായിരുന്നു. മാർച്ച് എട്ടാം തിയ്യതി രഹസ്യ കോടതിയിൽ വിചാരണ ആരംഭിച്ചു. എനിമി ഏജൻസ് ഓർഡിനൻസ് നമ്പർ 1 ഓഫ് 1943 യുടെ മൂന്നാം വകുപ്പനുസരിച്ച് വധശിക്ഷ വിധിച്ചു. ഐ.പി.സി 121 എ വകുപ്പനുസരിച്ച് അഞ്ചുവർഷത്തെ കഠിനതടവിനും അതിനുശേഷം തൂക്കികൊല്ലാനും.

വിധി പ്രസ്താവന കേട്ടപ്പോൾ കൂട്ടിൽ നിൽക്കുകയായിരുന്ന പ്രതികൾ ഏക സ്വരത്തിൽ മുദ്രാവാക്യംവിളിച്ചുകൊിരിന്നു. ബ്രിട്ടീഷ് സാമ്രാജ്യം തുലയട്ടെ. ബ്രിട്ടീഷ് ആധിപത്യം തകരട്ടെ. തൂക്കികൊല്ലുന്നതിനു മുമ്പായി അവസാന ആവശ്യമെന്തെന്ന് ചോദിച്ചത് മറുപടിയായി ..നാടിന് സ്വാതന്ത്ര്യം കിട്ടിയാൽ മതി.. എന്ന്. ബ്രിട്ടീഷ് സർക്കാരിനെതിരെ മാപ്പിള സമുദായത്തെ പ്രേരിപ്പിച്ചു എന്ന കുറ്റത്തിന് 1922 ഫെബ്രുവരി 20 ന് കണ്ണൂർ സെൻട്രൽ ജയിലിൽ അദ്ദേഹത്തെ തൂക്കിലേറ്റി.

# The Terror-stricken FEAR...

Neha Nair

There was silence.

I stared at the letter, heart pounding on my ribcage, full of eagerness. The letter confirmed that I was an official participant of the Annual Junior Strings Festival 2012! For many inexperienced violinists, this was their stepping stone to success: Naturally, I was thrilled about this. I emailed my music teacher about the news, and began practice for the rare opportunity I had been presented with, but would my hours of devoted practice pay off for this?

Junior Strings Festival (JSF), organised by the AUSTA, only came around to Brisbane every few years, so I was very fortunate to participate in JSF 2012. My teacher and I sat down and went through my book to select pieces I was comfortable with. We put many hours of diligence and hard work into my pieces so I could do well... well enough to win an award or some sort of accreditation. I could choose to do either one or two pieces and it would be just a matter of five minutes but little did I know that it was to be a fear-gripping few minutes of my life.

